# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 19, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--441]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 1253 മുതൽ 1446 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 1447 മുതൽ 1565 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 1566 മുതൽ 1682 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 1683 മുതൽ 1693 വരെ |

**അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ**

1253 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

1254 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ 2021-22 മുതൽ നിലവിലെ സർക്കാരിന്റെ കാലയളവുകളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(സി) ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഫണ്ട് അനുവദിച്ച ആറ് പൊതുമരാമത്ത് റോഡുകളുടെ ബി. എം. & ബി. സി. പ്രവൃത്തികൾ സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

**വണ്ടൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

1255 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ച വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) 2016 മേയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

**<u>തിരുവനന്തപുരം ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തി</u>**

1256 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ മുതൽ പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും ചെയ്ത പ്രവൃത്തികളും അതിനായി അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദ വിവരം</u>**

1257 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദ വിവരം നൽകാമോ; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി അനുബന്ധമായി ലഭ്യമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പ് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

1258 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

1259 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം വഴി ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കെട്ടിട വകുപ്പ് മുഖേന നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുകയുടെയും അവ പൂർത്തീകരിക്കാനാവശ്യമായ സമയത്തിന്റെയും വിശദവിവരം ലഭ്യമാക്കാമോ?

## കുറ്റ്യാടി ജംഗ്ഷനിലെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതിനുള്ള നടപടി

1260 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജംഗ്ഷനിലെ ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിനായി നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ വികസന പ്രവർത്തനങ്ങൾ

1261 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും പേരാമ്പ്ര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും , പൂർത്തിയായവയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ പൊതുമരാമത്ത് വർക്കുകൾ

1262 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ്, ബിൽഡിംഗ്സ്, പാലങ്ങൾ, കെ.ആർ.എഫ്.ബി. എന്നീ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ വർക്കുകളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഹരിപ്പാട് മുതലക്കുറിച്ചിക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമാണവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നിർണ്ണയിച്ചിട്ടുള്ളതെന്നും ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും അറിയിക്കാമോ;

(സി) മുതലകുറിച്ചിക്കൽ പാലത്തിന്റെ നിർമാണം പൂർത്തിയാകുന്ന പശ്ചാത്തലത്തിൽ കരുവാറ്റ തെക്കേക്കര - കാരമുട്ട് വടക്കേക്കര എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ട് ബി.എം. ബി.സി. നിലവാരത്തിൽ അപ്രോച്ച് റോഡ് നിർമിക്കുന്നതിനുള്ള അനുമതി നൽകുമോ എന്ന് അറിയിക്കുമോ;

(ഡി) ഹരിപ്പാട് മണ്ഡലത്തിൽ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി ഫണ്ട് ഉപയോഗപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ

പുരോഗതി അറിയിക്കാമോ?

**20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾ**

1263 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2015-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നുള്ള വിശദാംശം നൽകാമോ;

(സി) 20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് നൽകാമോ?

**പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം**

1264 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 20% വകയിരുത്തിയിട്ടുള്ളതും ഭരണാനുമതി ലഭിക്കാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**നേരേകടവ് - മാക്കേകടവ് പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം**

1265 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, അരൂർ നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന നേരേകടവ് - മാക്കേകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം എന്നത്തേക്ക് ഗതാഗത യോഗ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന്റെ വീതിക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നേരേകടവ് - ഉദയനാപുരം റോഡ് വീതി കൂട്ടി നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**മാവൂർ ഗ്രാമപഞ്ചായത്തിലെ മണക്കാട് ഗവ. യു.പി സ്കൂളിനോടനുബന്ധിച്ചുള്ള പൊതുമരാമത്ത് സ്ഥലം**

1266 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ മണക്കാട് ഗവൺമെന്റ് യു. പി സ്കൂളിനോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള 24 സെന്റ് പാറ ക്വാറി കുട്ടികൾക്കും പ്രദേശ നിവാസികൾക്കും ഭീക്ഷണിയായി അപകടം വരുത്താവുന്ന രീതിയിൽ

കിടക്കുകയാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥലം ഏതെങ്കിലും രീതിയിൽ ഉപയോഗപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം മണക്കാട് സ്കൂളിന് കളിസ്ഥലം നിർമ്മിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകണമെന്ന ആവശ്യം പരിഗണിക്കുന്നതിലുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ 50 സെന്റ് വരെയുള്ള സ്ഥലം വകുപ്പുതല കൈമാറ്റം ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥന്റെ നിരാക്ഷേപപത്രം സഹിതം അപേക്ഷിച്ചാൽ ജില്ലാ കളക്ടർക്ക് അധികാരം നൽകിയുള്ള സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പ്രസ്തുത സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ എൻ.ഒ.സി. നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

1267 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2021 മുതൽ പൊതുമരാമത്ത് വകുപ്പ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാം; അനുവദിച്ച തുകകൾ സഹിതം വ്യക്തമാക്കാമോ;

(ബി) മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഒറ്റപ്പാലം മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഉണ്ടോ; ഉണ്ടെങ്കിൽ അവയ്ക്ക് അനുവദിച്ച തുക സഹിതം വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ

1268 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഉന്നത ഗുണനിലവാരത്തിലും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളെ ഉൾപ്പടെ പരിഗണിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കാലാവസ്ഥയേയും വർഷപാതത്തേയും പരിഗണിക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി ടെണ്ടർ നടപടികൾ നടത്തുന്നതുമൂലം നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് കാലതാമസവും

ഗുണനിലവാരത്തിൽ ഇടിവും സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് കുടിശ്ശിക</u>**

1269 **ശ്രീ. സനീഷ്‌കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; ഏതൊക്കെ ഇനങ്ങളിലാണ് ഈ തുക നൽകാനുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കയ്പമംഗലം നിയോജകമണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ</u>**

1270 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2016 മുതൽ 2025 വരെ പൊതുമരാമത്ത് വകുപ്പ് നിർവ്വഹണ വകുപ്പായി ബജറ്റിൽ 20% തുക വകയിരുത്തി അനുവദിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമാണം പൂർത്തീകരിച്ചത്, പൂർത്തീകരിക്കാത്തത് എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) നിർമാണം പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;വിശദമാക്കാമോ ?

**<u>വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ</u>**

1271 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ;

(ബി) ദേശീയ പാത 66, 966 കണക്റ്റിവിറ്റി റോഡായ സ്പിന്നിംഗ് മിൽ -അത്താണിക്കൽ-പുളിഞ്ചോട് റോഡ്, സ്പിന്നിംഗ് മിൽ-കൈതക്കുണ്ട് റോഡ് എന്നിവയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാത വിഭാഗം നിർമ്മാണം നടത്തുന്ന ബൈലൈൻ പദ്ധതി അനുവദിക്കുന്നതിന് വകുപ്പിന് ലഭിച്ച നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) മേൽ പറഞ്ഞ റോഡിലെ രാമനാട്ടുകര-പുളിഞ്ചോട് മുതൽ ചേലേമ്പ്ര പരിധി വരെയുള്ള ഭാഗം മാത്രം ഏത് ഫണ്ട് ഉപയോഗിച്ചാണ് ബി. എം. & ബി.സി. ചെയ്ത് നവീകരിച്ചത് എന്ന് വിശദമാക്കാമോ; പ്രസ്തുത റോഡിന്റെ ബാക്കി ഭാഗം (സ്പിന്നിംഗ് മിൽ വരെ) ഇത്തരത്തിൽ നവീകരിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ഡി) ദേശീയ പാത-66 ൽ നിന്നും കാലിക്കറ്റ് എയർപോർട്ടിലേക്കുള്ള പ്രധാന പാതയായ ചേളാരി-ഒളകര റോഡിൽ കാക്കത്തടം പ്രദേശത്തെ വെള്ളക്കെട്ട് കാരണം ഉണ്ടാകുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിന് വകുപ്പിന് ലഭിച്ച് നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; പ്രശ്ന പരിഹാരത്തിനായി സാങ്കേതിക വിഭാഗം തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ശാശ്വത പരിഹാരം കാണുന്നത് പരിഗണനയിലുണ്ടോ?

## ചേലക്കര ബൈപ്പാസ് നിർമ്മാണം

1272 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന് നിർമ്മാണ ചുമതലയുള്ളതും കിഫ്ബിയിൽ നിന്ന് തുക അനുവദിച്ചതുമായ ചേലക്കര ബൈപ്പാസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയത് ഏതു വർഷമാണ്; ഈ പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; നിലവിൽ എന്തൊക്കെ നടപടിക്രമങ്ങൾ ആണ് പൂർത്തീകരിച്ചിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## റോഡ് നിർമ്മാണത്തിൽ നവീന സാങ്കേതിക വിദ്യ

1273 **ശ്രീ. എം. എം. മണി**
**ശ്രീ വി ജോയി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണങ്ങളിൽ പ്ലാസ്റ്റിക്, സ്വാഭാവിക റബർ, കയർ-ജിയോടെക്സ്റ്റയിൽസ് തുടങ്ങിയവയുടെ ഉപയോഗം എത്രത്തോളം നടപ്പാക്കിയിട്ടുണ്ട്;

(ബി) റോഡ് നിർമ്മാണങ്ങളിൽ പുതുതായി നടപ്പാക്കിയ സാങ്കേതികവിദ്യ വിവരിക്കാമോ;

(സി) കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ്, സോയിൽ സ്റ്റെബിലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) വൈറ്റ് ടോപ്പിംഗ് റോഡുകളുടെ നിർമ്മാണം സംബന്ധിച്ച പ്രയോജനങ്ങൾ വിശദമാക്കാമോ?

## ഫോർട്ട് കൊച്ചിയേയും വൈപ്പിനേയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ

1274 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനേയും ബന്ധിപ്പിക്കുന്നതിന് ഭൂഗർഭ ടണൽ അല്ലെങ്കിൽ എലിവേറ്റഡ് ഹൈവേ

നിർമ്മിക്കുന്നത് സംബന്ധിച്ച് കെ-റെയിൽ സാധ്യതാ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാധ്യതാ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കാരപ്പൊറ്റ ചൂലിപ്പാടം റോഡ് പ്രവൃത്തി

1275 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ ചൂലിപ്പാടം റോഡ് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്; എന്ന് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പി.ഡബ്ല്യു.ഡി. റോഡുകളുടെ പരിഷ്കരണം

1276 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കേരളത്തിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡ് പരിഷ്കരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര കിലോമീറ്റർ റോഡ് പരിഷ്കരിക്കാനുണ്ടെന്നും അറിയിക്കാമോ?

## തിരുവനന്തപുരം - പൊന്മുടി റോഡ് നവീകരണം

1277 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കെ.എസ്.റ്റി.പി. നിർമ്മാണ ചുമതല നിർവ്വഹിക്കുന്ന തിരുവനന്തപുരം - പൊന്മുടി റോഡ് നവീകരണ പ്രവൃത്തികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ പ്രദേശവാസികളിൽ നിന്നും ഉയർന്നുവരുന്ന പരാതികൾ പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## ശബരിമല റോഡുകളുടെ നവീകരണം

1278 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ എം മുകേഷ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിനായി ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2011-2016 കാലയളവിലും 2016-2021 കാലയളവിലുമായി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശം അറിയിക്കാമോ;

(സി) ഇത്തവണത്തെ ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

## മലയോര ഹൈവേ നിർമ്മാണ പുരോഗതി

1279 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ബി.എം.&ബി.സി. നിലവാരത്തിൽ നിലവിലെ റോഡ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിച്ച റോഡുകൾ

1280 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കിലോമീറ്റർ പൊതുമരാമത്ത് റോഡ് നവീകരിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണം

1281 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നൂറുകോടി രൂപയുടെ ഭരണാനുമതി ലഭിച്ച പതിനാറുങ്ങൽ വെന്നിയൂർ ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയുടെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി ബോർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഏത് ഓഫീസിലാണ് നിലവിലുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

## സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന് ഹംപ് നിർമ്മാണം

1282 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി ഹംപ് നിർമ്മാണം ഏർപ്പെടുത്തുന്നത് വിലക്കിയിട്ടുണ്ടോ; എങ്കിൽ സ്പീഡ് നിയന്ത്രിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്ഥിരമായി അപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വേഗത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പുതുപ്പള്ളിയിലെ പൊതുമരാമത്ത് റോഡുകൾ

1283 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടുപയോഗപ്പെടുത്തി നിലവിൽ നിർമ്മാണ, അറ്റകുറ്റപ്പണികൾ നടന്നുവരുന്ന റോഡുകളുടെ വിശദാംശങ്ങളും പ്രവർത്തന പുരോഗതിയും അറിയിക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് മുഖേന ഫണ്ട് ആവശ്യപ്പെട്ടിട്ടും പ്രവൃത്തികൾക്കായി ഫണ്ടനുവദിക്കാത്തതും അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമായതുമായ എതൊക്കെ റോഡുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ 5 വർഷമായി സംസ്ഥാന ബജറ്റിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തി നടത്തിയതും നടന്നുവരുന്നതുമായ റോഡുകളുടെ വിശദവിവരങ്ങൾ നൽകാമോ; പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

## റോഡ് വികസനവും സ്വീകരിച്ച നടപടികളും

1284 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ വേട്ടുതറ റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ എഴക്കാട്- വേലിക്കാട് റോഡ് നവീകരണം

1285 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 2.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ എഴക്കാട്-വേലിക്കാട് റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ടെണ്ടർ നടപടി പൂർത്തിയാക്കി കരാറുകാരനെ തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## രാമനാട്ടുകര- കുളത്തൂർ ജംങ്ഷൻ വരെ നാലുവരി പാതയാക്കാൻ നടപടി

1286 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 966 കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംങ്ഷൻ വരെ നാലുവരിപാതയാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി സർക്കാർ മുമ്പ് നടപടി സ്വീകരിച്ചിരുന്നുവോ; എങ്കിൽ ആരാണ് ഡി.പി.ആർ. തയ്യാറാക്കിയതെന്നും ഇതിന്റെ മതിപ്പ് ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡി.പി.ആർ. ൽ തുടർനടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡിലെ ഗതാഗത കുരുക്ക് കണക്കിലെടുത്ത് രാമനാട്ടുകര മുതൽ കുളത്തൂർ ജംങ്ഷൻ വരെ നാലുവരി പാതയാക്കുന്നത് ജില്ലാ ആസ്ഥാനമായ മലപ്പുറം വരെ നീട്ടുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ?

## പനാത്ത്താഴം - സരോവരം റോഡു നിർമ്മാണം

1287 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെട്ട പനാത്ത്താഴം - സരോവരം റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നേതാജി നഗർ ജംഗ്ഷനിൽ നാഷണൽ ഹൈവേയുമായി പ്രസ്തുത റോഡ് കൂടിച്ചേരുന്ന ഭാഗത്ത് ഗതാഗത തടസ്സം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് നേതാജിനഗർ ജംഗ്ഷനിൽ സി. ഡബ്ല്യൂ. ആർ. ഡി. എം. - പനാത്ത്താഴം റോഡിൽ മേൽപ്പാലം നിർമ്മിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരളത്തിലെ സർവ്വീസ് റോഡുകൾ

1288 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാഷണൽ ഹൈവേയുടെ പ്രവൃത്തി പുരോഗമിച്ച് വരുന്നുവെങ്കിലും സർവ്വീസ് റോഡുകൾ പലതും കാര്യക്ഷമമല്ലാത്തതിനാൽ വലിയ തോതിൽ അപകടമുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈവേ പ്രവൃത്തിയോടൊപ്പം തന്നെ സർവ്വീസ് റോഡുകൾ കൂടി കാര്യക്ഷമമാക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രാപുരം - കോഴിപ്പാറ റോഡ് നവീകരണം

1289 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ ചന്ദ്രാപുരം - കോഴിപ്പാറ റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം

1290 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നിരന്തരമായി ഇടപെടലുകൾ നടത്തിയിട്ടും 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലഭ്യമായ വീതിയിൽ നിലവിലെ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ്

1291 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ടി റോഡിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടി വിശദമാക്കാമോ;

(സി) ഭൂമി എറ്റെടുക്കുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

## ഒടുമ്പ്ര-തിരുവണ്ണൂർ റോഡിന്റെ വീതി കുറവ്

1292 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് (സൗത്ത്) മണ്ഡലത്തിലെ ഒടുമ്പ്ര-തിരുവണ്ണൂർ റോഡിന്റെ വീതി കുറവ് വലിയ ഗതാഗത തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ വീതി വർദ്ധിപ്പിച്ച് ഗതാഗതം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## ദേശീയപാത നിർമ്മാണം

1293 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേശീയപാത നിർമ്മാണത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള വർക്കുകളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ദേശീയപാത നിർമ്മാണത്തിനുള്ള കരാറുകൾ ഏറ്റെടുത്ത് വീണ്ടും ഉപകരാറുകൾ നൽകി അഴിമതി നടത്തുന്ന സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ കരാറുകാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ</u>**

1294 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര കിലോമീറ്റർ റോഡാണ് ഇതുവരെ നവീകരിക്കപ്പെട്ടത്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ പാലങ്ങളുടെ നിർമ്മാണത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര പാലങ്ങളാണ് നിർമ്മിച്ചത്; വിശദാംശങ്ങൾ നൽകാമോ?

**<u>മലമ്പുഴ മേനോൻപാറ - ചുള്ളിമട റോഡ് നവീകരണം</u>**

1295 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ മേനോൻപാറ - ചുള്ളിമട റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>വർക്കല ബൈപാസ് നിർമ്മാണം</u>**

1296 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ബൈപാസ് നിർമ്മാണത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകാമോ?

**<u>മണ്ണാർക്കാട്- ചിന്ന തടാകം റോഡ് നിർമ്മാണ പ്രവൃത്തി</u>**

1297 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ആദിവാസി കുടിയേറ്റ മേഖലയായ അട്ടപ്പാടിയിലേക്കുള്ള അന്തർ സംസ്ഥാന പാതയായ മണ്ണാർക്കാട് ചിന്നത്തടാകം റോഡിന്റെ മൂന്ന് ഘട്ടങ്ങളുടെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പാതയുടെ ഒന്നാം ഘട്ടമായ നെല്ലിപ്പുഴ മുതൽ ആനമൂളി വരെയുള്ള നിർമ്മാണ പ്രവൃത്തികൾ കരാറുകാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ മൂലം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(സി) മണ്ണാർക്കാട് ചിന്നത്തടാകം റോഡിന്റെ രണ്ട്, മൂന്ന് ഘട്ട നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>തിരൂർക്കാട് ആനക്കയം, കുളത്തൂർ-മലപ്പുറം റോഡുകളുടെ നവീകരണം</u>

1298 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട് ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ദീർഘകാലമായി ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും ഒടുവിൽ ഈ റോഡുകൾ ബി.എം.& ബി.സി. ചെയ്തത് എന്നാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ശോചനീയാവസ്ഥയിലുള്ള പൊതുമരാമത്ത് റോഡുകൾ നവീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെയായിട്ടും ഈ റോഡുകൾ നവീകരിക്കുന്നതിന് തുക വകയിരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) ഈ റോഡുകൾ നവീകരിക്കുന്നതിന് എത്ര തുക വീതമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പ്രസ്തുത എസ്റ്റിമേറ്റുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുമോ;

(ഡി) തിരൂർക്കാട് ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ അടിയന്തരമായി തുക അനുവദിച്ച് ബി.എം.& ബി.സി. ചെയ്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## <u>ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി - അരിവിളഞ്ഞപൊയിൽ - ജോസ്ഗിരി റോഡ്</u>

1299 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 -25 ലെ ബജറ്റിൽ 20% തുക വകയിരുത്തിയ ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി - അരിവിളഞ്ഞപൊയിൽ - ജോസ്ഗിരി റോഡിന്റെ നിർമ്മാണത്തിന് നാളിതുവരെയായി ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡിന് ഭരണാനുമതി എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

## സംസ്ഥാന റോഡ് വികസനം

1300 **ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഗതാഗതം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രധാന റോഡുകളും ഉന്നത ഗുണനിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രധാന റോഡുകളുടെയും സംസ്ഥാനപാതകളുടെയും നിർമ്മാണം ബി.എം & ബി.സി. നിലവാരത്തിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) കേരളത്തിലെ പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നുപോകുന്ന എം.സി. റോഡിന്റെ ഗതാഗതക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട നാലുവരിപ്പാത വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ പൊതുമരാമത്തു വകുപ്പ് റോഡുകളുടെ പുനരുദ്ധാരണം

1301 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള നെടുങ്ങോലം എം.എൽ.എ. ജംഗ്ഷൻ - പൂതക്കുളം പഞ്ചായത്ത് ഓഫീസ്, നെടുങ്ങോലം പുന്നമുക്ക് - അമ്മാരത്ത്മുക്ക്, മീനാട് പാലമുക്ക് - കാപ്പക്സ് ജംഗ്ഷൻ എന്നീ റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കുവാനുള്ളതെന്നും റോഡുകളുടെ പുനരുദ്ധാരണം എന്നത്തേക്ക് സാധ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

## നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണവും ഭൂവുടമകൾക്ക് നഷ്ടപരിഹാരവും

1302 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 35 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ച നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രവൃത്തി ഉടനെ ടെൻഡർ ചെയ്യുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ;

(സി) നിലമ്പൂർ ബൈപ്പാസിന്റെ രണ്ടാം ഘട്ടത്തിനായി സ്ഥലം വിട്ടുനൽകിയ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ബൈപ്പാസിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ്

1303 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് മാറ്റാൻ ദേശീയപാത അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിർദ്ദേശം ഉണ്ടായതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദേശീയപാത അതോറിറ്റിയുടെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് രേഖകൾ കൈമാറി നഷ്ടപരിഹാരത്തിനായി കാത്തിരിക്കുന്ന ഭൂവുടമകളെ ഈ തീരുമാനം ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ രണ്ടു വർഷമായി ഭൂമിയിൽ യാതൊരു ക്രയവിക്രയവും നടത്തുവാൻ കഴിയാതെ പ്രതിസന്ധിയിൽ ആയിട്ടുള്ള ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകാമോ ;

(സി) അലൈൻമെന്റ് മാറി ഭൂമി ഏറ്റെടുക്കാത്ത സാഹചര്യം ഉണ്ടായാൽ മേൽപ്പറഞ്ഞ ഭൂവുടമകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം

1304 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും പ്രവൃത്തിയ്ക്ക് കിഫ്ബിയുടെ ധനാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്നും പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## ആലുവ – മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം

1305 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ – മൂന്നാർ രാജപാതയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) രാജപാതയുടെ പുനർനിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഗുരുവായൂർ - ആൽത്തറ - പൊന്നാനി റോഡ് നവീകരണം

1306 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ, സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ ഗുരുവായൂർ - ആൽത്തറ - പൊന്നാനി റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ, അവസാനമായി ഏത് വർഷത്തിലാണ് ബി.എം.ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) പ്രവൃത്തി നിർവ്വഹിച്ചതെന്ന് വിശദമാക്കാമോ;

(സി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രസ്തുത റോഡ് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; വിശദമാക്കാമോ?

## കക്കട്ട്–പെരിങ്ങത്തൂർ റോഡ് നവീകരണം

1307 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ എസ്.എച്ച് .38 കക്കട്ട് –പെരിങ്ങത്തൂർ സ്റ്റേറ്റ് ഹൈവേ റോഡ് പൊട്ടി പൊളിഞ്ഞ് യാത്രായോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാദാപുരം മണ്ഡലത്തിലെ എസ്.എച്ച്.38 കക്കട്ട് –നാദാപുരം, നാദാപുരം –തൂണേരി, തൂണേരി –പെരിങ്ങത്തൂർ സ്റ്റേറ്റ് ഹൈവേ റോഡിന്റെ മൂന്ന് റീച്ചുകളിലെ ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിൽ ഉള്ള കെ.ആർ.എഫ്.ബി. പദ്ധതികളുടെ വിവരങ്ങൾ

1308 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ഉള്ള കെ.ആർ.എഫ്.ബി. പദ്ധതികളുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതി

1309 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി ബൈപ്പാസിലെ നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതിയുടെ വിവരം കെ.ആർ.എഫ്.ബി.യിൽ നിന്നും ലഭ്യമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ ഡി.പി.ആർ.ന്റെ സംഗ്രഹ വിവരങ്ങൾ ലഭ്യമാക്കുമോ?

## ചേലക്കര നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി സെക്ഷനു കീഴിലുള്ള പ്രവൃത്തികൾ

1310 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. തൃശ്ശൂർ ഡിവിഷൻ-വടക്കാഞ്ചേരി സബ് ഡിവിഷൻ-വടക്കാഞ്ചേരി സെക്ഷന് കീഴിൽ ഭരണാനുമതി ലഭിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡ് പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയുടെ നിർമ്മാണ പുരോഗതി ഓരോന്നും പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കുന്നതിന് നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയുടെ നടപടിക്രമങ്ങളുടെ പുരോഗതി എന്താണെന്ന് പ്രത്യേകം വ്യക്തമാക്കാമോ?

## സംസ്ഥാനത്തു എൻ എച് 66 ന്റെ നിർമ്മാണ കരാർ

1311 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ എച്ച് 66 ന്റെ നിർമ്മാണ കരാർ ഏതൊക്കെ കമ്പനികൾക്ക്, എത്ര രൂപയ്ക്കാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ടെൻഡർ വഴിയാണോ കരാർ നൽകിയത് എന്നും ഓരോ റീച്ചിന്റെയും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും കരാർ പ്രകാരം ഓരോ റീച്ചും എന്നാണ് പൂർത്തിയാക്കേണ്ടത് എന്നും വ്യക്തമാക്കാമോ?

## റോഡുകളിലെ കുഴികൾ

1312 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം പിണറായി സർക്കാരിന്റെ കാലാവധി മുതൽ നാളിതുവരെ റോഡുകളിലെ കുഴികളിൽ വീണ് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒന്നാം പിണറായി സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ വിവിധ റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനും

അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

## ഒ. പി. ബി. ആർ. സി. സ്കീം

1313 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ. പി. ബി. ആർ. സി. (ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ്-ബെയ്സ്ഡ് റോഡ് കോൺട്രാക്ട്) സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കളറോഡ് - വളവുപാറ റോഡിന്റെ പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; തടസ്സങ്ങൾ നീക്കി റോഡ് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നിർമ്മാണം

1314 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാവ് ജംഗ്ഷന് സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി ഒരു കോടി എൺപത് ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) 2014-15 വർഷത്തെ എം.എൽ.എ.- എ. ഡി. എസ്. ഫണ്ടിൽ നിന്നും ഒരു കോടി മുപ്പതു ലക്ഷം രൂപയ്ക്ക് പുറമേയുള്ള അൻപത് ലക്ഷം രൂപ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനുമായി എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ പുരോഗതി

1315 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷത്തിന് മുൻപ് അനുവദിച്ചതും നാളിതുവരെ പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്നതും നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## തൂക്കുപാലം-പ്രകാശ്ഗ്രാം-കൂട്ടാർ-ശാസ്താനട-കട്ടപ്പന റോഡിന്റെ നിർമ്മാണം

1316 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ സംസ്ഥാന ബജറ്റിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ നിർദേശിച്ചിരുന്ന തൂക്കുപാലം-പ്രകാശ്ഗ്രാം-കൂട്ടാർ-ശാസ്താനട-കട്ടപ്പന റോഡിന് ഭരണാനുമതി ലഭിക്കുവാൻ വൈകുന്നതിന് ഇടയാക്കുന്ന സാഹചര്യം വിശദീകരിക്കാമോ;

(ബി) ഉടുമ്പൻചോല, പീരുമേട്, ഇടുക്കി മണ്ഡലങ്ങളിലെ നിവാസികൾക്കും ശബരിമലയ്ക്ക് പോകുന്ന അയ്യപ്പഭക്തർക്കും ഏറെ പ്രയോജനം ലഭിക്കുന്ന ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>കുറ്റ്യാടി നിയോജക മണ്ഡലത്തിലെ റോഡുകൾ</u>

1317 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.ബിസി, എം.എസ്.എസ്. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ടെന്ന് റോഡിന്റെ പേര്, നവീകരിച്ച ഭാഗത്തിന്റെ നീളം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ; ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.ബിസി/ എം.എസ്.എസ് നിലവാരത്തിലേക്ക് ഉയരാൻ ബാക്കിയുണ്ട് എന്നും റോഡിന്റെ പേര്, നീളം എന്നിവ സഹിതം അറിയിക്കാമോ; നിലവിൽ മണ്ഡലത്തിലെ എത്ര റോഡുകൾ നവീകരിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുണ്ടെന്നും, ഈ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ;

(ബി) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ബി സി ഓവർ ലേ നടത്തിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ, റോഡിന്റെ നീളം, അടങ്കൽ തുക എന്നിവ സഹിതം വിശദമാക്കുമോ?

## <u>തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡ് നവീകരണ പ്രവൃത്തി</u>

1318 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡ് വർഷങ്ങളായി തകർന്ന് കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡിലെ പൂവത്തൂർ ഭാഗത്തുള്ള കാനയിൽ ഒഴുക്കിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ അത് മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നവീകരിക്കുന്ന പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>നെന്മാറ-ഒലിപ്പാറ റോഡുപണി</u>

1319 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ-ഒലിപ്പാറ റോഡിന്റെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത റോഡുപണി സമയബന്ധിതമായി നടക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## <u>കാസർകോട് മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ</u>

1320 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര പൊതുമരാമത്ത് റോഡുകൾ ഉണ്ടെന്ന് പേരുസഹിതം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകൾ നിർമ്മിച്ച വർഷവും നിർമ്മാണത്തിന് ചെലവഴിച്ച തുകയും നാളിതുവരെ അറ്റകുറ്റപ്പണികൾക്ക് വിനിയോഗിച്ച തുകയും റോഡും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(സി) കാസർകോട് മണ്ഡലത്തിൽ സുഗമമായി യാത്ര ചെയ്യാൻ കഴിയുന്ന എത്ര പൊതുമരാമത്ത് റോഡുകൾ ഉണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് പേര് വിവരം സഹിതം വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ഭാഗങ്ങളിൽ ഏതു തരത്തിലുള്ള കുഴികളും തകർച്ചകളുമാണ് ഉണ്ടായിട്ടുള്ളതെന്നും ഇതു നന്നാക്കാൻ എത്ര തുകയും സമയവും വേണ്ടി വരുമെന്നും റോഡ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ജനങ്ങൾക്ക് ജനപ്രതിനിധികളോടുള്ള അമർഷവും പ്രതിഷേധവും ഒഴിവാക്കുന്നതിന് റോഡുകളുടെ തകർച്ചയ്ക്കുള്ള കാരണവും റോഡുകൾ വീണ്ടും പഴയതുപോലെ ഗതാഗതയോഗ്യമാക്കുന്നതിനെ കുറിച്ചുള്ള വ്യക്തതയും ജനങ്ങളെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>ചുണ്ടുപലക - നെയ്യാർഡാം റോഡ് നവീകരണം</u>

1321 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂണ്ടുപലക - നെയ്യാർഡാം റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്) നിർവ്വഹണ ചുമതല വഹിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഇതിന്റെ ഡി.പി.ആർ (ഡീറ്റെയിൽഡ് പ്രോജെക്ട് റിപ്പോർട്ട്) തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

**ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ**

1322 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രവൃത്തി നടന്ന പൊതുമരാമത്ത് റോഡുകളിലെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) അവണൂർ-മുണ്ടൂർ ബി.എം. & ബി.സി. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പാറശാല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകൾ**

1323 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ വിവരങ്ങൾ (അവയുടെ നീളം, നിലവിലെ അവസ്ഥ, ഉൾപ്പെടെയുള്ള വിവരങ്ങൾ) സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2025 വരെ പാറശാല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ സെക്ഷനുകൾക്ക് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ വിശദാംശം, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ?

**ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം**

1324 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂരിയാട് ഉൾപ്പെടെയുള്ള ദേശീയപാത, നിർമ്മാണ ഘട്ടത്തിൽ തകർന്നുവീണത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയപാതയ്ക്ക് വേണ്ടി കെട്ടി ഉയർത്തിയ മൺതിട്ടകളുടെ നിർമാണത്തിൽ ഗുരുതരമായ പിഴവുകൾ ഉണ്ടെന്നും മൺതിട്ടകളുടെ ശേഷി ഉറപ്പാക്കുന്നതിനായി പുൾ ഔട്ട് ടെസ്റ്റ് നടത്തിയിട്ടില്ല എന്നും ദേശീയപാത അതോറിറ്റി നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ദേശീയപാത നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കോതമംഗലം പ്ലാമുടി - ഊരംകുഴി റോഡിന്റെ നിർമ്മാണം

1325 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പാക്കാൻ തീരുമാനിച്ച കോതമംഗലം മണ്ഡലത്തിലെ പ്ലാമുടി - ഊരംകുഴി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വർഷങ്ങൾ കഴിഞ്ഞിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തടസ്സങ്ങൾ നീക്കി റോഡിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മാമംഗലം പൊറ്റക്കുഴി റോഡ്

1326 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിൽപ്പെട്ട മാമംഗലം പൊറ്റക്കുഴി റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ രണ്ടു വശങ്ങളിലേയും ഭൂമി ഫ്രീസ് ചെയ്തു ഇട്ടിരിക്കുന്നതു മൂലം ഉടമസ്ഥർക്ക് ഭൂമി വിൽക്കുവാനോ തങ്ങളുടെ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാനോ സാധിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനൊരു ശാശ്വത പരിഹാരത്തിനായി ഈ റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലം എടുത്ത് റോഡിന് വീതി കൂട്ടുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

## നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം

1327 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ നെല്ലിയാമ്പതി റോഡ് വികസന പദ്ധതി സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കൂത്തുപറമ്പ് റിംഗ് റോഡ് നിർമ്മാണം

1328 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കൂത്തുപറമ്പ് റിംഗ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലുള്ള തടസ്സങ്ങൾ, ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## അങ്കമാലി ബൈപ്പാസിന്റെയും, കുണ്ടന്നൂർ ബൈപ്പാസിന്റെയും നിലവിലെ അവസ്ഥ

1329 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അങ്കമാലി ബൈപ്പാസിന്റെയും, അങ്കമാലി-കരയാമ്പറമ്പ് നിന്നും ആരംഭിക്കുന്ന കുണ്ടന്നൂർ ബൈപ്പാസിന്റെയും നിലവിലെ അവസ്ഥ വിശദമാക്കാമോ; ടി പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) കുണ്ടന്നൂർ ബൈപ്പാസ് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കാത്തതിന്റെ കാരണം വിശദമാക്കാമോ; കുണ്ടന്നൂർ ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ

1330 **ശ്രീ വി ജോയി**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിവരുന്ന നവീന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റോഡുകളുടെ നിർമ്മാണത്തിന് റിക്ലെയിംഡ് അസാൾട്ട് പേവ്മെന്റ് സാങ്കേതികവിദ്യ പരീക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡുകൾക്ക് എന്തുമാറ്റമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ ഫലമായി റോഡുകളുടെ ഗുണനിലവാരം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## മലയോരഹൈവേയുടെ നിർമ്മാണം

1331 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ച മലയോരഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയുടെ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

## കേശവദാസപുരം - അങ്കമാലി എം.സി. റോഡ് 4 വരിപ്പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ

1332 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവദാസപുരം - അങ്കമാലി എം.സി. റോഡ് 4 വരിപ്പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പാതയ്ക്കായി പുതിയതായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പാത 4 വരിയാക്കുന്നതിനായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## കൊടുവായൂർ ബൈപ്പാസ്സ് റോഡിന്റെ പ്രവൃത്തികൾ

1333 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവായൂർ ബൈപാസ്സ് റോഡിന്റെ പ്രവൃത്തികൾ തുടങ്ങുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ബൈപാസ്സ് റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

## മംഗലം - ഗോവിന്ദാപുരം റോഡിന്റെ പ്രവൃത്തികൾ

1334 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല പാക്കേജിൽ ഉൾപ്പെടുത്തിയ മംഗലം-ഗോവിന്ദാപുരം റോഡിന്റെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി തുടങ്ങാൻ നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

## കാഞ്ഞിരപ്പള്ളി റ്റി. ബി.

1335 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി റ്റി. ബി. (ട്രാവലേഴ്സ് ബംഗ്ലാവ്)യുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച ഫയലിന്റെ പുരോഗതി അറിയിക്കാമോ; ഭരണാനുമതിക്കുള്ള നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## മണന്നൂർ സി.എച്ച്.സി. മന്ദിര നിർമ്മാണം

1336 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ മണന്നൂർ സി.എച്ച്.സി. മന്ദിര നിർമ്മാണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## കൂത്തുപറമ്പ് ജന്റർ കോംപ്ലക്സ് നിർമ്മാണം

1337 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് ജന്റർ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ.;

(ബി) പ്രസ്തുത നിർമ്മാണത്തിന് നിലവിലുള്ള തടസ്സങ്ങൾ, ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണം മതിയായ സൗകര്യത്തോടെ പൂർത്തിയാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ

1338 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവൃത്തികൾ ഏതൊക്കെയാണെന്നും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ?

## ജി.എൽ.പി.എസ്. പൊറ്റശേരി ഈസ്റ്റ് കെട്ടിടനിർമ്മാണം

1339 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ജി.എൽ.പി.എസ്. പൊറ്റശേരി ഈസ്റ്റ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## പാലക്കാട് എജ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണം

1340 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എജ്യൂക്കേഷൻ കോംപ്ലക്സിന്റെ നിർമ്മാണത്തിന് 2.5 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും 2021-ലെ ഡി. എസ്. ഒ. ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) പ്രകാരം പ്രവൃത്തിക്ക് 7.37 കോടി രൂപ ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇത് പ്രകാരം വകുപ്പ് ഭരണാനുമതി തുക വർദ്ധിപ്പിക്കുന്നതിനായി പുതിയ പ്രൊപോസൽ സർക്കാരിന് സമർപ്പിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇക്കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ സമുച്ചയത്തിനായി മുമ്പ് ഉണ്ടായിരുന്ന ഡി. ഇ. ഒ. ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയ ശേഷം ആയതിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## കരിന്തളം ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

1341 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെങ്കിലും ഒന്നിന്റെ സാങ്കേതിക അനുമതി വൈകിയതിന്റെ പേരിൽ ഭരണാനുമതി കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം

1342 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോയെന്നും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി എത്രയും വേഗം ടെണ്ടർ ചെയ്യുന്നതിന് അടിയന്തര നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വെള്ളിയാഴ്ചക്കാവ് പാലം നിർമ്മാണം

1343 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ 'വെള്ളിയാഴ്ചക്കാവ് പാലം നിർമ്മാണം' എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; സ്വീകരിച്ച നടപടി വിശദമാക്കുമോ?

## പാലങ്ങൾ

1344 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ നിർമ്മാണത്തിൽ ഇരിക്കുന്ന എത്ര പാലങ്ങൾ തകർന്നു വീണിട്ടുണ്ടെന്നും എത്ര റോഡുകൾ തകർന്നിട്ടുണ്ടെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തനം നിർവഹിച്ച ഏജൻസി ഏതാണെന്നും നിർമ്മാണ പ്രവൃത്തിക്കായി എത്ര തുക ചെലവഴിച്ച് എന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പാലങ്ങളുടെ നിർമ്മാണം

1345 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിയ്ക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## പൊതുമരാമത്ത് പാലങ്ങളുടെ പൂർത്തീകരണം

1346 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) മണലൂർ മണ്ഡലത്തിൽ നിലവിൽ പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്നതും പരിഗണനയിലുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; അമല-പാവറട്ടി റോഡിൽ സ്ഥിതി ചെയ്യുന്ന കടാന്തോട് പാലം നിലവിൽ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ പല തവണ ടോക്കൺ തുക വകയിരുത്തിയിട്ടുള്ള പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ്, ഡി. പി. ആർ. (ഡീറ്റെയിൽഡ് പ്രോജെക്റ്റ് റിപ്പോർട്ട്) എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അംഗീകാരത്തിനായി സമർപ്പിച്ച പ്രസ്തുത എസ്റ്റിമേറ്റ്, ഡി. പി. ആർ. എന്നിവ ഡിഫർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മണലൂർ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ; പ്രസ്തുത പാലത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് അടിയന്തരമായി പ്രസ്തുത പാലം പുതുക്കി പണിയാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>നാദാപുരം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം</u>

1347 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയ അരൂണ്ട –ഒറ്റത്താണി പാലം, ചോയിതോട് പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മരുതോങ്കര ഗ്രാമ പഞ്ചായത്തിലെ മുണ്ടാക്കുറ്റി പാലത്തിന് ഭരണാനുമതി ലഭിച്ച് ഏറെ മാസങ്ങളായിട്ടും സാങ്കേതിക അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

## <u>വല്ലടിച്ചിറ പാലം പുനഃനിർമ്മാണം</u>

1348 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിൽ കാവുംപുറം – ആതവനാട് റോഡിൽ വല്ലടിച്ചിറ തോടിന് കുറുകേയുള്ള പാലം അപകടാവസ്ഥയിൽ ആണെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ദിനംപ്രതി നൂറുകണക്കിനു വാഹനങ്ങൾ കടന്നു പോകുന്ന പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പാലം ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടി ആവശ്യപ്പെട്ട് ശ്രീ. സദാനന്ദൻ കോട്ടീരി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>പുതിയറ മേൽപ്പാലം</u>

1349 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഡി. പി. ആർ. പൂർത്തിയായ പുതിയറ മേൽപ്പാലത്തിന് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നിർമ്മാണത്തിലിരിക്കെ തകർന്ന പാലങ്ങൾ

1350 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിന്റെ എത്ര പാലങ്ങളാണ് നിർമ്മാണത്തിലിരിക്കെ തകർന്നിട്ടുള്ളതെന്നും ആയതിനെതിരെ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

## കൊങ്ങാഴി-കുത്താമ്പുള്ളി പാലം നിർമ്മാണം

1351 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നും തുക അനുവദിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് നിർമ്മാണച്ചുമതല നൽകിയ കൊങ്ങാഴി-കുത്താമ്പുള്ളി പാലം പണിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; ഇനി എന്തൊക്കെ പണികളാണ് അവിടെ പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി എപ്പോഴാണ് പാലം ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

## ചെറുവട്ടൂർ-അടിവാട്ട് പാലം നിർമ്മാണം

1352 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചെറുവട്ടൂർ-അടിവാട്ട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇടുങ്ങിയതും തകർച്ചയിലായതുമായ പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണം

1353 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2024-25 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കാവാലിപ്പുഴ തൂക്കുപാലം നിർമ്മാണത്തിനായുള്ള ഡി.പി.ആർ. (ഡീറ്റയിൽഡ് പ്രോജെക്റ്റ് റിപ്പോർട്ട്) തയ്യാറാക്കൽ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കാവാലിപ്പുഴ തൂക്കുപാലത്തിനായി മുമ്പ് നിർദ്ദേശിച്ചിരുന്ന സ്റ്റീൽ ബ്രിഡ്ജിനു പകരം കോൺക്രീറ്റ് പാലം പരിഗണിക്കുന്നതിനു വേണ്ടി ഡിസൈൻ വിഭാഗം നടത്തിയ പരിശോധനയുടെ നിലവിലെ പുരോഗതിയെക്കുറിച്ച് അറിയിക്കാമോ;

(സി) 05/12/2024-ന് ബഹു. എം.എൽ.എ സമർപ്പിച്ച കത്തിലെ നിർദേശപ്രകാരം കോൺക്രീറ്റ് പാലം ഉൾപ്പെടുത്തി തയ്യാറാക്കുന്ന പുതിയ ഡിസൈൻ റിപ്പോർട്ട്

സമർപ്പിക്കുന്നതിനുള്ള പ്രതീക്ഷിക്കുന്ന സമയപരിധി വിശദീകരിക്കാമോ?

**<u>പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണം</u>**

1354 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിലെ പൂക്കൈതക്കടവ് പാലത്തിന്റെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ സഹായത്തോടെ ആരംഭിക്കുന്ന ഈശ്വരമംഗലം ശ്മശാനം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**<u>ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലം</u>**

1355 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലം ദീപാലംകൃതമാക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണം</u>**

1356 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഓരോടം പാലം-വെലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലത്തെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ബൈപ്പാസ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>പാലങ്ങൾ പുനർനിർമ്മിക്കുന്ന നടപടി</u>**

1357 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് പഞ്ചായത്തിലെ കല്ലുവരമ്പ് പാലം, മാറനല്ലൂർ പഞ്ചായത്തിലെ അണപ്പട്ട് പാലം, വിളവൂർക്കൽ പഞ്ചായത്തിലെ കല്ലുപാലം എന്നിവ ശോചനീയ അവസ്ഥയിലാണ് എന്നതിനാൽ അവ പുനർനിർമ്മിക്കുക എന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>മാവേലിക്കരയിൽ നിർമാണം പുരോഗമിക്കുന്ന പാലത്തിന്റെ ഒരു ഗർഡർ തകർന്ന സംഭവം</u>**

1358 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ നിർമാണത്തിലുള്ള പാലത്തിന്റെ ഒരു ഗർഡർ കോൺക്രീറ്റ് ചെയ്യുന്നതിനിടെ തകർന്ന് വീണതിനെ തുടർന്ന് അച്ചൻകോവിലാറ്റിൽ രണ്ടു തൊഴിലാളികൾ മുങ്ങി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## പി. വി. ഐ. പി. കനാലിന് കുറുകെയുള്ള പാലം നിർമ്മാണം

1359 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. വി. ഐ. പി. (പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട്) കനാലിന് കുറുകെ പിറവം മണ്ഡലത്തിൽ എത്ര പാലങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ നിർമ്മിച്ച വർഷവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഇതിൽ കാലപ്പഴക്കത്താൽ ജീർണാവസ്ഥയിലുള്ള എത്ര പാലങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. വി. ഐ. പി. കനാലിന് കുറുകെയുള്ള ജീർണാവസ്ഥയിലുള്ള എത്ര പാലങ്ങൾ പുനർനിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) രായമംഗലം സെൻറ് ജോർജ് സൺഡേ സ്കൂളിന്റെ മുൻഭാഗത്ത് പാലം നിർമ്മിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ഇ) പുതിയ എത്ര പാലങ്ങൾ നിർമ്മിക്കാനും നിലവിലുള്ളവയെ പുതുക്കിപ്പണിയാനും ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## ഒരാടം പാലം - മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണം

1360 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഒരാടം പാലം - മാനത്തുമംഗലം ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിംഗ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവസ്റ്റിഗേഷൻ

റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; അടിയന്തരമായി വിശദാംശങ്ങൾ ലഭ്യമാക്കി പ്രവൃത്തി ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിൽ നിർമ്മിക്കുന്ന റെയിൽവേ മേൽപാലങ്ങളുടെ പ്രവൃത്തികൾ

1361 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന റെയിൽവേ മേൽപാലങ്ങളുടെ പ്രവൃത്തികൾ നിലവിൽ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന തകർന്നുകിടക്കുന്നതും ഗതാഗതയോഗ്യമല്ലാത്തതും അറ്റകുറ്റ പണി ആവശ്യമുള്ളതുമായ റോഡുകളുടെ വിശദ വരുന്നവി വരുന്നവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റോഡുകൾ നന്നാക്കുന്നതിന് പി.ഡബ് വരുന്നല്യു.ഡി. സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത റോഡുകൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## കടവുപുഴ പാലം നിർമ്മാണം

1362 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിൽ പ്രളയത്തിൽ പൂർണ്ണമായി തകർന്നുപോയ കടവുപുഴ പാലം നിർമ്മാണത്തിന്റെ നിജസ്ഥിതി, പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നിവ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) പ്രസ്തുത പാലം തകർന്നതുമൂലം വർഷങ്ങളായി രോഗികൾ ഉൾപ്പെടെയുള്ള ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നിർമ്മാണത്തിൽ ഇരിക്കുന്ന പാലങ്ങൾ തകരുന്ന സംഭവങ്ങൾ

1363 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പാലങ്ങൾ തകരുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണത് നിർമ്മാണത്തിലെ അപാകതമൂലമാണ് എന്നത് വസ്തുതയാണോ;

(സി) റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിലാണ് പ്രസ്തുത പാലത്തിന്റെ നിർമാണ പ്രവൃത്തികൾ നടക്കുന്നത് എന്നിരിക്കെ മേൽനോട്ടത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വീഴ്ചകളാണ് സംഭവിച്ചതെന്ന് വ്യക്തമാക്കാമോ?

## <u>മീഞ്ചന്ത-അരീക്കോട് മേൽപ്പാലം നിർമ്മാണം</u>

1364 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മീഞ്ചന്ത-അരീക്കോട് മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

## <u>റെയിൽവേ മേൽപ്പാലം</u>

1365 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം, കാക്കനാട് റെയിൽവെ മേൽപ്പാലം എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ച് കാലങ്ങളായിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്ത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>പാലം നിർമ്മാണം</u>

1366 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതും എഗ്രിമെന്റ് ഒപ്പു വെച്ച് പ്രവൃത്തി ആരംഭിച്ചിരുന്നതുമായ പെരുന്തുത്തി കടവ് പാലം നിർമ്മാണം സാങ്കേതിക കാരണങ്ങളാൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ഈ പ്രവൃത്തി റദ്ദ് ചെയ്യുന്നതിനും ഈ പ്രവൃത്തിയുടെ തുക തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി പാലം നിർമ്മാണം, വട്ടച്ചിറ പാലം നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് മാറ്റി ഭരണാനുമതി ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട്

എക്സിക്യൂട്ടീവ് എഞ്ചിനീയർ(പാലങ്ങൾ വിഭാഗം) ചീഫ് എൻജിനീയർക്ക് 28-10-2024 ൽ ഇ.ഇ.ബി.ആർ.-ഡി.വി.ഒ.പി.കെ.ഡി. /274/2023-ഡി3-പി.ഡബ്ല്യൂ.ഡി. നമ്പർ കത്ത് നൽകിയിരുന്നോ; ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ;

(സി) ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗ തീരുമാനപ്രകാരം സാങ്കേതിക കാരണങ്ങളാൽ മുന്നോട്ട് കൊണ്ടുപോവാൻ സാധിക്കാത്ത ഈ പ്രവൃത്തിയുടെ തുക മാറ്റി, ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് മാറ്റി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തിയുടെ തുക മാറ്റി, ശിപാർശ ചെയ്ത മറ്റ് പ്രവൃത്തികൾക്ക് അനുവദിച്ച് ഭരണാനുമതി ഉത്തരവ് ഇറക്കുന്നതിന് 28-10-2024 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം), ചീഫ് എൻജിനീയർക്ക് കത്ത് നൽകി ഒരു വർഷത്തോളമായിട്ടും ഭരണാനുമതി ഉത്തരവിറക്കാത്തതിന്റെ കാലതാമസം കാരണങ്ങൾ സഹിതം വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി

1367 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഓരോ റെയിൽവേ മേൽപ്പാലങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള തുകയെത്രയെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ എത്ര റെയിൽവേ മേൽപ്പാല പദ്ധതികളുടെ അലൈൻമെന്റ് റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തരൂർ നിയോജക മണ്ഡലത്തിലെ കുരുത്തിക്കോട് പാലം

1368 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കുരുത്തിക്കോട് പാലം പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പത്താനാപുരം പാലം

1369 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ പത്താനാപുരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രവൃത്തി പൂർത്തീകരിക്കുവാൻ എപ്പോൾ കഴിയും എന്ന് വ്യക്തമാക്കാമോ?

## കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവം

1370 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൊയിലാണ്ടിയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലെ അപാകത അപകടത്തിന് കാരണമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത സംഭവത്തിൽ ഏതൊക്കെ അന്വേഷണങ്ങളാണ് നടത്തിയതെന്നും അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## ഇരിക്കൂർ പുതിയ പാലത്തിന്റെ നിർമ്മാണം

1371 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ, ഇരിക്കൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരിക്കൂർ പാലത്തിന്റെ ബലക്ഷയം മൂലം പുതിയ പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

1372 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ രണ്ടര വർഷങ്ങൾക്ക് മുൻപ് ജി.എസ്. റ്റി. പ്രശ്നത്താൽ നിർമ്മാണ പ്രവർത്തനം നിലച്ച പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അപ്രോച്ച് റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഒലിപ്പാറ പാലം നിർമ്മാണം

1373 **ശ്രീമതി ശാന്തകുമാരി കെ.** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് മണ്ഡലത്തിലെ ഒലിപ്പാറ പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ എഴുത്തോംപാറ പാലം നിർമ്മാണം</u>**

1374 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തിയായ എഴുത്തോംപാറ പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം</u>**

1375 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയുടെ സഹായത്തോടെ ആർ. ബി. ഡി. സി. നിർമ്മിക്കുന്ന റെയിൽവേ മേൽപാലങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കി വരുന്ന റെയിൽവേ മേൽപാലങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) പ്രധാന വീഥികളിൽ റെയിൽക്രോസില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ എപ്പോൾ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കാമോ?

**<u>കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തി</u>**

1376 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കൊണ്ടയൂർ-ഓങ്ങല്ലൂർ പാലം നിർമ്മാണ പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്; ഇതുസംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ</u>**

1377 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരവും അവയുടെ തൽസ്ഥിതിയും ലഭ്യമാക്കുമോ?

## പൊതുമരാമത്ത് വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

1378 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്രസംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള കണക്ക് വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

## പൊതുമരാമത്ത് വകുപ്പ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1379 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖാന്തരം 2021 വർഷം മുതൽ നാളിതുവരെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## പൊതുമരാമത്ത് പ്രവൃത്തികൾ

1380 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ടെണ്ടർ നടപടി പൂർത്തീകരിച്ച് നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയും എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

## പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

1381 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ പട്ടാമ്പി മണ്ഡലത്തിൽ, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് വഴി അല്ലാത്ത പൊതുമരാമത്ത് കെട്ടിട വിഭാഗം, നിരത്ത് വിഭാഗം, പാലം എന്നീ വിഭാഗങ്ങളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള തുക, അനുവദിച്ച വർഷം, പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

1382 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് എന്ന വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയത്, ചെലവഴിക്കുന്ന തുക, പ്രവൃത്തികൾ നടപ്പിലാക്കുന്ന ഏജൻസികൾ, പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

**പൊതുമരാമത്ത് നിരത്ത് വിഭാഗം, കെട്ടിടവിഭാഗം എന്നിവ വഴി നടപ്പിലാക്കിയ പദ്ധതികൾ**

1383 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് നിരത്ത് വിഭാഗം, കെട്ടിടവിഭാഗം എന്നിവ വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; പദ്ധതികളുടെ പുരോഗതി എന്തൊക്കെ;വിശദമാക്കാമോ?

**പൊതുമരാമത്ത് വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

1384 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

**കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

1385 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1386 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് (റോഡ്സ്, ബിൽഡിംഗ്സ്, ബ്രിഡ്ജസ്, മെയിന്റനൻസ്, നാഷണൽ ഹൈവേ) മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തന പുരോഗതി</u>

1387 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മാണ ചുമതല വഹിക്കുന്ന കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## <u>പൊതുമരാമത്ത് വകുപ്പിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ ഓഡിറ്റിംഗ്</u>

1388 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് ജനകീയ സമിതികളുടെ മേൽനോട്ടവും ഓഡിറ്റിംഗും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഇതു മൂലമുണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നിർമാണ പ്രവർത്തനങ്ങളിലെ അപാകത പരിശോധിക്കുന്നതിന് നിയുക്തമായ സോഷ്യൽ ഓഡിറ്റ് വിഭാഗത്തിന്റെ 2021 ജൂൺ മാസത്തിനു ശേഷമുള്ള കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരവും സുതാര്യതയും ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ?

## <u>കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് നിർമിച്ച പാലങ്ങൾ</u>

1389 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കിഫ്ബി വഴി എത്ര പാലങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പാലങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര പാലങ്ങൾ പൂർത്തീകരിക്കാൻ ഉണ്ടെന്നും വ്യക്തമാക്കാമോ?

**<u>ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

1390 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചവയുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**<u>ദേശീയപാത 66 ഇടിഞ്ഞു താഴ്ന്ന സംഭവം</u>**

1391 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കൂരിയാട് ദേശീയ പാത 66-ൽ ആറുവരി പാതയും സർവ്വീസ് റോഡും വിള്ളൽ വീണ് തകർന്ന സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നോ;

(ബി) പ്രസ്തുത ദേശീയ പാതയിൽ മറ്റ് ഏതെല്ലാം പ്രദേശങ്ങളിലെ റോഡുകൾക്കും സർവ്വീസ് റോഡുകൾക്കും കേടുപാടുകൾ ഉണ്ടായിട്ടുണ്ട്;

(സി) നിർമ്മാണത്തിലെ അപാകതകളും ക്രമക്കേടുകളും റോഡുകൾ തകരാൻ കാരണമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) തകർന്ന റോഡുകൾ എപ്പോൾ പൂർവ്വസ്ഥിതിയിലാക്കും; അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>ദേശീയപാത 66-ന്റെ കോഴിക്കോട് ജില്ലയിലെ പുരോഗതി</u>**

1392 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ദേശീയപാത 66-ന്റെ പണി എത്ര ശതമാനം പൂർത്തിയായി എന്ന് വിശദമാക്കാമോ;

(ബി) ദേശീയപാതയുടെ സർവീസ് റോഡുകൾ നിശ്ചയിച്ച വീതിയിൽ നിർമ്മിക്കാത്തത് പല സ്ഥലത്തും ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കോഴിക്കോട് (സൗത്ത്) മണ്ഡലത്തിൽ നെല്ലിക്കോട്-പാലാഴി തുടങ്ങിയ പ്രദേശങ്ങളിൽ വീതി കുറവ് മൂലം ബസുകൾക്ക് സർവീസ് നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## എൻ എച്ച് 66

1393 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് എൻ എച്ച് 66-ന്റെ നിർമ്മാണത്തിനിടെ തകർച്ച സംഭവിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഓരോ റീച്ചിലെയും പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എൻ എച്ച് 66 ന്റെ നിർമ്മാണം എന്നാണ് പൂർത്തിയാക്കാൻ കഴിയുന്നത്; വിശദമാക്കുമോ?

## കരാർ കമ്പനികളുടെ പേരും വിശദാംശവും

1394 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ റീച്ചുകളിൽ ടെൻഡർ നേടിയ കരാർ കമ്പനികളുടെ പേരും വിശദാംശവും കരാർ തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാർ കമ്പനികൾ ഉപകരാർ നൽകിയിട്ടുണ്ടെങ്കിൽ ഇപ്രകാരം ഉപകരാർ ഏറ്റെടുത്ത കമ്പനികളുടെ പേരും വിശദാംശങ്ങളും കരാർ തുകയും വ്യക്തമാക്കുമോ?

## പട്ടയം ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി.

1395 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശ ഭൂമിയുടെ അതിർത്തികളിലൂടെ പൊതുമരാമത്ത് റോഡ് കടന്നുപോകുന്ന പ്രദേശങ്ങളിൽ വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാത്തതുമൂലം അപേക്ഷകർക്ക് പട്ടയം ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട 30.09.2009-ലെ നമ്പർ. 20541/ സി3/2009/പൊ.മ.വ. സർക്കുലർ പുനഃപരിശോധിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അർഹതപ്പെട്ട എല്ലാവർക്കും പട്ടയം നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പ്രസ്തുത അപേക്ഷകർക്ക് വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

1396 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരം

1397 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് നിരത്ത് വിഭാഗം കാഞ്ഞിരപ്പള്ളി, എരുമേലി, വാഴൂർ, പാമ്പാടി, കറുകച്ചാൽ സെക്ഷനുകളുടെ കീഴിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പ്രവർത്തികൾക്കായി 2020-21 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ പട്ടിക ലഭ്യമാക്കാമോ?

## അങ്കമാലി പി.ഡബ്ല്യൂ .ഡി. റെസ്റ്റ് ഹൗസിലെ ക്യാൻറീനിന്റെ പ്രവർത്തനം

1398 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ അങ്കമാലി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസിലെ ക്യാൻറീനിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അങ്കമാലി റെസ്റ്റ് ഹൗസിൽ ക്യാൻറീനിന് ആവശ്യമായ വൈദ്യുത, ശീതീകരണ, പാചകങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയത് കഴിഞ്ഞ 8 വർഷമായി ഉപയോഗശൂന്യമായി പൊടിപിടിച്ച് കിടക്കുന്നത് എന്തുകൊണ്ടാണെന്ന് വകുപ്പോ സർക്കാരോ പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) അങ്കമാലി റെസ്റ്റ് ഹൗസിൽ ക്യാൻറീനിന്റെ ആവശ്യത്തിനായി വാങ്ങിയ മുഴുവൻ പാചക ഉപകരണങ്ങളുടേയും ഫർണീച്ചർ അനുബന്ധ ഉപകരണങ്ങളുടേയും വാങ്ങിയ വിലയും നിലവിൽ ഉപയോഗിക്കാത്തതിനാൽ കേടായത് മൂലം ഉണ്ടായ നഷ്ടം എത്രയെന്നും ഈ നഷ്ടോത്തരവാദിത്തം ആർക്കാണെന്നും വിശദമാക്കാമോ;

(ഡി) ഉയർന്ന വാടക നിരക്ക് നിശ്ചയിക്കുകയും പലപ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാതിരുന്നിട്ടും കഴിഞ്ഞ 8 വർഷമായി ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടന്നിട്ടും ആയതിൻറെ കാരണം വകുപ്പോ സർക്കാരോ അന്വേഷിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) എന്ത് കൊണ്ടാണ് ഇത് ടെണ്ടർ ചെയ്ത് പൊതുപണം പ്രയോജനപ്പെടുത്താതിരുന്നതെന്നതിന് ചീഫ് എഞ്ചിനീയറോട് സർക്കാർ വിശദീകരണം ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ; ഇത്തരത്തിൽ

സംസ്ഥാനത്ത് ഏതെല്ലാം റെസ്റ്റ് ഹൗസുകളിലാണ് ഉപകരണങ്ങൾ കെട്ടിക്കിടക്കുന്നതെന്നതിന്റെ പരിശോധന നടത്തി വിശദാംശം ലഭ്യമാക്കുമോ?

**<u>കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ വിട്ടുനൽകിയ ഭൂമി</u>**

1399 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് കുറ്റിക്കാട്ടൂർ വില്ലേജ് പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതും വ്യക്തികൾ താമസിച്ചു വരുന്നതുമായ ഭൂമിയിൽ നിന്ന് കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസ് നിർമ്മിക്കാൻ എത്ര സെന്റ് സ്ഥലമാണ് റവന്യൂ വകുപ്പിന് വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലത്ത് വർഷങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് പ്രസ്തുത സ്ഥലത്തിൽ ബാക്കിയുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്ന വിഷയം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**<u>ഹരിപ്പാട് മണ്ഡലത്തിലെ ഫെറി സർവ്വീസ്</u>**

1400 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ചെറുതന പഞ്ചായത്തിൽ ആനാരി വടക്കേക്കരയെയും തെക്കേക്കരയെയും തമ്മിൽ ബന്ധിപ്പിക്കുന്ന പി.ഡബ്ല്യൂ.ഡി. നിയന്ത്രണത്തിലുള്ള ആനാരി എന്ന കടത്ത് കടവിലെ ഫെറിമാൻ വിരമിച്ച സാഹചര്യത്തിൽ പ്രസ്തുത കടത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് എന്ത് ക്രമീകരണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാരിന്റെ 18.07.2025-ലെ പി.ഡബ്ല്യു.ഡി-എ1/122/2025-പി.ഡബ്ല്യു.ഡി. കത്തിന്മേൽ എന്ത് തുടർനടപടിയാണ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കടത്തിന്റെ സേവനം നിലച്ച പശ്ചാത്തലത്തിൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കടത്ത് സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണം</u>**

1401 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ നിർമ്മാണത്തിന് സ്ഥലമെടുപ്പ് നടപടികൾക്കായുള്ള അഭ്യർത്ഥന (requisition) റവന്യൂ വകുപ്പിന് ഇതുവരെ സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലമെട്ടപ്പ് നടപടികൾക്ക് ആവശ്യമായ അതിർത്തി നിർണയം, സ്ഥല ഉടമകളുമായുള്ള ചർച്ചകൾ, സ്കെച്ച് തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട 04.02.2023 തീയതിയിലെ (സാധാ) 121/2023/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ, ധനകാര്യ വകുപ്പിന്റെ ഉത്തരവാദിത്വം, നിർമ്മാണ സമയക്രമം എന്നിവ വിശദീകരിക്കാമോ?

## ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്താൻ നടപടി

1402 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം പരിശീലന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ടൂറിസ്റ്റ് ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) ഇന്റർ നാഷണൽ ഹോസ്പിറ്റാലിറ്റി ആൻഡ് വെൽനെസ്സ് മേഖലയിൽ നിലവിലെ സാധ്യതകൾക്കനുസരിച്ച് വികസിക്കുന്നതിനാവശ്യമായ കോഴ്സുകളും സ്ഥാപനങ്ങളും ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ടൂറിസം മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് വികസിച്ചുവരുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഉതകുംവിധം പുതിയ കോഴ്സുകളും സ്ഥാപനങ്ങളും ആരംഭിക്കുമോ; വിശദമാക്കാമോ?

## ടൂറിസം വകുപ്പ് സോഷ്യൽ മീഡിയ വഴി നടത്തുന്ന നൂതന പദ്ധതികൾ

1403 **ശ്രീമതി യു പ്രതിഭ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ നടപ്പിലാക്കി വരുന്ന നവീനവും ആകർഷകവുമായ വിവിധ പദ്ധതികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ ലഭിച്ചിട്ടുള്ള പുരസ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ടൂറിസം വകുപ്പ് സോഷ്യൽ മീഡിയ വഴി നടത്തുന്ന നൂതനമായ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേരള ടൂറിസത്തിന് സോഷ്യൽ മീഡിയ ക്യാമ്പയിനുള്ള അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം ലഭ്യമായതെന്ന് അറിയിക്കാമോ;

(ഡി) വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികൾ

1404 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അനുവദിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടപടി

1405 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ സംസ്ഥാനത്തെത്തിച്ചേർന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് അതിവേഗം പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലെത്തുന്നതിനും അടിയന്തരഘട്ടങ്ങളിൽ അവരുടെ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനും വേണ്ട സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) സംസ്ഥാനത്തെ മനോഹരമായ ഭൂപ്രകൃതി, ആകാശ കാഴ്ചകൾ എന്നിവ വിദേശ വിനോദ സഞ്ചാരികൾക്ക് ആസ്വദിക്കാൻ പാകത്തിലുള്ള പാക്കേജുകൾ ഹെലി ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) ഹെലി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ഇ) ആഗോള ടൂറിസം രംഗത്ത് ഒരു ബ്രാൻഡായി സംസ്ഥാനം ശ്രദ്ധിക്കപ്പെടാനും വിദേശ വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമാർജനം

1406 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമീണ ടൂറിസം മേഖലകളിൽ ആധുനിക രീതിയിലുള്ള ശുചിമുറികളും കുടിവെള്ള സൗകര്യവും ഏർപ്പെടുത്തുകയും അവ പരിപാലിക്കുവാനും ഉള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നൽകാമോ?

## വിനോദസഞ്ചാര വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1407 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം വിനോദസഞ്ചാര വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## തത്ത്വമസി- അമിനിറ്റി സെന്ററുകൾ

1408 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തത്ത്വമസി പദ്ധതിയുടെ ഭാഗമായി മുൻ സർക്കാർ അനുവദിച്ച അമിനിറ്റി സെന്ററുകളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) തത്ത്വമസി പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച അമിനിറ്റി സെന്ററുകളിൽ വെച്ച് നടത്തുന്ന സാംസ്കാരിക പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾക്ക് വാടക നിശ്ചയിക്കുന്നതിനും വാടകയ്ക്ക് നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച അമിനിറ്റി സെന്ററുകളിൽ റസിഡന്റ്സ് അസോസിയേഷനുകൾക്ക് സൗജന്യ നിരക്കിൽ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

## മലബാർ മേഖലയിലെ ടൂറിസം പദ്ധതികൾ

1409 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യവും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളും വിശദമാക്കാമോ;

(സി) ബേപ്പൂർ, ചാലിയം ബീച്ചുകളുടെ വികസനത്തിനായി കൈക്കൊണ്ട നടപടികളും പദ്ധതിയുടെ ഘട്ടങ്ങളും വിശദമാക്കാമോ?

## പഴശ്ശി - പടിയൂർ ഇക്കോ ടൂറിസം പദ്ധതി

1410 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി - പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

## സി. ബി. എൽ. വള്ളംകളി മത്സരങ്ങൾ

1411 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 2025 വർഷത്തെ സി. ബി. എൽ. വള്ളംകളി മത്സരങ്ങൾ എന്നു മുതലാണ് ആരംഭിക്കുക; പ്രസ്തുത മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ ചുണ്ടൻ വള്ളങ്ങൾ തുഴയുന്ന തുഴച്ചിൽകാർക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് ബോണസ് തുക എത്രയാണ് നൽകാറുള്ളത്; കഴിഞ്ഞവർഷത്തിൽ കുടിശ്ശിക ആയിട്ടുള്ള തുക പൂർണമായും കൊടുത്തു തീർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സി. ബി. എൽ. മത്സരങ്ങളുടെ നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കാമോ?

## ടൂറിസം മേഖലയ്ക്ക് ലഭിച്ച അംഗീകാരം

1412 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് ലഭിച്ച ദേശീയ- അന്തർദേശീയ അംഗീകാരങ്ങളും പുരസ്കാരങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) വിനോദ സഞ്ചാര മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

1413 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളും അവയുടെ തൽസ്ഥിതിയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## പൊന്നാനി നിളാതീരം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ മാസ്റ്റർ പ്ലാൻ

1414 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയ അതേ മാതൃകയിൽ പൊന്നാനി നിളാതീരം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിളാതീര ടൂറിസ്റ്റ് കേന്ദ്രത്തിന് പ്രത്യേക പാക്കേജ് അനുവദിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## കടലുകാണി ടൂറിസം പദ്ധതി

1415 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ കടലുകാണി ടൂറിസം പദ്ധതി രണ്ടാംഘട്ടം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## മലബാർ മേഖലയിലെ പുതിയ ടൂറിസം പദ്ധതികൾ

1416 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനു ശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## പൈതൽ മല ടൂറിസം കോംപ്ലക്സ് തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

1417 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ വിനോദ സഞ്ചാര കേന്ദ്രമായ പൈതൽമലയിലെ ടൂറിസം കോംപ്ലക്സ് തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടൂറിസം കോംപ്ലക്സ് അറ്റകുറ്റപണികൾ നടത്തി നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ടൂറിസം കോംപ്ലക്സ് ഉടൻ തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## ലോകനാർക്കാവ് മ്യൂസിയം പദ്ധതി സംബന്ധിച്ച്

1418 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഐ. ഐ. ഡി. സി. സ്പെഷ്യൽ പർപസ് വെഹിക്കിൾ ആയ ലോകനാർക്കാവ് മ്യൂസിയം പദ്ധതിയുടെ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും, പൂർത്തീകരണ സമയവും അറിയിക്കാമോ; ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും, പൂർത്തീകരണ സമയവും അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## വിനോദ സഞ്ചാര വികസനം

1419 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദ സഞ്ചാരികളെ ടൂറിസ്റ്റ് സീസണിന് പുറമെ വർഷം മുഴുവനായും ആകർഷിക്കുകയും നില നിർത്തുകയും ചെയ്യുക എന്ന ലക്ഷ്യം നേടാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) വിദേശ സഞ്ചാരികൾക്ക് സഹായകരമാകും വിധം സംസ്ഥാനത്തേയ്ക്ക് നേരിട്ടുള്ള അന്തർദേശീയ വിമാന സർവീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്;

(സി) കൊച്ചി, കോഴിക്കോട്, കൊല്ലം, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നിവയെക്കൂടി ബന്ധിപ്പിച്ചുകൊണ്ടുള്ള ക്രൂയിസ് ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തേയ്ക്ക് വിദേശ സഞ്ചാരികളെ ആകർഷിക്കുംവിധം അന്താരാഷ്ട്ര ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കാൻ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതി

1420 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശ് ദർശൻ സ്കീമിലുൾപ്പെടുന്ന മലനാട്- മലബാർ റിവർ ക്രൂയിസ് പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെടുന്നതും ഉൾനാടൻ ജലഗതാഗത വകുപ്പ് പൂർത്തിയാക്കിയതുമായ ബോട്ടുജെട്ടികളുടെ പരിപാലനത്തിനായി കൈക്കൊള്ളേണ്ട നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പഴയങ്ങാടി ഫ്ലോട്ടിങ്ങ് റെസ്റ്റോറന്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1421 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ വലിയഴീക്കൽ കേന്ദ്രീകരിച്ച് വിഭാവനം ചെയ്തിട്ടുള്ള ടൂറിസം പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ; എന്തെല്ലാം ഘടകങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഹരിപ്പാട് നെൽപ്പുരകടവ് ടൂറിസം പദ്ധതിയുടെ തുടർ നടത്തിപ്പ് ഹരിപ്പാട് നഗരസഭയ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഡയറക്ടറേറ്റിലെയും, സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പറുകൾ അറിയിക്കാമോ; പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിലവിൽ ആരുടെ പേരിലാണെന്ന കാര്യം വ്യക്തമാക്കാമോ;

(സി) ഹരിപ്പാട് മണ്ഡലത്തിൽ ഓണത്തോടനുബന്ധിച്ച് പ്രാദേശികമായി നടത്തിവരുന്ന വിവിധ വള്ളംകളി മത്സരങ്ങൾക്കായി ടൂറിസം വകുപ്പിൽ നിന്നും കഴിഞ്ഞ 4 വർഷങ്ങളിൽ വിതരണം ചെയ്തിട്ടുള്ള ഗ്രാന്റിന്റെ വിശദാംശവും , കുടിശ്ശിക തുകയുടെ വിശദാംശവും അറിയിക്കാമോ?

## ഗേറ്റ് വേ ഓഫ് നിലമ്പൂർ ടൂറിസം പദ്ധതി പുനരാരംഭിക്കുവാൻ നടപടി

1422 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 കാലയളവിൽ നിലമ്പൂർ മണ്ഡലത്തിന്റെ പ്രവേശന ഭാഗത്തായി ഗേറ്റ് വേ ഓഫ് നിലമ്പൂർ ടൂറിസം എന്ന പേരിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മൂന്നര കോടി രൂപ ചെലവഴിച്ച് തുടങ്ങിയ ടൂറിസം പദ്ധതി നിലച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലമ്പൂരിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

## വി-പാർക്ക് പദ്ധതി

1423 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വി-പാർക്ക് പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) കൊല്ലം ജില്ലയിൽ ആരംഭിച്ച വി-പാർക്ക് മാതൃക മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കല്ല്യാശ്ശേരി ചൂട്ടാട്ട് ബീച്ചിലെ സാഹസിക പാർക്ക്

1424 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട്ട് ബീച്ചിൽ സാഹസിക പാർക്ക് നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി പ്രവൃത്തികൾ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

1425 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയത്, എത്ര തുകയാണ് ചെലവഴിക്കുന്നത്, ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്, പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിവ സംബന്ധിച്ച വിവരം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

## വിനോദ സഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

1426 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്;

(ഇ) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## പെരുവനം - ആറാട്ടുപുഴ പൂരത്തിന് സാമ്പത്തിക സഹായം

1427 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്തത്തിലും ചടങ്ങുകളിലും തൃശ്ശൂർ പൂരത്തിനൊപ്പം പൊലിമയുള്ള പെരുവനം - ആറാട്ടുപുഴ പൂരത്തിന് നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2017-ൽ ടൂറിസം വകുപ്പ് 03.03.2017 ലെ ജി.ഒ (ആർ.റ്റി) 105/2017/റ്റി.എസ്.എം പ്രകാരം അനുവദിച്ച 5 ലക്ഷം രൂപയുടെ ധനസഹായം ഇക്കൊല്ലവും തുടർന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തിരുവണ്ണൂർ പൈതൃക ടൂറിസം പദ്ധതി

1428 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ 20% തുക അനുവദിച്ച തിരുവണ്ണൂർ പൈതൃക ടൂറിസം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി

1429 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബാവിക്കര ടൂറിസം പദ്ധതിക്ക് കോസ്റ്റൽ റെഗുലേഷൻ സോണിന്റെ അനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം

1430 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ?

## മലമ്പുഴ ഉദ്യാനത്തിന്റെ സമഗ്ര വികസനം

1431 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മാസ്റ്റർ പ്ലാൻ പദ്ധതിക്ക് കീഴിൽ മലമ്പുഴ ഉദ്യാനത്തിന്റെ സമഗ്ര വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ മലമ്പുഴ ഉദ്യാനത്തിൽ എന്തെല്ലാം നവീകരണ, നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

## മുസിരിസ് പൈതൃകസംരക്ഷണ പദ്ധതി

1432 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈതൃകസംരക്ഷണ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമാനമായ ഇതര പൈതൃക പദ്ധതികളുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതി

1433 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിയുടെ ഡി. പി. ആർ. അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) 2025-26 ബജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച 2 കോടി രൂപയുടെ കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്ന നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## പൊന്നാനിയിലെ ടൂറിസം പദ്ധതികൾ

1434 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കൂടി ഉൾപ്പെട്ട പൈതൃക ടൂറിസം, സ്പൈസ് റൂട്ട് ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള റൂട്ട് മാപ്പുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മലബാർ ലിറ്റററി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി പൊന്നാനിയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## ശാസ്താംപാറ അഡ്വഞ്ചർ പാർക്ക്

1435 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംപാറ അഡ്വഞ്ചർ പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## കുരാച്ചുണ്ട് നമ്പികുളം ടൂറിസം പദ്ധതി

1436 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ നമ്പികുളം ടൂറിസം പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ?

## <u>വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനം</u>

1437 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണായക സ്ഥാനമുള്ള വിനോദസഞ്ചാര മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നയപരമായ സമീപനങ്ങൾ തൊഴിൽ സാധ്യതയിലും വരുമാന വർദ്ധനവിലും നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര രംഗത്ത് കാലഘട്ടത്തിനനുസൃതമായ പുതിയ മേഖലകൾ കണ്ടെത്തുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വരുമാനത്തിൽ വിനോദസഞ്ചാരമേഖലയുടെ സംഭാവനയിലൂടെ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>മലബാർ മേഖലയിലെ ടൂറിസം വികസന പദ്ധതികൾ</u>

1438 **ഡോ. എം. കെ. മുനീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുശേഷം മലബാറിന്റെ ടൂറിസം മേഖലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മലബാർ റിവർ ഫെസ്റ്റിന്റെ മാതൃകയിൽ മറ്റ് ജില്ലകളിലേക്കും സാഹസിക വിനോദ സഞ്ചാരം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) മലബാർ മേഖലയിൽ ടൂറിസം രംഗത്തെ പുതിയ പ്രവണതയായ വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ഓഫ് സീസൺ ടൂറിസം

1439 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഫ് സീസൺ ടൂറിസം ആകർഷണീയമാക്കുന്നതിന് സാധ്യമായ നയപരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഫെസ്റ്റിവലുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; 2024-25 കാലയളവിൽ സംഘടിപ്പിച്ച ഫെസ്റ്റിവലുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## ടൂറിസം സംരംഭകത്വ പദ്ധതികൾ

1440 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏതൊക്കെ ജില്ലകളിലാണ് പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കായംകുളം കായലോര ടൂറിസം പദ്ധതികൾ

1441 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലോര ടൂറിസം പദ്ധതികൾ ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടും പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ തുറന്ന് പ്രവൃത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി പ്രവർത്തന സജ്ജമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

1442 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ച വരുമാനം

1443 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ഓരോ വർഷവും എത്തിച്ചേർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെയും വിദേശ വിനോദസഞ്ചാരികളുടെയും എണ്ണവും വിനോദസഞ്ചാര മേഖലയിൽ നിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശം വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ?

## ടൂറിസം പശ്ചാത്തല വികസനം

1444 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കിഫ്ബി വഴി ടൂറിസം പശ്ചാത്തല വികസനങ്ങൾക്കായി സംസ്ഥാനത്ത് എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ ലഭിച്ച ഹോംസ്റ്റേകൾ തിരിച്ചറിയാൻ നടപടി

1445 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും സഞ്ചാരികൾക്കിടയിൽ നല്ല മതിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ എടുത്തശേഷം ഹോംസ്റ്റേ ആയി നടത്തപ്പെടുന്ന ഇത്തരം വീടുകളെ എയർ ബി.എൻ.ബി, ബുക്കിംഗ്.കോം, ബുക്ക് മൈ ട്രിപ്പ് പോലുള്ള ഓൺലൈൻ ബുക്കിംഗ് പോർട്ടലുകളിൽ വേർതിരിച്ചറിയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളിൽനിന്ന് തനതായ കേരളീയ കുടുംബ അന്തരീക്ഷത്തിലുള്ള പെരുമാറ്റവും വീട്ടിലെ ഭക്ഷണവും കേരളത്തിന്റെ തനത് സംസ്കാരവും സഞ്ചാരികൾക്ക് അനുഭവവേദ്യമാകുമെന്നിരിക്കേ ഓൺലൈൻ പോർട്ടലുകളിൽ ഇത്തരം ഹോം സ്റ്റേയാണെന്നവകാശപ്പെട്ട് ബുക്കിംഗ് എടുക്കുകയും എന്നാൽ മേൽ സൂചിപ്പിച്ച സൗകര്യങ്ങൾ നല്കാതെ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്കാരായി നിയമിച്ച് നടത്തിക്കുന്ന സാഹചര്യമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വിനോദസഞ്ചാരികൾ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ നേടിയ ഹോംസ്റ്റേകൾ 1200-ൽ താഴെ മാത്രമാണെങ്കിലും ഓൺലൈൻ ബുക്കിംഗ് ഏജൻസികളിൽ 5000 പ്രോപ്പർട്ടികൾ ലിസ്റ്റ് ചെയ്തിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ലാസിഫിക്കേഷൻ നേടിയ ഹോംസ്റ്റേകളെ തിരിച്ചറിയുന്നതിനും അതില്ലാത്ത വീടുകളെ ഹോംസ്റ്റേകൾ

എന്ന പേരിൽ മാർക്കറ്റ് ചെയ്യുന്നതും അവിടങ്ങളിൽ സഞ്ചാരികളെ താമസിപ്പിക്കുന്നതും ഒഴിവാക്കുന്നതിനായി നിയന്ത്രണം കൊണ്ടുവരുന്നതിനും ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്-വേ ഫേസ് II ന്റെ പ്രവർത്തന പുരോഗതി

1446 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക്-വേ ഫേസ് II ന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) നിലവിൽ വാക്-വേ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദവിവരം നൽകാമോ?

## വിദ്യാർത്ഥികളെ ദുഷ്പ്രവണതകളിൽ നിന്ന് അകറ്റി നിർത്താൻ നടപടി

1447 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർഥികളെ ലഹരിയുടെ സ്വാധീനത്തിൽ അകപ്പെടാതെ സംരക്ഷിക്കുവാനും സൈബർ കുറ്റകൃത്യങ്ങൾക്ക് ഇരയാകാതിരിക്കുവാനും പൊതു വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പി. ടി. എ. യുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) കുട്ടികൾ ദുഷ്പ്രവണതകളിലേക്ക് തിരിയാതെ സംരക്ഷിക്കുന്നതിന് അവരുടെ മാനസികോല്ലാസം ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇതിനായി പ്രത്യേക പീരിയഡ് മാറ്റി വെയ്ക്കുന്നതുൾപ്പടെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പൊതു വിദ്യാഭ്യാസ സംരക്ഷണ നടപടികൾ

1448 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വർഷം തിരിച്ചുള്ള കണക്കു ലഭ്യമാക്കാമോ?

## പൊതുവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

1449 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ വരുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച് സർക്കാർ നടത്തിയ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ഖാദർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് സ്കൂൾ ഏകീകരിക്കുന്നതിനായി കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഭേദഗതികളാണ് വരുത്തിയതെന്ന് വിശദമാക്കാമോ;

(സി) സ്കൂൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതികൾ വരുത്തിയത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിൽ കേസുകളുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ബഹു. ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിലേക്ക് സർക്കാർ എന്തെങ്കിലും സത്യവാങ്മൂലം നൽകിയിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

1450 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്മാർട്ട് ക്ലാസ് റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിക്കാറുണ്ടോ;

(ഡി) മലപ്പുറം ജില്ലയിൽ 32 ഓളം സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ലായെന്നത് പരിഗണിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

## ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗം കെട്ടിടം

1451 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശാന്തിനഗറിൽ ഉള്ള ഹൗസിംഗ് ബോർഡ് ബിൽഡിങ്ങിലെ ഹയർ സെക്കൻഡറി പരീക്ഷാ വിഭാഗത്തിന്റെ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം പരീക്ഷാഭവനിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ബഹു. മന്ത്രിയുടെ അധ്യക്ഷതയിലോ ഉദ്യോഗസ്ഥ തലത്തിലോ ഹയർ സെക്കൻഡറി ബിൽഡിംഗ് വിഭാഗം പരീക്ഷാഭവനിലേക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും യോഗങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽ കൂടിയ യോഗങ്ങളുടെ മിനിട്സുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ</u>

1452 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങളുടെയും വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ചതിനുശേഷവും പല സ്കൂൾ കെട്ടിടങ്ങൾക്കും ഗുരുതരമായ കേടുപാടുകൾ സംഭവിച്ചതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളിലും ക്യാമ്പസുകളിലും വൈദ്യുതി വിതരണ സംവിധാനങ്ങൾ അപകടരഹിതമായും കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) മലയോര മേഖലയിലെ വന്യമൃഗ സാന്നിധ്യമുള്ള പ്രദേശങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളെ വന്യജീവി ആക്രമണങ്ങളിൽ നിന്നും വിഷപ്പാമ്പുകളിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

1453 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വർഷാരംഭത്തിൽ തന്നെ പൊതുവിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിർദേശം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഈ നിർദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**എയ്ഡഡ് സ്കൂൾ അധ്യാപകരുടെ സർവീസ് പെൻഷനുള്ള യോഗ്യത**

1454 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ബ്രോക്കൺ സർവീസ്, ലീവ് വേക്കൻസി സർവീസ് എന്നിവ പെൻഷനുള്ള യോഗ്യതയായി പരിഗണിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ: എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ലീവ് വേക്കൻസിയിൽ നിരവധി വർഷക്കാലവും പിന്നീട് റെഗുലർ സർവീസിലും പ്രവേശിച്ച് ജോലി ചെയ്യുന്ന അധ്യാപകർക്ക് റിട്ടയർ ചെയ്യുമ്പോൾ എക്സ്ഗ്രേഷ്യ പെൻഷന് മാത്രമാണ് അർഹതയുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ബ്രോക്കൺ സർവീസ്, ലീവ് വേക്കൻസി സർവീസ് എന്നിവ പെൻഷന് യോഗ്യതയുള്ള സർവീസായി പരിഗണിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

**ദിവസവേതാനടിസ്ഥാനത്തിലുള്ള അധ്യാപക നിയമനം**

1455 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ചുരുങ്ങിയത് എത്ര ദിവസത്തെ ഒഴിവുണ്ടായിരിക്കണമെന്ന് വ്യക്തമാക്കാമോ ; ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) എയ്ഡഡ് പ്രൈമറി, എയ്ഡഡ് ഹൈസ്കൂൾ, എയ്ഡഡ് ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ഇത്തരത്തിലുള്ള ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനും ദിവസവേതനം അനുവദിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തല്ലാമാണ്; ഈ വിഭാഗങ്ങളിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ സ്വീകരിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 30 ദിവസത്തിനു മുകളിലും 90 ദിവസത്തിൽ താഴെയുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാവുന്ന അധ്യാപകർക്ക് വേതനം അനുവദിക്കേണ്ടത് സർക്കാരാണോ അല്ലെങ്കിൽ മാനേജ്മെന്റുകളാണോ; മാനേജ്മെന്റുകളാണെങ്കിൽ ശമ്പളം അനുവദിച്ച് നൽകുന്നതിന് സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

**സ്കൂൾ വിദ്യാഭ്യാസ നിലവാരം**

1456 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ നിലവാരത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനും, കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ കാര്യങ്ങളാണ് ആവിഷ്കരിച്ചത്; വിശദീകരിക്കുമോ?

## യു.ഐ.ഡി. ഇല്ലാത്ത കുട്ടികൾ

1457 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025- 26 അധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളിൽ ആറാം പ്രവൃത്തി ദിവസം യു. ഐ. ഡി. ഉള്ളവർ എത്രയായിരുന്നുവെന്നും യു. ഐ. ഡി. ഇല്ലാത്തവർ എത്രയായിരുന്നുവെന്നും വിദ്യാഭ്യാസ ജില്ല തിരിച്ച്, വിദ്യാലയം തിരിച്ച് വിശദമാക്കാമോ;

(ബി) ആറാം പ്രവൃത്തി ദിവസത്തിലും യു. ഐ. ഡി. ലഭിക്കാത്ത കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, സർക്കാരിൽ നിന്ന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭ്യമാക്കുമോ; വ്യക്തമാക്കാമോ;

(സി) ആറാം പ്രവൃത്തി ദിവസത്തിലും യു. ഐ. ഡി. ലഭിക്കാത്ത കുട്ടികളുടെ എണ്ണം വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക തസ്തിക നിർണ്ണയത്തിന് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ആറാം പ്രവൃത്തി ദിവസത്തിലും യു. ഐ. ഡി. ലഭിക്കാത്ത കുട്ടികളുടെ എണ്ണം വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക തസ്തിക നിർണ്ണയത്തിന് പരിഗണിക്കില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) 2025 -26 അദ്ധ്യയന വർഷം കുട്ടികൾ വിദ്യാലയങ്ങളിൽ ഉണ്ടായിട്ടും യു. ഐ. ഡി. ഇല്ല എന്ന കാരണത്താൽ കുട്ടികളുടെ എണ്ണം കണക്കാക്കാത്തതിനാൽ നഷ്ടപ്പെട്ട അധ്യാപക-അനധ്യാപക തസ്തികകൾ വിദ്യാഭ്യാസ ജില്ല തിരിച്ച്, വിദ്യാലയം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) കുട്ടികൾ വിദ്യാലയങ്ങളിൽ ഉണ്ടായിട്ടും യു. ഐ .ഡി. ഇല്ല എന്ന കാരണത്താൽ അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നത് വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്ന എണ്ണത്തേക്കാൾ കൂടുതൽ കുട്ടികൾ ഒരു ക്ലാസ്സിൽ ഇരുന്ന് പഠിക്കേണ്ട സാഹചര്യം സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ജി) ആറാം പ്രവൃത്തി ദിവസം സ്കൂളിൽ ഉണ്ടായിരുന്നതും സാങ്കേതിക കാരണങ്ങളാലോ ആധാർ ലഭ്യമാകാൻ വൈകിയത് മൂലമോ യു.ഐ.ഡി. അന്നേദിവസം ലഭ്യമാകാതിരുന്നവരുമായ കുട്ടികൾക്ക് 2025 ജൂൺ 30ന് മുന്നേ യു.ഐ. ഡി. ലഭ്യമായിട്ടുണ്ടെങ്കിൽ അവരുടെ എണ്ണം കൂടി ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്താൻ സാധിക്കുമോയെന്ന വിശദമാക്കാമോ?

## സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്താൻ നടപടി

1458 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; എന്തൊക്കെ കാര്യങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിലും അനധികൃത നിർമ്മിതികളിലും സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) തേവലക്കര ഹൈസ്കൂളിൽ എട്ടാംക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സേഫ്റ്റി ഓഡിറ്റിങ് നടത്താൻ കഴിയുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## അൺഎയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ സേവന വേതന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

1459 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺഎയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വേതന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ മേഖലയിലെ അന്യായമായ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള മാനേജ്മെന്റ് നടപടികൾ ഒഴിവാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അൺഎയ്ഡഡ് മേഖലയിലെ അശാസ്ത്രീയവും നീതീകരിക്കാനാവാത്തതുമായ പ്രവണതകൾ ഒഴിവാക്കി, മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും വിദ്യാഭ്യാസ നിലവാരവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

## മൂല്യനിർണ്ണയ രീതിയിലെ പരിഷ്കരണം

1460 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അദ്ധ്യയന വർഷത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഏതൊക്കെ ക്ലാസ്സുകളിലെ പൊതു പരീക്ഷയിലാണ് എഴുത്തു പരീക്ഷയിലെ പേപ്പറുകൾക്ക് സബ്ജക്ട് മിനിമവും മൊത്തത്തിൽ പാസാകാൻ മിനിമം മാർക്കും ഏർപ്പെടുത്തി മൂല്യനിർണ്ണയ രീതി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

1461 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വയനാട് പനമരത്ത് സ്കൂളിൽ വച്ച് മൂന്നാം ക്ലാസ് വിദ്യാർത്ഥിയെ നായ കടിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്കൂൾ കെട്ടിടങ്ങൾ

1462 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നൂറോളം സർക്കാർ സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാനാവാതെ അൺഫിറ്റ് ആയതിനാൽ പൊളിച്ചു മാറ്റണമെന്ന് തദ്ദേശവകുപ്പ് കണ്ടെത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളാണ് ഇപ്രകാരം കണ്ടെത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത കെട്ടിടങ്ങൾക്കു പകരം പുതിയ കെട്ടിടങ്ങൾ പണിയുന്നതിനും നിലവിലെ ക്ലാസ് മുറികൾ പ്രസ്തുത കെട്ടിടങ്ങളിൽ നിന്നും മാറ്റുന്നതിനും നാളിതുവരെ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് സ്കൂളുകളിൽ തദ്ദേശ വകുപ്പിന്റെ മേൽപ്പറഞ്ഞ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളാണ് ഇപ്രകാരം അൺഫിറ്റ് ആണെന്ന് കണ്ടെത്തിയിട്ടുള്ളത്?

## സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചഭക്ഷണ പദ്ധതി

1463 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കുന്ന ഉച്ചഭക്ഷണ പദ്ധതിക്കായി സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ആവശ്യമായ തുകയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സംസ്ഥാന വിഹിതമായും കേന്ദ്രവിഹിതമായും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ;

(സി) കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക ഏതെങ്കിലും വർഷം ലഭിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുറവ് എങ്ങനെയാണ് പരിഹരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

1464 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിലെയും വിദ്യാലയങ്ങളിലെയും വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് പരീക്ഷാ ഭവനിലെ ഫയലുകളുടെ തീർപ്പാക്കൽ/പെൻഡിംഗ് വിവരങ്ങൾ ലഭ്യമാക്കാമോ?

## കെ-ടെറ്റ് നിർബന്ധമാക്കുന്ന സുപ്രീം കോടതി വിധി

1465 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ- ടെറ്റ് പരീക്ഷ നിയമം നടപ്പിലാക്കിയത് ഏതെല്ലാം ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കിയ വർഷം ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ഹൈസ്കൂൾ അധ്യാപകർ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാനത്ത് നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് നിർബന്ധമാക്കിയിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കെ-ടെറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സുപ്രിം കോടതിയിൽ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## ഹയർ സെക്കണ്ടറി ഓണ പരീക്ഷയുടെ ചോദ്യപേപ്പറുകൾ

1466 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഓണ പരീക്ഷയുടെ ചോദ്യപേപ്പറുകൾ സ്കൂൾ തലത്തിൽതന്നെ തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവാരമുള്ളതും മാതൃകാപരവുമായ ചോദ്യങ്ങൾ വിദഗ്ധ സമിതി തയ്യാറാക്കി അച്ചടിച്ച് സ്കൂളുകളിൽ ലഭ്യമാക്കുന്ന രീതി ഒഴിവാക്കുന്നതിലൂടെ പരീക്ഷയുടെ ഗുണനിലവാരവും മത്സര പരീക്ഷകൾ നേരിടാനുള്ള വിദ്യാർത്ഥികളുടെ ശേഷിയും കുറയുമെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്ന ഈ ഉത്തരവ് പിൻവലിച്ച് മുഴുവൻ പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ കേന്ദ്രീകൃതമായി എല്ലാ വിദ്യാലയങ്ങൾക്കും തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ വർണ്ണക്കൂടാരം പദ്ധതി

1467 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പദ്ധതി പ്രകാരം പ്രസ്തുത സ്കൂളുകൾക്ക് അനുവദിച്ച തുകയും വർഷവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിൽ നവീകരിക്കുന്ന സ്കൂളുകൾ</u>**

1468 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസവകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്;

(ബി) കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; സ്കൂളുകളുടെ പേര്, സാമ്പത്തിക വർഷം, തുക എന്നിവ തിരിച്ച് വിശദാംശം നൽകാമോ;

(സി) നബാർഡ് സഹായത്തോടെ ഉടുമ്പൻചോല മണ്ഡലത്തിൽ 2016-ന് ശേഷം നവീകരിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശം, സാമ്പത്തിക വർഷം, തുക എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

**<u>തൃക്കാക്കര തെങ്ങോട് ഗവൺമെൻറ് ഹൈസ്കൂൾ കെട്ടിടം സംരക്ഷിക്കാൻ നടപടി</u>**

1469 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജക മണ്ഡലത്തിലെ തെങ്ങോട് ഗവൺമെന്റ് ഹൈസ്കൂളിലെ കെ.ജി, എൽ.പി, യു.പി. വിഭാഗം കുട്ടികൾ പഠിക്കുന്ന കെട്ടിടത്തിനോട് ചേർന്ന് കഴിഞ്ഞ കാലവർഷത്തിൽ 20 അടിയോളം താഴ്ചയിൽ മണ്ണിടിഞ്ഞ്, കെട്ടിടത്തിനും പ്രസ്തുത കെട്ടിടത്തിൽ പഠിക്കുന്ന കുട്ടികളുടെയും അധ്യാപകരുടെയും ജീവന് തന്നെ ഭീഷണി നില നിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്ഥലപരിശോധന നടത്തി സുരക്ഷ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ണിടിഞ്ഞ ഭാഗം സുരക്ഷാഭിത്തി കെട്ടി സുരക്ഷിതമാക്കി സ്കൂൾ കെട്ടിടം സംരക്ഷിക്കുന്നതിനും കുട്ടികളുടെ സുരക്ഷിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>നാദാപുരം നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമാണം</u>**

1470 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജക മണ്ഡലത്തിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേനയും പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെട്ടിട നിർമാണം, നവീകരണം എന്നിവയ്ക്കായി ഏതെല്ലാം

സ്കൂളുകൾക്ക് തുക അനുവദിച്ചുവെന്നും അവയിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചതെന്നും എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ

1471 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ കയ്പമംഗലം മണ്ഡലത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

## അരുവിക്കര നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളുടെ മെയിന്റനൻസ്

1472 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുകയും പദ്ധതി സംബന്ധിച്ച വിവരങ്ങളും സ്കൂളിന്റെ പേര്, അനുവദിച്ച വർഷം, തൽസ്ഥിതി എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ വികസനം

1473 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പൊതു വിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

1474 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ പട്ടാമ്പി മണ്ഡലത്തിൽ, സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് / ആസ്തി വികസന ഫണ്ട് വഴി അല്ലാതെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ (അനുവദിച്ചിട്ടുള്ള തുക, അനുവദിച്ച വർഷം, പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയവ ) ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളിൽ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ

വിശദീകരിക്കാമോ?

**<u>വണ്ടൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

1475 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതു വരെ വണ്ടൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ വിവിധ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കിഫ്ബി, പ്ലാൻ ഫണ്ട്, ഓൺ ഫണ്ട്, പൊതുമരാമത്ത് വകുപ്പ്, നബാർഡ് തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്ന് അനുവദിച്ച തുകയുടെ വിശദവിവരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി</u>**

1476 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് തുകയും വർഷവും സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>സ്കോൾ-കേരളയിലെ ജീവനക്കാരുടെ ഹാജർ</u>**

1477 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾ-കേരളയിലെ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്താനും ശമ്പളം അനുവദിക്കാനും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചത് കെൽട്രോൺ മുഖേന ആണോയെന്നും ഏത് തീയതി മുതലാണ് ഇത് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(ബി) ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ വിരലടയാളം പതിച്ച് ഹാജർ രേഖപ്പെടുത്തുന്നതിൽ തിരിമറി നടത്തി, തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് ഓഫീസിൽ ഹാജരാകാത്ത ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തിയതിലെ ക്രമക്കേട് ആരംഭിച്ചത് എന്ന് മുതലാണെന്ന് അറിയിക്കുമോ; ഇതിനെക്കുറിച്ചുള്ള കെൽട്രോണിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ബയോമെട്രിക് പഞ്ചിംഗ് ക്രമക്കേട് സംബന്ധിച്ച് സർക്കാരോ സ്ഥാപനമോ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ ജീവനക്കാരുടെ പേരും തസ്തികയും വ്യക്തമാക്കുമോ;

(ഡി) ഈ ക്രമക്കേട് വഴി സ്ഥാപനത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സാമ്പത്തിക നഷ്ടം കുറ്റക്കാരിൽ നിന്നും ഈടാക്കുന്നതിനും അവർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## കുണ്ടറയിലെ വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

1478 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജക മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവർത്തികളുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി അനുവദിച്ച വിവിധ പ്രവൃത്തികൾ

1479 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി അനുവദിച്ച വിവിധ പ്രവൃത്തികൾ ഏതെല്ലാമെന്ന വിവരം പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സഹിതം ലഭ്യമാക്കാമോ?

## പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകൾ

1480 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നും ചെലവഴിക്കുന്ന തുക സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ

1481 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും

നടപ്പിലാക്കിയതുമായ പ്രവൃത്തികളും അവയുടെ വിശദവിവരവും തൽസ്ഥിതിയും ലഭ്യമാക്കാമോ?

## സമഗ്ര ശിക്ഷാ പദ്ധതി

1482 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം കേരളത്തിന് ലഭിച്ച തുക എത്രയാണ്; കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുക എത്രയാണ്; മുൻ സാമ്പത്തിക വർഷത്തെക്കാൾ തുക ഗണ്യമായി കുറയാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വ്യവസ്ഥകളും മാർഗ്ഗനിർദേശങ്ങളും പാലിക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനും വാർഷിക ആക്ഷൻ പ്ലാനും ബജറ്റും സമർപ്പിച്ച് ഫണ്ട് വാങ്ങി എടുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സമഗ്ര ശിക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

1483 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത്, തളിപ്പറമ്പ് മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര വിദ്യാലയങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; സ്കൂൾ അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ, തളിപ്പറമ്പ് മണ്ഡലത്തിൽ എത്ര സ്മാർട്ട് ക്ലാസ്റൂമുകൾ നിർമ്മിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ലാബുകൾ നവീകരിക്കുന്നതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; സ്കൂൾ അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ?

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

1484 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണത്തിന്റെ മെനുവിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഓരോ കുട്ടിക്കും നിലവിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പുതുക്കിയ മെനു അനുസരിച്ച് ഭക്ഷണം നൽകുന്നതിന് അധികമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഇതുവരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; വിശദാംശം നൽകുമോ;

(ഡി) കുടിശ്ശിക വിതരണം ചെയ്യാനും ഉച്ചഭക്ഷണ പദ്ധതിക്ക് കൂടുതൽ ഫണ്ട് അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുക

1485 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെ, സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; നിയമസഭാ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2011-16 സർക്കാരിന്റെ കാലയളവിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുകയെത്രയെന്ന് വിശദമാക്കാമോ ?

## പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയും മൂല്യനിർണ്ണയ സംവിധാനവും

1486 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യപദ്ധതിയിലും മൂല്യനിർണ്ണയ സംവിധാനത്തിലും മാറ്റം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യ നിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതു പരീക്ഷകളുടെ ചോദ്യപ്പേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും വിദ്യാർത്ഥി കേന്ദ്രീകൃതവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, വ്യക്തമാക്കാമോ;

(ഇ) പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

## ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം

1487 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; ഈ വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഹയർ സെക്കൻഡറി പഠനം സെമസ്റ്റർ രീതിയിലേക്ക് മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## പ്രീപ്രൈമറി വിദ്യാർത്ഥികളുടെ പാഠപുസ്തകത്തിന്റെ വിതരണം

1488 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യയന വർഷം ആരംഭിച്ച് രണ്ടുമാസം കഴിഞ്ഞിട്ടും സംസ്ഥാനത്തെ പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ലഭ്യമായിട്ടില്ലെന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 2025 മെയ് മാസത്തിൽ വിദ്യാഭ്യാസ മന്ത്രി വിതരണ ഉദ്ഘാടനം നിർവഹിച്ചിട്ടും നാളിതുവരെ പുസ്തകം വിതരണം ചെയ്യുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പുസ്തകങ്ങളുടെ വിതരണ ഉദ്ഘാടനം നിർവഹിച്ച സമയത്ത് അച്ചടിച്ച പുസ്തകങ്ങൾ ലഭ്യമായിരുന്നോ; എങ്കിൽ അച്ചടിച്ച എത്ര കോപ്പികൾ ലഭ്യമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പുസ്തകത്തിന്റെ അഭാവം കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ എത്രയും വേഗം പുസ്തക വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

## പാഠപുസ്തകങ്ങളുടെ പരിഷ്കരണം

1489 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിൽ അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ദരുടെയും പങ്കാളിത്തം എങ്ങനെയാണ് ഉറപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതുക്കിയ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പുതുമകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ദേശീയ വിദ്യാഭ്യാസ നയം ഉൾപ്പെടെയുള്ള മാർഗ്ഗരേഖകൾക്ക് അനുസൃതമായും സംസ്ഥാനത്തിന്റെ സാമൂഹ്യ, സാംസ്കാരിക പ്രത്യേകതകളെ പരിഗണിച്ചും

പാഠപുസ്തക പരിഷ്കരണം നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) പാഠപുസ്തക വിതരണം സമയബന്ധിതമായും ഗ്രാമീണ നഗര മേഖലകൾക്ക് ഒരുപോലെ പ്രയോജനപ്രദവുമാകുന്ന തരത്തിലും ക്രമീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പ്രീ പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കുന്നതിനുള്ള നടപടി

1490 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരംഭിച്ചതും പിന്നീട് സർക്കാർ ഏറ്റെടുത്തതുമായ എൽ.പി., യു.പി., ഹൈസ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.യുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിലെ അധ്യാപികമാർക്കും ആയമാർക്കും സർക്കാരിൽ നിന്നും ഓണറേറിയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാസംവിധാനവുംമോ;

(ബി) ഇതു സംബന്ധിച്ച് 30-11-2015-ലെ 63427/P1/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമോ; വ്യക്തമാക്കാമോ?

## ഹയർ സെക്കൻഡറി സ്കൂൾ കുട്ടികളിൽ നിന്നീടാക്കുന്ന ലാബ് ഫീസ്

1491 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ലാബ് ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ നാളിതുവരെ ലാബ് ഫീസ് ഇനത്തിൽ ഈടാക്കിയ തുക വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ലാബ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ നിന്ന് എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ലാബിന്റെ ആവശ്യത്തിലേക്ക് എന്തെങ്കിലും തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ ലാബ് ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ നിന്ന് നാളിതുവരെ എയ്ഡഡ് ഹയർ സെക്കൻഡറി ലാബിന്റെ ആവശ്യത്തിലേക്ക് തുക അനുവദിച്ചിട്ടില്ലായെങ്കിൽ തുടർന്ന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

1492 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബജറ്റ് ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ

വിനിയോഗിച്ചുള്ള വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ ഏതെങ്കിലും വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കാർത്തികപള്ളി ഗവ. യു.പി. സ്കൂളിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; പുതിയ കെട്ടിടത്തിന്റെ ഇലക്ട്രിക്ക് വർക്കുകളുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത കെട്ടിടത്തിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അടിയന്തരമായി നടത്തേണ്ട മെയിന്റനൻസ് വർക്കുകൾ നിർവ്വഹിക്കുന്നതിനുമായി എല്ലാ വിദ്യാലയങ്ങളിലും പ്രത്യേക സുരക്ഷാ ഓഡിറ്റുകൾ നടത്തുമോയെന്ന് അറിയിക്കുമോ?

## മെയിന്റനൻസ് തുക അനുവദിച്ചതിന്മേൽ തുടർ നടപടി

1493 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അവനവൻചേരി ഹൈസ്കൂൾ കെട്ടിടത്തിന്റെ മെയിന്റനൻസിന് തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

## കൗമാരക്കാരിലെ ലഹരി ഉപഭോഗം നിയന്ത്രിക്കാൻ കർമ്മ പദ്ധതി

1494 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പുതുതലമുറയെ ലഹരിയിൽനിന്നും അക്രമവാസനകളിൽനിന്നും പൂർണ്ണമായും പിന്തിരിപ്പിക്കുന്നതിനുവേണ്ടി സജീവമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിന് സഹായകമാകുന്ന വിധത്തിൽ വീടും വിദ്യാലയവും ഒരുമിച്ച് പ്രവർത്തിക്കുന്നതിന് ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂൾ കാമ്പസിലും പുറത്തും ശക്തമായ ലഹരിവിരുദ്ധ പ്രചാരണം നടത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;

(ഡി) വിദ്യാർത്ഥികളെ ലക്ഷ്യമിടുന്ന ലഹരിമരുന്നു വ്യാപാരികളെ കണ്ടെത്തുന്നതിനും അവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## പ്ലസ് വൺ സീറ്റുകളിൽ അഡ്മിഷൻ

1495 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കുമോ;

(ബി) മലബാർ മേഖലയിൽ ഈ അധ്യയന വർഷം ഹയർസെക്കൻഡറി പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്ര; എത്ര വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിച്ചു; എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുവാൻ ഉണ്ട്; വ്യക്തമാക്കുമോ;

(സി) മലബാർ മേഖലയിൽ ഒരു ഹയർ സെക്കൻഡറി ക്ലാസ്സിൽ പഠിക്കുന്ന ശരാശരി വിദ്യാർഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ ശരാശരി എത്രയാണെന്ന് വ്യക്തമാക്കുമോ; അധ്യാപക-വിദ്യാർത്ഥി അനുപാതം ക്രമീകരിക്കുന്ന രീതിയിൽ മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരണം

1496 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജില്ലാ സ്കൂൾ കലോത്സവം മുതൽ സംസ്ഥാന സ്കൂൾ കലോത്സവത്തിന് വരെ വിധികർത്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിൽ ഉണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടന്ന സ്കൂൾ കലോത്സവങ്ങളിൽ കലോത്സവ മാന്വൽ അനുശാസിക്കും പ്രകാരമാണോ വിധികർത്താക്കളെ തെരഞ്ഞെടുത്തത് എന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) ചില പ്രത്യേക മത്സര ഇനങ്ങൾക്ക് ഏജന്റുമാർ നിശ്ചയിക്കുന്ന വിധികർത്താക്കളെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ വിധികർത്താക്കളുടെ പാനലിൽ തിരുകി കയറ്റുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം നൽകാമോ;

(ഡി) നിലവിലെ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിച്ച് വരും വർഷങ്ങളിലെ സ്കൂൾ കലോത്സവങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പൊതുവിദ്യാലയങ്ങളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം

1497 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും വർദ്ധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളുടെയും അകാലമരണങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കായിക/ആരോഗ്യ ക്ഷമത

ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ കായിക വിദ്യാഭ്യാസം നിർബന്ധ പാഠ്യ വിഷയമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദീകരിക്കുമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി കായികാദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമായും കാലോചിതമായും പരിഷ്കരിച്ച് കായികാദ്ധ്യാപക നിയമനങ്ങൾ നടത്താമോ; വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായിക വിദ്യാഭ്യാസവും കായികാദ്ധ്യാപക നിയമനവും നിർബന്ധ വ്യവസ്ഥകൾ ആക്കാമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കായികാദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കാമോ; വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കായികാദ്ധ്യാപകരെ ജനറൽ അദ്ധ്യാപകരായി ( യു. പി. എസ്. ടി., എച്ച്. എസ്. ടി. ) പരിഗണിക്കുന്ന കാര്യം പരിശോധിക്കാമോ; വ്യക്തമാക്കുമോ?

## സ്കൂൾ കായികമേള

1498 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കായികമേളകളുടെ നടത്തിപ്പിനായി ചെലവാകുന്ന തുക എപ്രകാരമാണ് കണ്ടെത്തുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഫീസ് പിരിക്കാറുണ്ടെങ്കിൽ പ്രസ്തുത ഫീസിൽ നിന്ന് സ്കൂൾ , ജില്ലാ, സംസ്ഥാനതല കായിക മേള നടത്തിപ്പിനായി എപ്രകാരമാണ് തുക വിനിയോഗിച്ചിരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇനിമുതൽ കായികമേള നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് പുതിയ രീതി കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ആയത് പ്രകാരം സ്കൂൾതല കായിക മേളകൾ നടത്തുന്നതിന് എപ്രകാരമാണ് പണം അനുവദിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## തിരുവനന്തപുരം ജില്ലയിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടം

1499 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് പുതിയ കെട്ടിടം

1500 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടം സുരക്ഷിതമല്ല എന്ന് റിപ്പോർട്ട് ലഭിച്ച പുതുക്കാട് മണ്ഡലത്തിലെ ജി.എൽ.പി.എസ് മറ്റത്തൂർ, എ.എൽ.പി.എസ് അളഗപ്പനഗർ എന്നീ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുമതിയും ആവശ്യമായ ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

## ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന പ്രവൃത്തി

1501 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായുള്ള ജി.ഇ.ഡി.എൻ-എൻ1/25/2022-ജി.ഇ.ഡി.എൻ. കമ്പ്യൂട്ടർ നം.2016383 നമ്പർ ഫയൽ പ്രകാരമുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) സ്റ്റാഫ് മാനേജ്മെന്റിന്റെ കീഴിലായിരുന്ന, നിലവിൽ വിദ്യാഭ്യാസ വകുപ്പ് മാനേജ്മെന്റായി പ്രവർത്തിക്കുന്ന ചൂലിശ്ശേരി എസ്.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

## കുടവെച്ചൂർ ദേവീവിലാസം സ്കൂൾ നിർമ്മാണം

1502 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്ന കുടവെച്ചൂർ ദേവീവിലാസം സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ;

(ബി) ഈ കലണ്ടർ വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) എന്നത്തേക്ക് ഈ സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ഭരണാനുമതി നൽകിയ സ്കൂളുകൾ

1503 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് കിഫ്ബി മുഖേന ഭരണാനുമതി നൽകിയ സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്ന്

വ്യക്തമാക്കുമോ?

## സ്കൂളുകളിലെ കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടി

1504 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പാലക്കാട് ജില്ലയിലെ എത്ര സ്കൂളുകളിലെ കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകൾ ഏതെല്ലാമാണെന്ന് ഉൾപ്പടെയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ഗുരുവായൂർ മണത്തല ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ

1505 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മണത്തല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 8646535/2024 (ഫയൽ നമ്പർ .W3/17020/24) നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിലെ നടപ്പ് ഫയലിന്റെയും കുറിപ്പ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കൂളിൽ ഡിവിഷനുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുവായൂർ എം.എൽ.എ. നൽകിയ കത്തുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സെന്റ് തോമസ് യു.പി. സ്കൂൾ ചലഞ്ച് ഫണ്ട്

1506 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറുമുള്ളൂർ സെൻറ് തോമസ് യു.പി.സ്കൂളിനെ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടും സർക്കാർ വിഹിതമായ നാല്പത് ലക്ഷം രൂപ ഇതുവരെ അനുവദിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുമോ;

(ബി) സ്കൂൾ ഫണ്ടിൽ നിന്നെടുത്ത നാല്പത് ലക്ഷം രൂപയും അതിന്റെ പലിശയും കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനായി വിനിയോഗിച്ചതു സംബന്ധിച്ച വിഷയത്തിൽ സർക്കാർ ഫണ്ട് നൽകുമ്പോൾ പലിശതുക കുറച്ച് നൽകിയാൽ മതി എന്ന സ്കൂൾ മാനേജ്മെന്റിന്റെ കത്ത് സർക്കാർ അംഗീകരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാകാതിരിയ്ക്കുന്നതിലേയ്ക്ക് ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) സെന്റ് തോമസ് യു.പി. സ്കൂളിന്റെ അപേക്ഷയും മാനേജ്മെന്റിന്റെ പരിഹാര നിർദ്ദേശവും സർക്കാർ പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ

പരിഹാരത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടി എന്തൊക്കെയാണ്;

(ഇ) പ്രസ്തുത വിഷയത്തിൽ കമ്പ്യൂട്ടർ നം. 9440373/25 പ്രകാരം 18/03/2025 ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

**ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

1507 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ അവകാശികൾ ഇല്ലാത്തതും വിദ്യാഭ്യാസ പ്രവർത്തനത്തിന് വേണ്ടി മാത്രം ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുള്ളതുമായ ഉള്ളിയേരി ജി.എൽ.പി. സ്കൂളിന്റെ ഭൂമി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുന്നതിൽ എന്താണ് തടസ്സമെന്ന് അറിയിക്കാമോ;

(ബി) ഉള്ളിയേരി ജി.എൽ.പി സ്കൂളിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫയൽ (ബി2-346/2022) കോഴിക്കോട് ജില്ലാ കളക്ടറുടെ ശിപാർശയോടെ റവന്യൂ വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിന് കൈമാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

**തിരൂരങ്ങാടി ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് നവീകരണം**

1508 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സംബന്ധിച്ച് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; തീയതിയും ഇനവും തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത യോഗത്തിനുശേഷം ഈ പ്രവൃത്തിയുടെ തുടർനടപടികളിൽ പുരോഗതി ഇല്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് തിരൂരങ്ങാടി എം.എൽ.എ. നൽകിയ കത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ മറുപടിയുടെ അല്ലെങ്കിൽ അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ പ്രവൃത്തി സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ഇ) ബഹു. സ്പോർട്സ് വകുപ്പ് മന്ത്രി നിർമ്മാണ ഉദ്ഘാടനം നിർവഹിച്ച് വർഷങ്ങൾ കഴിഞ്ഞ ശേഷവും പ്രവർത്തിക്കാത്ത ഈ പ്രവൃത്തിയുടെ നിർമ്മാണം എന്നേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ;

(എഫ്) ഈ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കാൻ ഉണ്ടോ; ഇനം തിരിച്ച് വിശദമാക്കാമോ?

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പുതിയ സ്കൂൾ കെട്ടിടങ്ങൾ**

1509 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് പുതിയ കെട്ടിടങ്ങൾ അനുവദിച്ചതെന്നും ഏതൊക്കെയാണ് പുതുക്കി പണിതതെന്നും ഓരോന്നിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം സഹിതം അറിയിക്കാമോ?

**<u>അദ്ധ്യാപകർക്ക് ടെറ്റ് നിർബന്ധമാക്കിയ ബഹു:സുപ്രീം കോടതി ഉത്തരവ്</u>**

1510 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ അദ്ധ്യാപകരായി സേവനം ചെയ്യുന്ന 4 വർഷമോ അതിൽ കൂടുതലോ സർവീസ് ബാക്കിയുള്ള എല്ലാ അദ്ധ്യാപകരും അദ്ധ്യാപക യോഗ്യത ടെസ്റ്റ് (ടെറ്റ്) പാസ്സാകണമെന്നും നാല് അവസരം നല്കിയതിന് ശേഷവും പാസ്സായില്ലെങ്കിൽ അവരെ പിരിച്ചുവിടണമെന്നും രാജ്യത്തെ പരമോന്നത കോടതി ഉത്തരവായിട്ടുണ്ടോയെന്നത് വ്യക്തമാക്കുമോ;

(ബി) ടെറ്റ് നിർബന്ധമാക്കുന്നതിന് മുൻപ് പി.എസ്.സി. നോട്ടീഫിക്കേഷൻ വഴി അദ്ധ്യാപക നിയമനം നേടിയവരും ടെറ്റ് പാസ്സാകുന്നതിൽ നിന്നും സർക്കാർ ഇളവ് നൽകിയ അധിക യോഗ്യതകളായ സെറ്റ്, നെറ്റ്, എംഫിൽ എന്നീ യോഗ്യതയുള്ളവരെയും ഈ ഉത്തരവ് എങ്ങനെ ബാധിക്കുമെന്ന് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് ഇത് മൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യകതമാക്കുമോ?

**<u>ടീച്ചർ എലിജിബിലിറ്റി ടെസ്റ്റുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി</u>**

1511 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിരമിക്കുന്നതിന് അഞ്ചുവർഷം മാത്രം ബാക്കിയുള്ള അധ്യാപകർ ഒഴികെ സർവീസിലുള്ള എല്ലാ അധ്യാപകരും ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കണമെന്ന സുപ്രീം കോടതിവിധിയിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സുപ്രീം കോടതി വിധിയിൽ സംസ്ഥാന സർക്കാർ പുന:പരിശോധന ഹർജിയോ മറ്റ് നിയമ നടപടികളോ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന അധ്യാപകരുടെ സർവീസ് പരിഗണിച്ച് അവരെ എലിജിബിലിറ്റി ടെസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിയതിനെ തുടർന്ന് ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവം

1512 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട നാറാണമൂഴിയിൽ അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിയതിനെ തുടർന്ന് ഭർത്താവ് ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപികയുടെ ശമ്പള കുടിശ്ശിക വൈകിപ്പിച്ച സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(സി) ഹൈക്കോടതി ഉത്തരവ് വന്ന് എട്ടുമാസം കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ വൈകാനുണ്ടായ കാരണം വിശദമാക്കുമോ?

## ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിലെ എലിജിബിലിറ്റി ടെസ്റ്റ്

1513 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വർഷങ്ങളുടെ ഇടവേളകളിൽ മാത്രം നടത്തുന്ന എലിജിബിലിറ്റി ടെസ്റ്റ് പാസായിട്ടില്ലെന്ന കാരണത്താൽ ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2013 മുതൽ നിയമിതരായ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ് തുടങ്ങിയ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷ പാസാവുന്നതിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്മേൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; മുൻകാലങ്ങളിലെന്നപോലെ ഇളവ് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമനാംഗീകാരം

1514 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെയും ജീവനക്കാരുടെയും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകുവാൻ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സർക്കാർ ഉത്തരവുകളും ഡി.ജി.ഇ. സർക്കുലറുകളും ഉണ്ടായിട്ടും ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിയമന അംഗീകാര ഫയലുകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുന്നതായും തീർപ്പു കൽപ്പിക്കാതെ കാലതാമസം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫയലുകൾ നിരസിക്കുന്ന പ്രവണത ഒഴിവാക്കുവാൻ ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദേശം നൽകുന്നതോടൊപ്പം വേണ്ടത്ര പരിചയമില്ലാത്തവർക്ക് പ്രത്യേക പരിശീലനം നൽകുവാനും നടപടി സ്വീകരിക്കുമോ;

(ഇ) ജില്ലയിലെ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ദിവസവേതന/സ്ഥിരം നിയമനങ്ങൾക്ക് എത്രയും വേഗം അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

## നിയമനാംഗീകാരം ലഭിക്കാത്ത കാസർകോട് ജില്ലയിലെ സ്കൂൾ അധ്യാപകർ

1515 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ നിയമനാംഗീകാരം ലഭിക്കാത്തതു കാരണം ശമ്പളം ഇല്ലാതെ ജോലി ചെയ്യുന്ന എത്ര എയ്ഡഡ് സ്കൂൾ അധ്യാപകരുണ്ടെന്ന് സ്കൂൾ തിരിച്ച് നിയമിക്കപ്പെട്ട വർഷം സഹിതം വ്യക്തമാക്കാമോ;

(ബി) ശമ്പളമില്ലാതെ ജോലി ചെയ്യേണ്ട അവസ്ഥ എന്തുകൊണ്ട് സംജാതമായെന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്തു ജീവിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന പ്രയാസവും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമനാംഗീകാരം ലഭിച്ച് ശമ്പളം ലഭിക്കുമ്പോൾ തിരിച്ചു പിടിക്കാമെന്ന വ്യവസ്ഥയിൽ ഇവർക്ക് താൽക്കാലിക ആശ്വാസം ലഭ്യമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) പ്രസ്തുത അധ്യാപകർക്ക് നിയമനാംഗീകാരം എപ്പോൾ ലഭിക്കുമെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ആദിവാസി വിഭാഗത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം

1516 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ പ്രവേശന നിരക്ക്, പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നവരുടെ (ഡ്രോപ്പ്ഔട്ട്) നിരക്ക്, വിജയ നിരക്ക് എന്നിവയുടെ കണക്കുകൾ 2024 - 2025 വർഷത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

## എയ്ഡഡ് മേഖലയിൽ ജോലിയിൽ പ്രവേശിച്ച അധ്യാപകർക്ക് ജോലി സംരക്ഷണം

1517 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 അദ്ധ്യയന വർഷം വരെ എയ്ഡഡ് മേഖലയിൽ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് അന്നത്തെ സർക്കാരിന്റെ കാലയളവിൽ ജോലി സംരക്ഷണം നൽകിയ മാതൃകയിൽ 2015 മുതൽ ജോലിയിൽ പ്രവേശിച്ച എയ്ഡഡ് മേഖലയിലെ

അദ്ധ്യാപകർക്ക് ജോലി സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) 26.9.24 ലെ 120/2024/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2015 ന് ശേഷം നിയമിക്കപ്പെട്ട ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകർക്ക് ജോലി സംരക്ഷണം നൽകിയ നടപടി മേൽപ്പറഞ്ഞ കാലയളവിൽ നിയമിതരായ മുഴുവൻ അദ്ധ്യാപകർക്കും ബാധകമാക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഭിന്നശേഷി നിയമനത്തിലെ നടപടിക്രമങ്ങൾ

1518 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചത് ഒഴികെയുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുവാൻ സുപ്രീംകോടതി എൻ. എസ്. എസ്. മാനേജ്മെന്റിന് അനുമതി നൽകിയ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഇപ്രകാരം സ്ഥിര അധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മൂലം മറ്റ് നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും ആവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനും സാധിക്കാതെ വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## പൊതു വിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ

1519 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച 132/2016 എന്ന റിട്ട് പെറ്റിഷനിൽ 07-03-2025-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ വിധിന്യായ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനത്തിനായി സ്ക്രീനിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ റെഗുലർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അധ്യാപക സംഘടനകളുടെ അംഗീകാരം

1520 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ അംഗീകാരമുള്ള എത്ര

അധ്യാപക സംഘടനകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നതിന് 1958 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പ്രവർത്തിച്ചു വരുന്ന അധ്യാപക സംഘടനകൾ പൊതുവിദ്യാഭ്യാസ മേഖലക്ക് നൽകി വരുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരുന്ന ഏതെങ്കിലും സംഘടനയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനോ സംഘടനകളുടെ അംഗീകാരം പിൻവലിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു വരുന്ന സംഘടനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) സംഘടനകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിയമങ്ങളിലും ഭേദഗതി വരുത്തുന്നത് സംബന്ധിച്ചും അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം സർക്കാർ തലത്തിൽ വിളിച്ചു ചേർത്തിരുന്നോ; എങ്കിൽ യോഗത്തിന്റെ മിനുട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതു സംബന്ധിച്ച അഭിപ്രായങ്ങൾ അറിയിച്ച് വിവിധ അധ്യാപക സംഘടനകൾ നൽകിയ കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

1521 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഈ കാലയളവിൽ വടകര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്നുള്ള കണക്ക് വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

## സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം

1522 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ് (UDISE PLUS) റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ വിദ്യാഭ്യാസ നിലവാരം, ഇതര സംസ്ഥാനങ്ങളുമായുള്ള താരതമ്യം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് അവകാശപ്പെട്ട സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

## സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

1523 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കോൾ-കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുന്നതിന് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രസ്തുത തസ്തികയുടെ വിരമിക്കൽ പ്രായം 58 എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; ടിയാന്റെ നിയമന ഉത്തരവിൽ പ്രസ്തുത പ്രായപരിധി വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത നിയമന ഉത്തരവിന്റെയും നിയമന വിജ്ഞാപനത്തിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ അംഗീകരിച്ച സ്കോൾ-കേരളയുടെ സർവ്വീസ് ചട്ടത്തിലെ ഷെഡ്യൂൾ രണ്ടിൽ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതകൾ, നിയമന രീതി എന്നിവ നിശ്ചയിക്കാനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് 58 വയസ്സ് ഏത് തീയതിയിൽ പൂർത്തിയാകുമെന്നും, പ്രസ്തുത തസ്തികയിലെ നിയമനത്തിന് സെലക്ഷൻ കമ്മിറ്റി തയ്യാറാക്കി, ജനറൽ കൗൺസിൽ യോഗം അംഗീകരിച്ച സെലക്ഷൻ ലിസ്റ്റിൽ എത്ര പേരുണ്ട് എന്നും അവരുടെ പേര് വിവരങ്ങളും ലഭ്യമാക്കുമോ?

## ഭിന്നശേഷി സംവരണം

1524 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണ വിഷയത്തിലെ കോടതി വിധി ഒരു മാനേജ്മെന്റിന് മാത്രം ബാധകമാണെന്ന സർക്കാരിന്റെ നിലപാട് തുല്യനീതിയിൽ അധിഷ്ഠിതമായ ഭരണഘടനാപരമായ സമത്വാവകാശം (Article 14) ലംഘിക്കുന്നില്ലേ; വിശദീകരിക്കുമോ;

(ബി) തുല്യത ഉറപ്പാക്കുന്നതിനായി ഭിന്നശേഷി സംവരണം മറ്റ് മാനേജ്മെന്റ് സ്കൂളുകളിലും ഒരേ രീതിയിൽ ബാധകമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ ഉറപ്പാക്കണമെന്ന് നിയമം വ്യക്തമാക്കുമ്പോൾ, അത് നടപ്പാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പ് കാണിക്കുന്ന വൈരുദ്ധ്യം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) നീതി ഉറപ്പാക്കാനുള്ള നടപടിയുടെ ഭാഗമായി അധ്യാപകരുടെ നിയമനാവകാശം സംരക്ഷിക്കാനും നിയമപ്രകാരം ഭിന്നശേഷി സംവരണം നടപ്പാക്കാനും സർക്കാർ സ്വീകരിച്ചുവരുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>മലയിൻകീഴ് വൊക്കേഷണൽ ഹയർ സെക്കൻഡറിക്കായുള്ള കെട്ടിട നിർമ്മാണം</u>**

1525 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിട നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിലും പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുമതി ലഭ്യമായില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം തന്നെ പ്രസ്തുത കെട്ടിടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക അനുവദിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വരവ് ചെലവ് കണക്കുകൾ</u>**

1526 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് 2024-2025 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി സർക്കാരിന് നൽകാത്തതായ സാഹചര്യം ഉണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഇത് സർക്കാരിന്റെ കടമെടുപ്പിനെ ബാധിക്കുമെന്ന ആശങ്ക ചീഫ് സെക്രട്ടറി വകുപ്പിനെ അറിയിച്ചിരുന്നോ; വിശദമാക്കാമോ?

**<u>പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ</u>**

1527 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 എന്നീ അധ്യയന വർഷങ്ങളിൽ സ്വകാര്യ വിദ്യാലയങ്ങളിൽ നിന്നും പൊതുവിദ്യാലയങ്ങളിലേക്ക് രണ്ട് മുതൽ പത്താം ക്ലാസ് വരെ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം, ക്ലാസ് എന്നിവ തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(ബി) 2024- 25, 2025-26 അധ്യയന വർഷം പൊതു വിദ്യാലയങ്ങളിൽ നിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി സംസ്ഥാനത്തെ സ്വകാര്യ വിദ്യാലങ്ങളിൽ പ്രവേശനം നേടിയ രണ്ട് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ എണ്ണം, ക്ലാസ് എന്നിവ തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(സി) 2016-2017 അധ്യയന വർഷം മുതൽ 2025- 2026 അധ്യയന വർഷം വരെ സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അധ്യയന വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(ഡി) 2016-2017 അധ്യയന വർഷം മുതൽ 2025- 2026 അധ്യയന വർഷം വരെ സംസ്ഥാനത്ത് സ്വകാര്യ സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം അധ്യയന വർഷം തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ ?

## ചലഞ്ച് ഫണ്ട് സംബന്ധിച്ച്

1528 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ സെന്റ് ജോസഫ് ഹൈസ്കൂൾ മതിലകം, സെൻ്റ് മേരിസ് എൽ. പി. സ്കൂൾ മതിലകം, സീതി സാഹിബ് ഹയർസെക്കൻഡറി സ്കൂൾ അഴീക്കോട്, എം.ഇ.എസ്. ഹയർ സെക്കൻഡറി സ്കൂൾ വെമ്പല്ലൂർ, എ. എം.ഐ. യു. പി. സ്കൂൾ എറിയാട്, എസ്. എൻ. വി. എൽ. പി. എസ്. എടത്തുരുത്തി വെസ്റ്റ്, നാഷണൽ എൽ.പി. സ്കൂൾ പെരിഞ്ഞനൂർ, എടത്തുരുത്തി എന്നീ വിദ്യാലയങ്ങളുടെ കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും നാളിതുവരെയും ചലഞ്ച് ഫണ്ട് മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമായിട്ടില്ലാത്തതിനാൽ ആയതു എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## വിദ്യാഭ്യാസ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1529 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദ്യാഭ്യാസ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## അദ്ധ്യാപക സംഘടനകളുടെ റഫറണ്ടം

1530 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഇ. ആർ. ഭേദഗതി വരുത്തി ഹയർ സെക്കൻഡറി അധ്യാപക സംഘടനകൾ ഉൾപ്പെടെയുള്ള കാറ്റഗറിക്കൽ സംഘടനകളെ റഫറണ്ടം നടത്തി ഒഴിവാക്കാനുള്ള നീക്കമുണ്ടോ;

(ബി) ഇതിനോടനുബന്ധിച്ച് 19- 8 - 2025 ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അധ്യാപക സംഘടനകളുടെ യോഗം വിളിച്ചിരുന്നോ; വ്യക്തമാക്കാമോ; പ്രസ്തുത യോഗത്തിൽ എത്ര അധ്യാപക സംഘടനകൾ പ്രസ്തുത നടപടിയെ

അനുകൂലിച്ചുവെന്നും എത്ര അധ്യാപക സംഘടനകൾ എതിർത്തുവെന്നും വ്യക്തമാക്കുമോ;

(സി) കെ. ഇ. ആർ. പ്രകാരം കാറ്റഗറിക്കൽ സംഘടനകൾക്ക് അംഗീകാരം നൽകിയിട്ട് ഇപ്പോൾ അവയുടെ അംഗീകാരം റദ്ദാക്കാനുള്ള നീക്കം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>സ്കോൾ-കേരള</u>**

1531 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ, സ്കോൾ-കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാന്റെ നിയമനം വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ; അതുമൂലം സ്ഥാപനത്തിനും വിദ്യാർത്ഥികൾക്കും ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈസ് ചെയർമാന്റെ നിയമനത്തിന് വേണ്ടി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചതെന്നാണ്; പ്രസ്തുത സെലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനും അംഗങ്ങളും ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സെലക്ഷൻ കമ്മിറ്റി എത്ര യോഗങ്ങൾ ഇതിനകം ചേർന്നുവെന്നും വൈസ് ചെയർമാൻ നിയമനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ ; യോഗം ചേർന്നിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) സ്കോൾ-കേരളയിൽ വൈസ് ചെയർമാനെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ഫിറ്റ്നസ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങൾ</u>**

1532 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 2025 -26 അധ്യയന വർഷത്തിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങൾ ഉള്ള എത്ര വിദ്യാലയങ്ങൾ ഉണ്ട് എന്ന വിവരം വിദ്യാഭ്യാസ ജില്ല തിരിച്ച്, സ്കൂളുകളുടെ പേരുകൾ സഹിതം ലഭ്യമാക്കാമോ;

(ബി) കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ 2025 -26 അധ്യയന വർഷത്തിൽ ഫിറ്റ്നസ് ഇല്ലാത്ത എത്ര കെട്ടിടങ്ങളിൽ ക്ലാസുകൾ നടക്കുന്നുണ്ട് എന്ന വിവരം വിദ്യാഭ്യാസ ജില്ല തിരിച്ച്, സ്കൂളുകളുടെ പേരുകൾ സഹിതം ലഭ്യമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ കേരളത്തിലെ വിദ്യാലയങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ തകർന്നുവീണ സ്കൂൾ കെട്ടിടങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ കേരളത്തിലെ വിദ്യാലയങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ തകർന്നുവീണ സ്കൂൾ കെട്ടിടങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവയിൽ

ഫിറ്റ്നസ് ഉണ്ടായിരുന്നവയും ഇല്ലാതിരുന്നവയും ഏതെല്ലാമായിരുന്നു എന്ന് പ്രത്യേകം അറിയിക്കാമോ;

(ഇ) 2016 മുതൽ നാളിതുവരെ കേരളത്തിലെ വിദ്യാലയങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ സ്കൂൾ കെട്ടിടങ്ങൾ തകർന്നത് മൂലം ആളപായവും പരിക്കുകളും ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിവരം വിശദമാക്കാമോ;

(എഫ്) കേരളത്തിലെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത എത്ര കെട്ടിടങ്ങൾ പൊളിച്ച് നീക്കാതെ നിലനിൽക്കുന്നുണ്ട് എന്ന വിവരം വിദ്യാഭ്യാസ ജില്ല തിരിച്ച്, സ്കൂളുകളുടെ പേരുകൾ സഹിതം അറിയിക്കാമോ;

(ജി) കമ്പി അഴികൾ ഇല്ലാത്ത ജനലുകളും അടർന്നുവീഴുന്ന ഭിത്തികളുമുള്ള ഓടിട്ട കെട്ടിടങ്ങളും, സീലിങ് ഇല്ലാത്ത ജി. ഐ. ഷീറ്റ് കെട്ടിടങ്ങളും ഉള്ള വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ?

## പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

1533 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ഹയർ സെക്കൻഡറി സ്കൂൾകെട്ടിടം പൈതൃക മന്ദിരമാക്കാൻ നടപടി

1534 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ 108 വർഷം പഴക്കമുള്ള എളങ്കുന്നപ്പുഴ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം പൈതൃക മന്ദിരം എന്ന നിലയിൽ സംരക്ഷിക്കുന്നതിനായി 12.07.2023-ന് എം.എൽ.എ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, തുടർനടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ, ചുമതലപ്പെടുത്തി രണ്ടു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?സെക്കണ്ടറി?

## ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ & ട്രെയിനിംഗ് - ലെ ശമ്പള കുടിശ്ശിക

1535 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ & ട്രെയിനിംഗ് (ഡയറ്റ്) ലെ അധ്യാപകർക്കും അനധ്യാപകർക്കും

യഥാസമയം ശമ്പളം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) നിലവിൽ എത്ര മാസത്തെ ശമ്പള കുടിശ്ശികയുണ്ട്; ശമ്പള കുടിശ്ശിക ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുമ്പള വാഗേവി എ.എൽ. പി സ്കൂൾ, നൽക-യിലെ അറബിക് ടീച്ചർ തസ്തിക

1536 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കുമ്പള വാഗേവി എ. എൽ. പി. സ്കൂൾ, നൽക - യിലെ ഈ വർഷത്തെ തസ്തിക നിർണ്ണയത്തിൽ പാർട്ട് ടൈം അറബിക് ടീച്ചർ തസ്തിക നഷ്ടപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറബിക് പഠനത്തിന് മതിയായ കുട്ടികൾ ഉണ്ടായിട്ടും രക്ഷിതാക്കൾ സമ്മതപത്രം നൽകിയിട്ടും പ്രധാനധ്യാപിക ആറാം പ്രവൃത്തി ദിനത്തിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ ചേർക്കാത്തതാണെന്നു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ടി പ്രധാനധ്യാപികയ്ക്കെതിരെ അന്വേഷണം നടത്തി നടപടി എടുക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ;

(സി) ജോലി നഷ്ടപ്പെട്ട അധ്യാപിക മുഖ്യമന്ത്രിക്കും പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും മഞ്ചേശ്വരം എം.എൽ. എ. മുഖേന സമർപ്പിച്ച നിവേദനത്തിൽ വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളിൽ അറബിക്ക് പഠനത്തിന് മതിയായ കുട്ടികൾ ഉണ്ടെന്നിരിക്കെ നഷ്ടപ്പെട്ട അധ്യാപക തസ്തിക പുന:സ്ഥാപിക്കാനും ജോലി നഷ്ടപ്പെട്ട അറബിക് ടീച്ചറെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം

1537 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷി വിദ്യാർഥികൾക്ക് പഠന പിന്തുണ നൽകിവരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നും എത്ര തുകയാണ് വർദ്ധിപ്പിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) 2016 ഫെബ്രുവരിയിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വർധിപ്പിച്ചതിനുശേഷം ഇതുവരെ വേതന വർദ്ധനവ് നടപ്പാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പത്തുവർഷം പൂർത്തീകരിച്ച സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവന - വേതന വ്യവസ്ഥ നിജപ്പെടുത്തണമെന്ന് 2016 ജൂൺ 30ലെ ബഹു. കേരള ഹൈക്കോടതി വിധിയിന്മേൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## എച്ച്.എസ്.എസ്.ടി. കെമിസ്ട്രി ജൂനിയർ റാങ്ക് ലിസ്റ്റിലെ നിയമനങ്ങൾ

1538 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 29.08.2024നു നിലവിൽ വന്ന എച്ച്.എസ്.എസ്.ടി. കെമിസ്ട്രി ജൂനിയർ റാങ്ക് ലിസ്റ്റിൽനിന്നും (കാറ്റഗറി നമ്പർ 740/ 2021) നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ഒഴിവുകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ താൽപര്യം സംരക്ഷിക്കുന്ന രീതിയിൽ പരമാവധി നിയമനങ്ങൾ നൽകുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

## <u>അധ്യാപക തസ്തികനിർണയം</u>

1539 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷത്തിൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ആയത് പ്രകാരം തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇത് പ്രകാരം വിദ്യാർത്ഥികളുടെ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര അധ്യാപക തസ്തികകൾ നഷ്ടപ്പെട്ടിട്ടുണ്ട് ; വിശദമാക്കുമോ;

(സി) അധ്യയന വർഷാരംഭത്തിലെ ആറാം പ്രവർത്തി ദിനത്തിൽ ആധാർ അനുസരിച്ചുള്ള കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി മാത്രമേ തസ്തികനിർണയം നടത്താവൂ എന്ന വിദ്യാഭ്യാസ ചട്ടത്തിൽ ഇളവ് അനുവദിച്ച് ജൂൺ മാസം 30 വരെ ആധാർ ഹാജരാക്കുന്നതിന് സമയപരിധി നൽകിയാൽ കുട്ടികൾ ഉണ്ടായിട്ടും അധ്യാപക തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനാകുമെന്നതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## <u>എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും തസ്തികമാറ്റ നിയമനങ്ങൾ</u>

1540 **ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.09.2023 മുതൽ 1.09.25 വരെ എച്ച്.എസ്.എ.(നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി)ലേയ്ക്ക് നടന്ന തസ്തികമാറ്റ നിയമനങ്ങളുടെ എണ്ണം എത്രയാണെന്ന് തസ്തിക/വിഷയം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 1.9.2025 വരെ തസ്തികമാറ്റം മുഖേന എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി) തസ്തികയിലേയ്ക്ക് ആകെ എത്ര ഒഴിവുകൾ ഉണ്ടെന്നും ആയതിൽ എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) തസ്തികയിൽ നിന്നും എച്ച്.എസ്.എസ്.റ്റി. ജൂനിയർ/സീനിയർ (സുവോളജി & ബോട്ടണി) യിലേയ്ക്ക് എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലേയ്ക്ക് 29/12/2020 മുതലുള്ള തസ്തികമാറ്റ ഒഴിവുകൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോറിറ്റി അടിസ്ഥാനമാക്കി നികത്തുന്നതിന് 10.03.2025-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2025-26 അധ്യയന വർഷത്തിന്റെ ആദ്യപാദം പിന്നിട്ട സാഹചര്യത്തിൽ, പ്രസ്തുത തസ്തികമാറ്റ നടപടികൾ പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ഇ) ചട്ടപ്രകാരം ഒഴിവുകൾ ഉണ്ടായിട്ടും ഓരോ അധ്യയനവർഷവും പ്രസ്തുത തസ്തികമാറ്റം കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് കാരണം എച്ച്.എം. പ്രൊമോഷൻ, വിരമിക്കൽ എന്നിവ മുഖേന സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.എ. തസ്തികകളിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾ</u>

1541 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾ അംഗീകരിച്ചു കിട്ടുന്നതിന് അകാരണമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഹൈക്കോടതിവിധി എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ കാലതാമസം വരുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ;

(സി) ഹൈക്കോടതി വിധിപ്രകാരമുള്ള ഭിന്നശേഷി സംവരണ വിഭാഗത്തിന് തസ്തികകൾ നീക്കിവെച്ച ശേഷം ബാക്കിയുള്ള അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിയമന അംഗീകാരം നൽകി അധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും വേഗത്തിൽ നൽകുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>കോട്ടയം ജില്ലയിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ</u>

1542 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ യു.പി. സ്കൂൾ അസിസ്റ്റൻറ് തസ്തികയിൽ 2025 ജനുവരി മുതൽ ഇതുവരെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്ത ആകെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ ഒഴിവും റിപ്പോർട്ട് ചെയ്ത മാസവും തീയതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിൽ എത്ര ഒഴിവുകളാണ് നേരിട്ടുള്ള നിയമനത്തിനുവേണ്ടി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിനുശേഷം നിലവിൽ മറ്റ് തരത്തിലുള്ള നിയമനങ്ങൾക്കായി മാറ്റിവച്ചതോ, ഇനി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അവശേഷിക്കുന്നതോ ആയ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

## സ്കൂളുകളിലെ ഭിന്നശേഷി നിയമനം

1543 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഭിന്നശേഷി നിയമനം സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുന്നതിനായി നിയോഗിച്ച സംസ്ഥാനതല, ജില്ലാതല സമിതികളുടെ പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷി നിയമനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിയമന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഭിന്നശേഷി നിയമന നടപടികൾ പൂർത്തീകരിക്കുന്നത് വരെ 2018 നവംബർ 18നും 2021 നവംബർ എട്ടിനും ഇടയിൽ ജോലി നേടിയ അധ്യാപകരെ ഏത് രീതിയിൽ സംരക്ഷിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; ഇവരുടെ നിയമന അംഗീകാരം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ചത് ഒഴികെയുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുവാൻ സുപ്രീംകോടതി എൻ.എസ്. എസ്. മാനേജ്മെന്റിന് അനുമതി നൽകിയ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഇപ്രകാരം സ്ഥിര അധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

## പൊതു വിദ്യാഭ്യാസ വകുപ്പിലെ താൽക്കാലിക ജീവനക്കാർ

1544 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എസ്. സി. ഇ. ആർ. ടി., സ്കോൾ കേരള, കെ. ഐ. റ്റി. ഇ. (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) , എസ്. ഐ. ഇ. റ്റി.(സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി) , എസ്. ഐ. ഇ. എം. എ. റ്റി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിങ്ങ്), എസ്. ആർ. സി. (സ്റ്റുഡന്റ്സ് റെപ്രസെന്റേറ്റീവ് കൗൺസിൽ) , എസ്. എസ്. കെ. (സമഗ്ര ശിക്ഷാ കേരള) , എന്നിവയിൽ കരാറടിസ്ഥാനത്തിൽ/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ഇനം തിരിച്ച് വെവ്വേറെ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കരാർ /ദിവസവേതന ജീവനക്കാരിൽ എട്ടുവർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും ഇത് സംബന്ധിച്ചുള്ള ഫയലുകളുടെ നമ്പറും ലഭ്യമാക്കുമോ?

## <u>സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനം</u>

1545 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ കായിക അധ്യാപക നിയമനത്തിന് 1:300 എന്ന അനുപാതം സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനം കൈകൊള്ളുമോ; വിശദമാക്കാമോ;

(ബി) ഇപ്പോൾ അംഗീകാരം ലഭിച്ച ചില അധ്യാപകർക്ക് കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ പേരിൽ നിയമനാംഗീകാരം ഈ വർഷം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് ജോലി സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സർക്കാർ സ്കൂളുകളിലെ ബൈ ട്രാൻസ്ഫർ നിയമനം</u>

1546 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകളിലെ ബൈ- ട്രാൻസ്ഫർ നിയമനത്തിനായി , സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ താഴ്ന്ന സ്കെയിലിൽ ജോലി ചെയ്തു വരുന്ന യോഗ്യരായ ജീവനക്കാരെ പരിഗണിക്കുന്നതിന് നിലവിലുള്ള വിശേഷാൽ ചട്ടം അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ?

## <u>സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ</u>

1547 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പാഠാവലി നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ സമീപനം മാതൃകയാക്കണമെന്ന് എൻ. സി. ഇ. ആർ. ടി. യോട് കേന്ദ്ര സർക്കാർ നിർദേശിക്കത്തക്ക വിധത്തിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ, ആദിവാസികൾ എന്നിവർക്കായി നടത്തിയ സാക്ഷരതാ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പരിസ്ഥിതി സാക്ഷരതാ പദ്ധതിയുടെ ഭാഗമായി സാക്ഷരതാ മിഷൻ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) മിഷൻ നടപ്പിലാക്കുന്ന തുല്യതാ കോഴ്സുകൾ സംബന്ധിച്ച വിശദാംശവും അവ നടപ്പിലാക്കുന്നതിലുണ്ടായ പുരോഗതിയും അറിയിക്കാമോ?

**<u>നിലമ്പൂർ ഗവൺമെന്റ് ഐടിഐ-യിൽ വാർഡൻമാരെ നിയമിക്കുന്നത്</u>**

1548 **ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് മുൻഗണന നൽകുന്ന നിലമ്പൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ 2019 ഡിസംബർ ഏഴിന് ഉദ്ഘാടനം ചെയ്ത എല്ലാ സൗകര്യങ്ങളോടും കൂടിയ ഹോസ്റ്റലുകൾ വാർഡന്റെ അഭാവം കാരണം പ്രവർത്തനസജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഹോസ്റ്റലുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ/എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രണ്ട് വാർഡൻമാരെ നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വർക്ക് ലൈഫ് ബാലൻസ്</u>**

1549 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവരസാങ്കേതികവിദ്യാ മേഖലയിലെ ജീവനക്കാർ നേരിടുന്ന തൊഴിൽ സംബന്ധമായ സമ്മർദ്ദത്തെയും ചൂഷണത്തെയും തുടർന്നുണ്ടാകുന്നതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഏറ്റവും അധികം സമയം തൊഴിൽ ചെയ്യേണ്ടി വരുന്നതായി പറയപ്പെടുന്ന ഇന്ത്യൻ തൊഴിലാളികളുടെ തൊഴിൽ സമയം വീണ്ടും വർദ്ധിപ്പിക്കണമെന്ന് നിർദേശിക്കുന്ന നിയമഭേദഗതി കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മേൽ സാഹചര്യത്തിൽ എല്ലാ മേഖലയിലും ജോലിചെയ്യുന്നവർ അഭിമുഖീകരിക്കുന്ന വർക്ക് ലൈഫ് ബാലൻസ് പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തൊഴിൽ ചൂഷണത്തിന്റെയും തൊഴിൽ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ബാങ്കിംഗ്, ട്രേഡിങ്, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ ജോലിചെയ്യുന്നവർ ആത്മഹത്യ ചെയ്യുകയോ തൊഴിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതായ സാഹചര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>തൊഴിൽ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

1550 **ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് ആനുകൂല്യങ്ങൾ നൽകാൻ നടപടി**

1551 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്**
**ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് മുൻ സർക്കാർ റിട്ടയർമെന്റ് ആനുകൂല്യമായി 1.5 ലക്ഷം രൂപ വരെ നൽകാൻ തീരുമാനിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ ഇത് നിലവിൽ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നൽകാൻ നടപടികൾ സ്വീകരിക്കാമോ;

(ബി) തയ്യൽത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്ക് അഞ്ചു വർഷമായി പ്രസവ ധനസഹായം നൽകുന്നില്ല എന്നത് വസ്തുതയാണോ;

(സി) ക്ഷേമനിധിയിൽ അംഗമായ തയ്യൽ തൊഴിലാളികൾക്ക് സർവീസ് പെൻഷൻ നൽകുമെന്ന വാഗ്ദാനം നാളിതുവരെ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നൽകാൻ നടപടികൾ സ്വീകരിക്കുമോ?

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശിക**

1552 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള പെൻഷന് എത്ര മാസത്തെ, എത്ര തുക കുടിശ്ശികയുണ്ട്; വ്യക്തമാക്കാമോ;

(ബി) എത്രപേർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നതെന്നും പ്രതിമാസം എത്ര തുക വേണ്ടിവരുമെന്നും അറിയിക്കാമോ;

(സി) കുടിശ്ശിക പൂർണ്ണമായും എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**കയർ ക്ഷേമനിധിയിൽ അംഗമായവർക്ക് റിട്ടയർമെന്റ് അനുകൂല്യങ്ങൾ നൽകാത്ത സംഭവം**

1553 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) 2021-ൽ ക്ഷേമനിധിയിലേക്കുള്ള തൊഴിലാളി വിഹിതം വർദ്ധിപ്പിച്ചപ്പോൾ മാച്ചിങ് ഗ്രാന്റ് പത്ത് രൂപയായി നിജപ്പെടുത്തിയതാണോ പ്രതിസന്ധിക്ക് കാരണമെന്ന്

വിശദമാക്കാമോ;

(സി) കയർ തൊഴിലാളികൾക്ക് കാലാനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാത്തതും അഞ്ച് വർഷത്തിലേറെയായി വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കാത്തതുമായ സാഹചര്യം ഉണ്ടോ; എങ്കിൽ അത് ഈ മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന് കാരണമായിട്ടുണ്ടോ;

(ഡി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ചുകൊണ്ട് കയർ തൊഴിലാളികൾക്ക് കാലാനുസൃതമായ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി</u>

1554 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ കൺസ്ട്രക്ഷൻ അക്കാദമിയോ സമാനമായ മാറ്റ് സ്ഥാപനങ്ങളോ ആരംഭിക്കുന്നതിന് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂർ മീനാട് വില്ലേജിലുള്ള ഭൂമി മറ്റേതെങ്കിലും സർക്കാർ അല്ലെങ്കിൽ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനായി വിട്ടുകൊടുക്കുവാൻ ബോർഡ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>സ്കീം വർക്കേഴ്സിനുള്ള ആനുകൂല്യങ്ങൾ</u>

1555 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാർ, ആശാവർക്കർമാർ, സ്കൂൾ പാചക തൊഴിലാളികൾ ഉൾപ്പെടെയുള്ള സ്കീം വർക്കേഴ്സിന്റെ ഓണറേറിയം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്കീം വർക്കേഴ്സിനുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ കേന്ദ്ര സർക്കാരിന്റെ സഹായ വിഹിതത്തിന്റെ നിലയെന്താണെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ വിഹിതം കുറവായിട്ടും കേരളത്തിൽ ഓരോ വിഭാഗം സ്കീം വർക്കേഴ്സിനും നൽകി വരുന്ന ആനുകൂല്യങ്ങളുടെ പ്രത്യേകതകൾ എന്താണ്; വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

1556 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഓരോ വർഷവും ഇതിനായി ബജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്കുകൾ ലഭ്യമാക്കാമോ;

(സി) അടുത്ത ബജറ്റിൽ ഈ മേഖലയ്ക്കായി എത്ര തുകയാണ് നീക്കി വയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; നടപ്പ് വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ബൗദ്ധികമായി വെല്ലുവിളികൾ നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികൾക്കായി പുതിയ എന്തെല്ലാം കർമ്മ പദ്ധതികളാണ് തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണം

1557 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ 2020 ജനുവരി മുതൽ നാളിതുവരെ ഇത്തരം കുറ്റകൃത്യങ്ങളിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസും രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ജോലിക്കായി ഇവരെ കൊണ്ട് വരുന്ന ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ലേബർ കമ്മീഷണർക്കും പോലീസ് സ്റ്റേഷനിലും റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ

1558 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ കുടിശികയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര മാസത്തെ കുടിശികയാണുള്ളതെന്ന് ;

(ബി) കുടിശിക തീർക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസസൗകര്യങ്ങൾ</u>**

1559 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ പാവപ്പെട്ട തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അസൗകര്യങ്ങൾ കണക്കിലെടുത്ത് അവ നവീകരിക്കുന്നതിനും അവർക്ക് പാർപ്പിട സൗകര്യത്തിനായി ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം തോട്ടം തൊഴിലാളികളുടെ സുരക്ഷിതവും സൗകര്യപ്രദവുമായ വാസസ്ഥലം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>സംസ്ഥാനത്തെ അതിഥി തൊഴിലാളികൾ</u>**

1560 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളിൽ ഇവരിൽ എത്രപേർ ഗുണഭോക്താക്കളാണെന്ന് വിശദമാക്കാമോ?

**<u>കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതി</u>**

1561 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികളോട് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന സമീപനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ നിയമങ്ങളിൽ സംസ്ഥാന സർക്കാർ നടത്തിയ പരിഷ്കരണ നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ;

(സി) തൊഴിൽ നിയമാവലികൾ ചർച്ച നടത്തി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ധനുവച്ചപുരം ഐ.ടി.ഐ.</u>**

1562 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ, ധനുവച്ചപുരം ഐ.ടി.ഐ.യിൽ ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഒരു അധിക ബാച്ച് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ വിവിധ വിഭാഗങ്ങളിലായി പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി പ്രോപ്പോസലുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ ഐ.ടി.ഐ.യെ ഒരു പ്രൊഡക്ഷൻ സെന്ററായി ഉയർത്തി അവിടെ നിന്ന് പഠനം പൂർത്തിയാക്കി ഇറങ്ങുന്ന കുട്ടികൾക്ക് തൊഴിലവസരം കൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) പ്രസ്തുത ഐ.ടി.ഐ.യിലെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഐ.ടി.ഐ. ക്യാമ്പസിലെ കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## തൊഴിൽരഹിത വേതനം

1563 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര പേർക്ക് നിലവിൽ തൊഴിൽരഹിത വേതനം നൽകുന്നുണ്ട് ; ഈ ഇനത്തിൽ പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നത് ; വിശദവിവരങ്ങൾ നൽകാമോ;

(സി) തൊഴിൽരഹിത വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## ചേലക്കര കരിയർ ഡവലപ്പ്മെന്റ് സെന്റർ നിർമ്മാണ പുരോഗതി

1564 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ വാഴക്കോടുള്ള കരിയർ ഡവലപ്പ്മെന്റ് സെന്റർ എന്ന് മുതൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി തുറന്നു കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രവർത്തനം ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ 'ഓട്ടിസം പാർക്ക് നിർമ്മാണം'

1565 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഓട്ടിസം പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മണ്ണാർക്കാട് മൂപ്പിൽ നായരുടെ ഭൂമിക്ക് സാക്ഷ്യപത്രം</u>**

1566 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി താലൂക്കിൽ മണ്ണാർക്കാട് മൂപ്പിൽ നായർക്ക് ഏതെല്ലാം വില്ലേജുകളിൽ നിന്ന് എത്ര ഏക്കർ ഭൂമിക്ക് സാക്ഷ്യപത്രം നൽകിയെന്നും ഏത് വില്ലേജ് ഓഫീസറാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(ബി) അട്ടപ്പാടി തഹസീൽദാർ (ഭൂരേഖ) മണ്ണാർക്കാട് മൂപ്പിൽ നായരുടെ അപേക്ഷ നിരസിച്ചിട്ടും കോട്ടത്തറ വില്ലേജ് ഓഫീസർ കൈവശ സാക്ഷ്യപത്രം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) റവന്യൂ സെക്രട്ടറി ഏതെങ്കിലും ഘട്ടത്തിൽ അട്ടപ്പാടിയിലെ ആദിവാസി ഉന്നതികൾ സന്ദർശിച്ച് റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>കുണ്ടറയിലെ സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പുരോഗതി</u>**

1567 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള കൊറ്റങ്കര സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; തുക എത്ര; വിശദമാക്കാമോ?

**<u>ഭൂപതിവ് നിയമ ഭേദഗതി ചട്ടങ്ങൾ</u>**

1568 **ശ്രീ. എം. എം. മണി**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് നിയമ ഭേദഗതി ചട്ടങ്ങൾക്ക് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മലയോര ജനത പതിറ്റാണ്ടുകളായി നേരിടുന്ന ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ പ്രസ്തുത നിയമഭേദഗതി പ്രയോജനപ്പെടുമെന്ന്

വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പതിച്ചു നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ വ്യവസ്ഥകളോടെ അനുമതി നൽകുന്നതിന് പ്രസ്തുത നിയമ ഭേദഗതിയിലൂടെ സാധ്യമാകുമോ;

(ഡി) ഭൂമി ക്രമവൽക്കരിക്കുന്നതിനായി അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി ഓൺലൈൻ പോർട്ടൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ

1569 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിയോജകമണ്ഡലത്തിലെ പാലക്കാട്-3, യാക്കര, പിരായിരി എന്നീ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 'സ്മാർട്ട് വില്ലേജ് ഓഫീസ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്നുള്ളത് വിശദമാക്കാമോ;

(ബി) പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസ് കോമ്പൗണ്ടിൽ റവന്യൂ ടവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പാലം പണിക്കുള്ള ഭൂമി ഏറ്റെടുക്കാൻ നടപടി

1570 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ചേലേമ്പ്ര വില്ലേജിനെയും കോഴിക്കോട് ജില്ലയിലെ ഫറോക്ക് വില്ലേജിനെയും ബന്ധിപ്പിക്കുന്ന മുനമ്പത്ത് കടവ് പാലം നിർമ്മിക്കാൻ രണ്ട് വില്ലേജുകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി വ്യക്തമാക്കാമോ;

(സി) വള്ളിക്കുന്ന്, അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്ങൽപാലം നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഡി) വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പാതയുടെ റീച്ച് 4, 5, 6 (കെട്ടുങ്ങൽ മുതൽ അരിയല്ലൂർ മുദിയം വരെയും മുദിയം മുതൽ കടലുണ്ടികടവ് വരെയുമുള്ള ഭാഗം) സ്ഥലമേറ്റെടുപ്പ് നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ സ്ഥലമേറ്റെടുപ്പ് നടപടി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത്തരത്തിലുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പല കാരണങ്ങളാൽ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, അത് പരിഹരിക്കാൻ കഴിയുമോ; വിശദമാക്കാമോ?

## വീരണകാവ് വില്ലേജ് ഓഫീസ് നിർമ്മാണപ്രവർത്തനങ്ങൾ

1571 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീരണകാവ് വില്ലേജ് ഓഫീസ് നിർമ്മാണപ്രവർത്തനങ്ങൾ ഇതുവരെ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം കൂടാതെ പണികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം

1572 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂമി സംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാര്യങ്ങളിൽ റവന്യൂ വകുപ്പ് അല്ലാതെ അധികാരമില്ലാത്ത മറ്റു വകുപ്പുകൾ ചട്ടവിരുദ്ധമായ ഉത്തരവുകൾ ഇറക്കിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകൾ ആണ് ഇപ്രകാരം ഉത്തരവുകൾ ഇറക്കിയതായി കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകൾ ക്രമീകരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?അനുവദിക്കുന്നത് സംബന്ധിച്ച്?

## ഭൂപതിവ് നിയമ ഭേദഗതി ചട്ടം

1573 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബറിൽ കാർഷിക ആവശ്യത്തിന് പതിച്ച് നൽകിയ ഭൂമിയിൽ വാണിജ്യ നിർമ്മാണങ്ങൾക്ക് അനുമതി നൽകാൻ പാടില്ലന്ന ഹൈക്കോടതി വിധി ഉണ്ടായതിനെതുടർന്ന് 22/8/2019 ലെ ഭൂപതിവ് നിയമം ലംഘിച്ചുള്ള നിർമ്മാണം തടയാൻ സർക്കാർ ഉത്തരവ് ഇറക്കുന്നതിന് മുൻപ് എല്ലാ അനുമതിയും വാങ്ങി നിർമിച്ച് കെട്ടിടനികുതി അടച്ച് നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് വീണ്ടും ഭൂപതിവ് നിയമ ഭേദഗതി ചട്ടപ്രകാരം പിഴ ഈടാക്കുമോ; വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പിഴയീടാക്കുന്നത് സാമൂഹ്യനീതിയുടെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഭൂമിയുടെ മാർക്കറ്റ് വിലയെക്കാൾ ഫെയർ വാല്യൂ കൂടിയ പ്രദേശങ്ങളിൽ ക്രമവൽക്കരണത്തിന് ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിലുള്ള അമിതഫീസ് നൽകേണ്ടിവരുന്നത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഭൂനികുതി സ്വീകരിക്കുന്നതിന് നടപടി

1574 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ പെരകമണ്ണ, എടവണ്ണ എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന കുട്ടാടൻ മല, മഞ്ചേരി മല എന്നീ മലവാരങ്ങളിൽ 1968 മുതൽ 2009 വരെ നികുതി അടച്ച് കൈവശം വച്ച് വരുന്നതും കൃഷി ചെയ്തുവന്നിരുന്നതുമായ ജന്മം തീറാധാരം, കൈവശ തീറാധാരം, ലാൻഡ് ട്രൈബ്യൂണൽ പട്ടയം മുതലായ കൈവശാവകാശ രേഖകൾ ഉള്ളവർ, 1996 വരെയും 2009 വരെ നികുതി അടച്ച രസീതുകൾ, കൈവശാവകാശ രേഖകൾ ഉള്ളവർ, മുൻകാല സർവ്വേകളിലൊക്കെ തന്നെ കൈവശ കുടിയേറ്റ രേഖകളുള്ള ഇ പി എൽ ആക്ടിൽ വരാത്ത ഭൂമി കൈവശം വച്ചിരിക്കുന്നവർ, എന്നിവരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്നും, പ്രസ്തുത പ്രശ്നം പരിഹരിച്ച് വർഷങ്ങളായി പട്ടയം ലഭിച്ച് ഭൂനികുതി അടച്ച് കൃഷിയും മറ്റും ചെയ്തിരുന്ന ഭൂമിയിൽ നിന്നും തുടർന്നും ഭൂനികുതി സ്വീകരിക്കുന്നതിന് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

## <u>അരൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് വഴി അനുവദിച്ച വിവിധ പദ്ധതികൾ</u>

1575 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാം ; ആയതിന് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## <u>ഭൂപതിവ് ചട്ടം ഭേദഗതി</u>

1576 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ പ്രയോജനം എത്ര പട്ടയഭൂമി ഉടമകൾക്കാണ് ലഭിക്കുക; ഏതെല്ലാം ജില്ലകളിലാണ് ഭൂപതിവ് ചട്ടപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളത്; എത്ര പട്ടയങ്ങളാണ് ഇതു വരെ അനുവദിച്ചിട്ടുള്ളത് എന്നിവ വ്യക്തമാക്കാമോ;

(ബി) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങളുടെ കണക്കുകൾ സംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഭൂപതിവ് ചട്ടങ്ങൾ പ്രകാരം ഇതു വരെ നൽകിയ മുഴുവൻ പട്ടയങ്ങളുടെയും രേഖകൾ ഡിജിറ്റലായോ കടലാസു രേഖകളായോ റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; എവിടെയാണ് രേഖകൾ സൂക്ഷിക്കുന്നത്; ഇതിന്റെ കണക്കെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഏതെങ്കിലും രേഖകൾ നഷ്ടപ്പെട്ടതായി ഏതെങ്കിലും ഓഫീസുകളിൽ നിന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഭൂപതിവു ചട്ടത്തിലെ ഭേദഗതി നിലവിൽ വരുമ്പോൾ 2005ലെ ദുരന്തനിവാരണ നിയമപ്രകാരം നിശ്ചയിച്ച ഹൈ റിസ്ക് സോണുകളെ എങ്ങനെയാണ് ബാധിക്കുക; ഇവിടെ ചട്ടഭേദഗതിയുടെ പ്രയോജനം ലഭിക്കില്ലെന്ന വാദം ശരിയാണോ; വിശദാംശം നൽകാമോ?

## പർച്ചേസ് കമ്മിറ്റികൾ

1577 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളിൽ നിന്നും പൊതു ആവശ്യങ്ങൾക്ക് ഭൂമി വിലപേശി വാങ്ങുവാൻ സംസ്ഥാനത്ത് പർച്ചേസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) 2013 ലെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ മറികടന്ന് ഇപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കുമോ; ഇത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമപദേശം എന്താണ്; പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ

1578 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ബി) നിലവിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുംവിധം പുതിയ സോഫ്റ്റ്‌വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മലപ്പുറം ജില്ലയിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ നടത്തിയിട്ടുള്ള ഉദ്യോഗസ്ഥ ക്രമീകരണം വിശദമാക്കുമോ;

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ താൽക്കാലിക നിയമനങ്ങൾക്കും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഭൂമിക്ക് നികുതി അടക്കാൻ കഴിയാത്ത സാഹചര്യം

1579 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിൽ ചേലേമ്പ്ര, പള്ളിക്കൽ വില്ലേജുകളിൽ ഭൂരേഖാ പ്രകാരമുള്ള ഒട്ടുവ് പ്രകാരം നികുതി അടക്കുവാൻ ഭൂവുടമകൾക്ക് കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഭൂരേഖാ പ്രകാരമുള്ള ഭൂഅളവും കമ്പ്യൂട്ടറിൽ നികുതി അടക്കാനുള്ള ഭൂഅളവും തമ്മിലുള്ള വ്യത്യാസം കാരണം ഭൂമി കുറവുള്ളതായി കാണുന്നത് പരിഹരിക്കുന്നതിനായി ഈ രണ്ട് വില്ലേജുകളിലും പ്രത്യേക നടപടി സ്വീകരിക്കുമോ; ഇതിനായി സ്ഥല പരിശോധനയും സർവ്വേ വിഭാഗത്തിന്റെ സഹായവും ലഭ്യമാക്കുമോ ; വിശദമാക്കുമോ;

(സി) സീനിയോറിറ്റി പ്രശ്നം പറഞ്ഞ് സർവ്വേക്കായി കാത്തിരിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനും സർവ്വേ വിഭാഗത്തിന്റെ സഹായം അനിവാര്യമാണെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

## <u>നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന്</u>

1580 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ടി. ആർ. രജിസ്റ്ററിൽ തോട്ടം എന്ന് രേഖപ്പെടുത്തപ്പെട്ട പ്രദേശങ്ങളിലെ നിർമ്മാണവും ഏലപ്പട്ടയത്തിലെ നിർമ്മാണങ്ങളും നിലമെന്ന് രേഖപ്പെടുത്തിയ പ്രദേശങ്ങളിലെ നിർമ്മാണങ്ങളും ക്രമവത്ക്കരിക്കാൻ പനിയോജകറ്റുമോ; വിശദമാക്കുമോ?

## <u>പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ</u>

1581 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ സ്പെഷ്യൽ ഡെവലപ്‌മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് ഉൾപ്പെടെ റവന്യൂ വകുപ്പിന് അനുവദിച്ച എല്ലാ പദ്ധതികളുടെയും വിവരങ്ങൾ നൽകുമോ; അനുവദിച്ച തുക, വർഷം, പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിൽ സ്പെഷ്യൽ ഡെവലപ്‌മെന്റ് ഫണ്ട്/ആസ്തി വികസന ഫണ്ട് വഴി നടപ്പിലാക്കിയ പദ്ധതികളുണ്ടെങ്കിൽ ഓരോ വില്ലേജിനും അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ നില എന്താണെന്ന് വ്യക്തമാക്കാമോ?

## <u>റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1582 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>കുടിയേറ്റങ്ങൾ കണ്ടെത്താൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന</u>

1583 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ 1977 ജനുവരി 1-ന് മുൻപുള്ള കുടിയേറ്റങ്ങൾ കണ്ടെത്താൻ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന ഏതെല്ലാം വില്ലേജുകളിലാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

## പട്ടയ വിതരണം

1584 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതർക്കുള്ള പട്ടയ വിതരണത്തിൽ 2024-2025 വർഷം എത്ര പേർക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഒരോ ജില്ലയിലും പട്ടയം നൽകിയ കണക്ക് വ്യക്തമാക്കാമോ?

## മലയോരപട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന

1585 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പട്ടയ വിതരണത്തിന്റെ ഭാഗമായി റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടക്കാത്ത പ്രദേശങ്ങളിലും മുൻപ് നടന്ന പരിശോധനയിൽ ഒഴിവാക്കപ്പെട്ട പ്രദേശങ്ങളിലും സംയുക്ത പരിശോധന നടത്താൻ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി

1586 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ നിർമ്മാണങ്ങൾ ക്രമപ്പെടുത്തുന്നതിന് ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്തു കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂപതിവ് ചട്ട ഭേദഗതിയിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പട്ടയഭൂമിയിലെ നിർമ്മാണ നിയന്ത്രണങ്ങൾ ഒഴിവാക്കി പട്ടയഭൂമി സ്വതന്ത്രമായി വിനിയോഗിക്കുന്നതിനുള്ള അവകാശം ഉടമകൾക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയ വിതരണം

1587 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവർക്ക് ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയത്തിന് വേണ്ടി ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ;

(ഡി) അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കുള്ള പട്ടയം

1588 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് , അട്ടപ്പാടി താലൂക്കുകളിലെ എത്ര കുടുംബങ്ങളാണ് പൊതുമരാമത്ത് റോഡ് പുറമ്പോക്ക്, പുഴ പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്നത് എന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

## 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ നിയമം

1589 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ നിയമപ്രകാരം പട്ടയം നൽകാൻ 2009-ൽ സുപ്രീം കോടതി അനുമതി നൽകിയ 28500 ഹെക്ടർ ഭൂമിയിൽ എത്ര ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്; ഇതിൽ സി.എച്ച്.ആറിൽ (കൺസർവേഷൻ ഓഫ് ഹാബിറ്റാറ്റ് ഏരിയ) ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമിക്ക് ഇതുവരെ പട്ടയം നൽകിയിട്ടുണ്ട്; ഇതിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങൾ

1590 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പട്ടയ വിതരണത്തിന് തടസ്സമായിട്ടുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും പട്ടയം വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) എവിടെയെല്ലാമാണ് കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയ വിതരണം തടസ്സപ്പെട്ടിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ജില്ല തിരിച്ച് വിശദാംശം നൽകാമോ?

## പട്ടയ വിതരണം

1591 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 9 വർഷത്തിൽ എത്ര പട്ടയങ്ങളാണ് റവന്യൂ വകുപ്പ് വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ?

## പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ വിതരണം

1592 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ പട്ടയം അനുവദിച്ച നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഏഴായിരത്തോളം അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

## ദേവസ്വം ഭൂമിയിൽ പട്ടയം

1593 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ഭൂമിയിൽ പട്ടയം ലഭിക്കുന്നതിനായി 2021 ജനുവരി മുതൽ ഓരോ വർഷവും ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ (എസ്. എം. സി. /ഒ. എം. ) എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2021 മുതൽ ഓരോ ജില്ലയിലും അനുവദിച്ച ദേവസ്വം ഭൂമി പട്ടയങ്ങളുടെ വിശദാംശങ്ങൾ എസ്. എം. സി. /ഒ. എം നമ്പർ സഹിതം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) കോഴിക്കോട് ഭൂപരിഷ്കരണ വിഭാഗം (എൽ. ആർ ) ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ വർഷം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആര്യങ്കാവ്, കുളത്തൂപ്പുഴ വില്ലേജുകളിലെ പട്ടയ അപേക്ഷകൾ

1594 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യങ്കാവ് വില്ലേജിലെ ഇരുളൻകാട്, രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കുട്ടത്തിമണ്ണിൽ എന്നീ പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നിന്നും പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രദേശത്തെയും അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നല്കാൻ എന്തു നടപടിയെടുക്കാനാകുമെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ താമസിക്കുന്നവരിൽ ലൈഫ്, പ്രധാനമന്ത്രി ആവാസ് യോജനയടക്കമുള്ള ഭവനപദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പ്രസ്തുത ആവശ്യത്തിലേയ്ക്ക് പട്ടയത്തിന്റെ അഭാവത്തിൽ ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് നൽകാനാകുമോ; വിശദമാക്കാമോ;

(സി) ആര്യങ്കാവ് കോട്ടവാസലിലെ വഖഫ് ഭൂമിയിൽ താമസിയ്ക്കുന്നവരുടെ പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇവർക്ക് പട്ടയം നല്കാൻ എന്തു നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) പുനലൂർ താലൂക്കിലെ കുളത്തൂപ്പുഴയിൽ മാത്തിക്കോണം പ്രദേശത്ത് ദീർഘകാലമായി താമസിക്കുന്ന നിരവധി കുടുംബങ്ങൾക്ക് അവരുടെ കൈവശ ഭൂമിയിൽ പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ പട്ടയപ്രശ്നം എന്തെന്ന് വിശദമാക്കാമോ; ഇവിടെ എത്ര അപേക്ഷകരുണ്ടെന്നും ഈ കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിയ്ക്കുന്ന നടപടികളും അറിയിക്കാമോ; പട്ടയം വിതരണം വേഗത്തിലാക്കുന്നതിനായി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ പട്ടയവിതരണം

1595 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ 2021 മുതൽ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തു; പട്ടയം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം

1596 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര പട്ടയം വിതരണം ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(ബി) തൃശ്ശൂർ ജില്ലയിലെ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ അറിയിക്കാമോ;

(സി) ഇതിനായി തൃശ്ശൂർ ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) എങ്കിൽ ലഭ്യമായ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ച് പട്ടയം എന്ന് നൽകാനാകുമെന്ന അറിയിക്കാമോ ?

## നെന്മാറ മണ്ഡലത്തിലെ പട്ടയങ്ങൾ

1597 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ പട്ടയ അപേക്ഷകളുടെ വിവരങ്ങൾ

1598 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഓരോ മണ്ഡലത്തിലും നൽകിയ പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ കാസർഗോഡ് ജില്ലയിൽ പട്ടയ അപേക്ഷകളിൽ മേൽ തീർപ്പ കൽപ്പിക്കാൻ ആകെ എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന് ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഉള്ള പട്ടയ അപേക്ഷകൾ സംബന്ധിച്ച വിശദാംശം വില്ലേജ് /താലൂക്ക് തിരിച്ച് നൽകാമോ?

## തെന്മല വില്ലേജ് പൂത്തോട്ടം പ്രദേശത്ത് കൈവശാനുഭവ ഭൂമി പോക്കുവരവ് ചെയ്ത് ലഭിയ്ക്കുന്നതിന്

1599 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തെന്മല വില്ലേജിൽ പൂത്തോട്ടം-പത്തേക്കർ എന്ന സ്ഥലത്ത് 878/5-നമ്പർ സർവ്വേയിൽപ്പെട്ട വസ്തുവിൽ സ്ഥിരതാമസവും കൈവശാനുഭവവുമുള്ള ആളുകൾക്ക് പ്രസ്തുത വസ്തുവിന് പട്ടയം നൽകി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ അറിയിക്കുമോ;

(ബി) എ 1/140/2018/റവ തീയതി 17.09.2018-ാം നമ്പർ ഉത്തരവ് പ്രകാരം പൂത്തോട്ടം പത്തേക്കർ പ്രദേശത്തെ 4 ഏക്കർ വരെയുള്ള കൈവശക്കാരുടെ ഭൂമി പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ള വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് 24/03/25 ന പുനലൂർ തഹസിൽദാർ ജില്ലാ കളക്ടർ വഴി സർക്കാരിലേയ്ക്ക് നൽകിയ കത്തിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ആരുടെ പരിഗണനയിലാണ്; വിശദമാക്കാമോ;

(സി) മേൽ വിഷയത്തിൽ നിലവിലെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദി ട്രാൻസ്ഫർ ഓഫ് രജിസ്ട്രറി റൂൾസ്1966, 2(2) ചട്ടം പ്രകാരം പോക്കുവരവ് ഉൾപ്പെടെ ചെയ്തുകൊടുക്കുന്നതിന് നിർദേശം നൽകാനാകുമോ; വിശദമാക്കാമോ?

## പിറവം മണ്ഡലത്തിലെ പട്ടയ വിതരണം

1600 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് പട്ടയം ലഭിക്കാനുള്ളത്; ഓരോ പ്രദേശത്തും എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്നും എത്ര അളവ് വസ്തുവിന് പട്ടയം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ;

(സി) ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായ സ്ഥലങ്ങൾ ഏതൊക്കെയെന്നും ഇതിനുവേണ്ട തുടർനടപടികൾ എന്തൊക്കെയെന്നും

വ്യക്തമാക്കാമോ;

(ഡി) നടപടികൾ പൂർത്തിയാക്കി ഓരോ പ്രദേശത്തും എന്നത്തേക്ക് പട്ടയം നൽകാനാകുമെന്ന് അറിയിക്കാമോ?

## പട്ടയം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ

1601 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര പേർക്കാണ് പട്ടയം നൽകാനുള്ളതെന്ന വിവരം ലഭ്യമാക്കാമോ;

(സി) അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ?

## കടൽ തീരങ്ങളിലെ സർവേ നടത്താത്ത ഭൂമി തിട്ടപ്പെടുത്തി പട്ടയം അനുവദിക്കൽ

1602 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടൽ തീരങ്ങളിലെ സർവേ നടത്താത്ത ഭൂമി തിട്ടപ്പെടുത്തി പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽ പ്രകാരമുള്ള ഭൂമിയുടെ പട്ടയം അനുവദിക്കുന്നതിലേയ്ക്ക് പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) മേൽ പ്രകാരമുള്ള ഭൂമിയിൽ പൊതു ആവശ്യത്തിനായി സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ കുളം പുറമ്പോക്ക് ഭൂമിയിലെ താമസക്കാർക്ക് പട്ടയം

1603 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലുൾപ്പെട്ട കുളം പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ 6 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

## ഭൂപതിവ് നിയമ/ചട്ട ഭേദഗതി

1604 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് നിയമ/ചട്ട ഭേദഗതി പ്രകാരം 07-06-2024 വരെ നിർമ്മിച്ചിട്ടുള്ള നിർമ്മിതികൾക്ക് മാത്രമാണോ ഭേദഗതി ബാധകമാകുകയെന്ന് വിശദമാക്കാമോ;

(ബി) ഇനിയും പട്ടയം ലഭിക്കാനുള്ള ആളുകൾ, പട്ടയമില്ലാത്ത വ്യാപാര സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പതിച്ചു നൽകിയ ഭൂമി സംബന്ധിച്ച ആശയക്കുഴപ്പം

1605 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വാണിജ്യ മേഖലയിൽ മുൻനിരയിൽ നിൽക്കുന്ന പല പട്ടണങ്ങളും 1960-ലെ വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പതിച്ചുകൊടുത്ത ഭൂമിയിലാണ് നിലനിൽക്കുന്നതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പലരിൽനിന്ന് കൈമാറിയാണ് ഭൂമി ഇപ്പോഴുള്ള കൈവശക്കാരന്റെ കൈയിലെത്തിയിട്ടുള്ളത് എന്നതിനാൽ പഴയ പട്ടയരേഖകൾ ഇവരുടെ കൈവശമില്ലാത്തതുകൊണ്ട് തങ്ങളുടെ ഭൂമി ഏത് നിയമപ്രകാരമുള്ളതാണെന്ന് കെട്ടിട ഉടമകൾക്കോ ഉദ്യോഗസ്ഥർക്കോ വ്യക്തമായ ധാരണയില്ലാത്ത നിരവധി കേസുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം കേസുകളിൽ ക്രമവൽക്കരണം സങ്കീർണ്ണമാകുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കയ്പമംഗലം നിയോജക മണ്ഡലത്തിലെ പട്ടയം വിതരണം

1606 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ കാലയളവിൽ റവന്യൂ വകുപ്പിൽ നിന്നും കയ്പമംഗലം നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പുതുതായി പട്ടയം ലഭ്യമാക്കാൻ സാധിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഇനിയും പട്ടയ അപേക്ഷ സമർപ്പിച്ചവർക്ക് ആയതു എത്രയും വേഗത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ

1607 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം വില്ലേജ് തിരിച്ചും ഇനം തിരിച്ചും നൽകാമോ;

(ബി) പ്രസ്തുത പട്ടയങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുണ്ടോ; എങ്കിൽ ഗുണഭോക്താക്കളുടെ പേര്, വില്ലേജ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) പട്ടയത്തിനായുള്ള അപേക്ഷകളിൽ തീർപ്പാക്കുവാനുള്ളവ എത്രയെന്ന് വില്ലേജ് തിരിച്ചും ഇനം തിരിച്ചും അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കാമോ?

## <u>നദികളിലെ മണൽ നിക്ഷേപം</u>

1608 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നദികളിലെ മണൽ നിക്ഷേപത്തെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇങ്ങനെ വാരിയെടുക്കുന്ന മണൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും നിർദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഇളവ്</u>

1609 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഇളവ് അനുവദിച്ചതു കാരണം വീട് വെക്കാൻ അനുമതി ലഭിക്കുന്ന 10 സെന്റിൽ താഴെ ഭൂമിയുള്ള വ്യക്തികൾക്ക് ആ വസ്തു ഡാറ്റാ ബാങ്കിൽ 'നിലം' എന്ന് രേഖപ്പെടുത്തിയതിനാൽ ബാങ്കുകൾ വായ്പ അനുവദിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## <u>തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്യുന്നതിന് നടപടി</u>

1610 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കൃഷിഭവനുകൾ മുഖേന ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്തു പ്രസിദ്ധീകരിക്കുന്ന നടപടികൾ നടക്കുന്നുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ പ്രക്രിയ ആരംഭിച്ചത്; കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവിറോൺമെന്റ് സെന്ററിനെ (കെ.എസ്.ആർ.ഇ.സി.) ആണോ ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഇത്

സംബന്ധിച്ച ഉത്തരവ് എന്നാണ് പുറത്തിറക്കിയത്; വാലിഡേഷൻ എങ്ങനെയാണ് നിർവഹിക്കുന്നത്; വിശദമാക്കാമോ;

(ബി) ഡേറ്റ ബാങ്ക് വാലിഡേറ്റ് ചെയ്യുന്ന നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ട്; ഇനി എത്ര വില്ലേജുകളിൽ പൂർത്തിയാക്കാനുണ്ട്; വാലിഡേഷൻ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കെ.എസ്.ആർ.ഇ.സി. അറിയിച്ചിട്ടുള്ളത്; എത്ര തുകയാണ് ഇതിനായി കെ.എസ്.ആർ.ഇ.സി.ക്ക് നൽകുന്നത്; വിശദമാക്കാമോ;

(സി) വാലിഡേഷൻ പൂർത്തിയാകുമ്പോൾ ഭൂവുടമകൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുക; ഇതിനുശേഷം ഭൂമി തരംമാറ്റം നിർത്തിവയ്ക്കുമോ; വിശദമാക്കാമോ?

## പെരിന്തൽമണ്ണ താലൂക്കിലെ ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ

1611 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ താലൂക്കിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) അപേക്ഷ നൽകി ആവശ്യമായ ന്യായവില ഒടുക്കിയിട്ടും വില്ലേജ് റെക്കോർഡുകൾ തയ്യാറാക്കാതെ കാലതാമസം വരുത്തുന്നത് ഭീമമായ തുക ഒടുക്കിയ അപേക്ഷകന് വളരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ സർവേയർമാർക്ക് ഫയലുകൾ അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താലൂക്കിലെ അപേക്ഷകരുടെ സബ് ഡിവിഷൻ ആവശ്യമില്ലാത്ത എത്ര കേസുകൾ തീർപ്പാക്കാനുണ്ട്; വ്യക്തമാക്കാമോ;

(സി) താലൂക്കിലെ അപേക്ഷകരുടെ ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പുകൽപ്പിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന് സ്ഥലമേറ്റെടുക്കൽ

1612 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിന് അനുബന്ധമായി നടത്തുന്ന നിർദ്ദിഷ്ട വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിന് അരുവിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിൽ നിന്നും എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതെന്നും ഇവയുടെ സർവെ നമ്പർ ഉൾപ്പെടുന്ന വിവരങ്ങളും ഈ ഭൂമി ഏറ്റെടുക്കലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളും നൽകുമോ?

## അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

1613 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പുറംപോക്ക് ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിൽ

സ്വീകരിച്ച നടപടി വിശദമാക്കാമോ?

**നാഷണൽ ഹൈവേക്കായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തുക**

1614 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ നിർമ്മാണത്തിനായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുക പൂർണമായും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി വിതരണം ചെയ്യാനുള്ള സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നാഷണൽ ഹൈവേയുടെ ഓരോ സ്ട്രച്ചിലും ഇപ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള ആകെ കുടിശികത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ സ്ഥാപനങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റു സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കുന്നതിനും ഒരേ നടപടിക്രമങ്ങൾ തന്നെയാണോ അനുവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക ഭൂമിയുടെ വില തുടങ്ങിയവ സംബന്ധിച്ച് നെഗോസിയേഷൻ ഉൾപ്പടെ കാര്യങ്ങൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സ്ഥലമേറ്റെടുപ്പ് പദ്ധതി**

1615 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ – എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, അതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ, അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, മഹസർ തയ്യാറാക്കൽ എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ – എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായി ഏറ്റെടുക്കുന്നതിന് 16/12/2021-ലെ സ.ഉ (സാധാ)നം 4531/2021/റവ, 03/07/2022-ലെ സ.ഉ (സാധാ)നം 2928/2022/റവ പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും ഭൂമിയേറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാകാൻ കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം) അഭ്യർത്ഥിച്ച സാഹചര്യത്തിൽ, കോട്ടയം ജില്ലാ

കളക്ടറുടെ അഭിപ്രായം ആരാഞ്ഞതിന് ശേഷം, ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ നിയമപ്രകാരം അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും മഹസ്സറും തയ്യാറാക്കി, നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എത്രകാലമെടുക്കുമെന്ന് വ്യകതമാക്കാമോ;

(ഡി) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവേ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകുന്നത് സംബന്ധിച്ച് എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പറുകളും വടയാർ വില്ലേജിലെ എല്ലാ റീസർവേ സബ് ഡിവിഷൻ നമ്പറുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കുകയും കോട്ടയം ജില്ലാ കളക്ടറുടെ അഭിപ്രായം ആരായുകയും ചെയ്തതിനുശേഷമുള്ള നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(എഫ്) 2013-ലെ ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ നിയമപ്രകാരം അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസ്സർ, നിർമ്മിതികളുടെ/വൃക്ഷങ്ങളുടെ/കാർഷിക വിളകളുടെ വില നിർണ്ണയം എന്നിവയ്ക്കായി എത്ര സമയപരിധിക്കുള്ളിൽ ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കൽ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

## <u>മീനച്ചിലാറിന് കുറുകെ നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജിന് സ്ഥലം ഏറ്റെടുക്കൽ</u>

1616 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ൽ പാലാ മണ്ഡലത്തിലെ മീനച്ചിലാറിനു കുറുകെ മൈനർ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജ് , പാലാ മുനിസിപ്പാലിറ്റിയിലെ ചെത്തിമറ്റത്തു നിന്നും ആരംഭിച്ച് മീനച്ചിൽ പഞ്ചായത്തിലെ പാറപ്പള്ളി പ്രദേശത്തെയും ബന്ധിപ്പിക്കുന്ന വിധത്തിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ടി അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? വിശദമാക്കാമോ ?നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം?

## <u>കോതമംഗലം മണ്ഡലത്തിലെ മണിക്കിണർ പാലം നിർമ്മാണം</u>

1617 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കടുത്തുരുത്തി മണ്ഡലത്തിൽ റെയിൽവേ മേൽപ്പാലങ്ങൾക്കുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ**

1618 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി റെയിൽവേ മേൽപ്പാലം നിർമ്മാണ നടപടികൾ വേഗത്തിലാക്കുന്നതിനായി സ്ട്രക്ച്ചറൽ വാല്യൂവേഷൻ നടപടികൾ ഉടൻ പൂർത്തിയാക്കി ഡി. വി. എസ്. തയ്യാറാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ;

(ബി) കോതനല്ലൂർ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള സമയപരിധി 20/09/2024 മുതൽ ആറു മാസത്തേക്ക് നീട്ടി നൽകിയ സാഹചര്യത്തിൽ, പദ്ധതിക്കായി അനുവദിച്ചിരുന്ന കണ്ടിജൻസി ഫണ്ട് കെ. ആർ. ഡി. സി. എൽ. ന്റെ എസ് ടി എസ് ബി 799011400007477 അക്കൗണ്ടിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), കോട്ടയത്തിന്റെ എസ് ടി എസ് ബി 708011400000279 അക്കൗണ്ടിലേക്ക് മാറ്റുന്നതിനും കോട്ടയം ജില്ലാ ട്രഷറിയിൽ ഫണ്ട് കൈമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിനും, സർവ്വെ നടപടികൾ അവസാനിപ്പിച്ച് എൽ.എ സബ് ഡിവിഷൻ സ്കെച്ച് അംഗീകരി ക്കുന്നതിനും ബി. വി. ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരി ക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള റവന്യൂ നടപടിക്രമങ്ങളിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ റിംഗ് റോഡ് വികസന പദ്ധതി**

1619 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതി വഴി നിർമ്മിക്കുന്ന റിംഗ് റോഡ് വികസന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാകും എന്ന് വിശദമാക്കാമോ?

**മഞ്ചേശ്വരം താലൂക്കിലെ ഭൂമി പതിച്ചുനൽകൽ**

1620 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ലാൻഡ് അക്വിസിഷൻ കമ്മിറ്റി തീരുമാനമായിട്ടും പട്ടയം ലഭിക്കാത്തവരുടെ ലാൻഡ് അക്വിസിഷൻ നമ്പർ അടക്കമുള്ള പേരുവിവരങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ബംബ്രാണ വില്ലേജിലെ എവർഷൈൻ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ കൈവശ ഭൂമിക്ക് രേഖ ലഭ്യമാക്കുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി

എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ടി ക്ലബ്ബിന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത താലൂക്കിൽ ആരാധനാലയങ്ങൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഭൂമി പതിച്ച് കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ; ബന്ധപ്പെട്ട അപേക്ഷകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

### ലാൻഡ് അക്വിസിഷൻ നടപടികളുടെ പൂർത്തീകരണം

1621 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് കോളേജിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടും അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ലാൻഡ് അക്വിസിഷൻ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

### കോഴിക്കോട് ജില്ലയിലെ പി.യു.കെ.സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

1622 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ പി.യു.കെ.സി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഏപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

### കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ നികുതി കെട്ടുണ്ടാത്ത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

1623 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കടവത്തൂർ ദേശത്ത് വർഷങ്ങളോളം നി.കെ. (നികുതി കെട്ടാത്തത്) ഭൂമിയായി ഉപയോഗശൂന്യമായി കിടക്കുന്ന സർവേ നമ്പർ 26/6-ൽപ്പെട്ട 1.27 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ?

### പാലാ റിവർവ്യൂ റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ

1624 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ റിവർവ്യൂ റോഡ് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനു സമീപം കോമളം ഹോട്ടൽ സ്ഥിതി ചെയ്യുന്ന ഏകദേശം രണ്ട് സെന്റ് സ്ഥലം നിർദ്ദിഷ്ട

എലവേറ്റഡ് ഹൈവേയുടെ സ്ഥലമെട്ടപ്പമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച എൽ. എ. നടപടികൾ വ്യക്തമാക്കാമോ; വർഷങ്ങളുടെ കാലതാമസം നേരിടുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി സ്ഥലം ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പാലാ ബൈപാസ് റോഡ് പൂർത്തീകരിക്കാൻ സ്ഥലം ഏറ്റെടുക്കൽ**

1625 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ബൈപാസ് റോഡ്, ഏറ്റുമാനൂർ പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംക്ഷനിൽ ശ്രീ. സാജൻ ഗീതാഞ്ജലി എന്ന ആളുടെ സ്ഥലം ഏറ്റെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; തുക അനുവദിച്ചിട്ടില്ലെങ്കിൽ തുക അനുവദിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**മുണ്ടൂർ–പുറ്റേക്കര ഭൂമി പുനരധിവാസ–പുന:സ്ഥാപന പാക്കേജ്**

1626 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.8 കിലോമീറ്റർ ദൂരം നാലുവരി പാതയായി വികസിപ്പിക്കാൻ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മുണ്ടൂർ-പുറ്റേക്കര ഭൂമി ഏറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കേണ്ടത് പരിഗണിച്ച് പുനരധിവാസ–പുന:സ്ഥാപന പാക്കേജ് അടിയന്തരമായി അംഗീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**തോട്ടഭൂമിയുടെ കൈമാറ്റം**

1627 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി കൈമാറ്റം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൈമാറ്റം ചെയ്ത് കിട്ടിയ തോട്ടഭൂമി പ്ലോട്ടുകളായി തിരിച്ച് വ്യക്തികൾക്ക് വീട് നിർമ്മിക്കാൻ ആധാരം രജിസ്റ്റർ ചെയ്ത് നൽകുന്നപക്ഷം ആയതിൽ വീട് നിർമ്മിച്ച് താമസിക്കുന്നവർക്ക് ഭാവിയിൽ എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതായി വരുമോ; തോട്ടഭൂമിയുടെ കൈവശക്കാരന് എന്തെങ്കിലും നിയമനടപടികൾ നേരിടേണ്ടതായി വരുമോ; വിശദമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ**

1628 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ നിന്ന് ഭൂമി തരംമാറ്റലിനായി ഇതുവരെ എത്ര അപേക്ഷകൾ നേരിട്ടും ഓൺലൈനായും ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ വില്ലേജ് തിരിച്ച് വിശദമാക്കാമോ?

**ചിറക്കൽ പഞ്ചായത്തിന് പൊതുശ്മശാനം**

1629 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറക്കൽ പഞ്ചായത്തിന് പൊതുശ്മശാനം നിർമ്മിക്കുന്നതിനായി റവന്യൂവകുപ്പ് സ്ഥലം വിട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) മേൽനടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സ്ഥലം വിട്ട് നൽകുന്നതിന് തടസങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

**ഭൂപതിവ് നിയമ/ചട്ട ഭേദഗതി**

1630 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപതിവ് നിയമ/ചട്ട ഭേദഗതി പ്രകാരം പട്ടയ ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങളും വീടുകളും ക്രമവത്കരിക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യക്കാമോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം ദുരന്ത നിവാരണ നിയമം ബാധകമാക്കിയ പഞ്ചായത്തുകളിലെ നിർമ്മാണങ്ങൾ ക്രമവത്കരിക്കാൻ കഴിയുമോ; എങ്കിൽ ഏത് അളവ് വരെയുള്ള നിർമ്മാണങ്ങളാണ് ക്രമവത്കരിക്കാൻ കഴിയുകയെന്ന് വിശദമാക്കാമോ?

**മൊഗ്രാൽ ഗവ. യുനാനി ആശുപത്രിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭൂമി**

1631 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി കൈമാറുന്നതിനുള്ള ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിക്ക് ഭൂമി എന്നേയ്ക്ക് അനുവദിക്കാൻ കഴിയുമെന്നുള്ളത് വ്യക്തമാക്കാമോ?

**എരുമേലി തെക്ക് വില്ലേജിലെ വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കാൻ നടപടി**

1632 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക് വില്ലേജിൽ വനം വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് നമ്പർ 27-ലെ റീസർവേ 12(1) ൽ ഉൾപ്പെട്ട 1.8250 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി തിരികെ എടുത്ത് സർക്കാർ ആവശ്യങ്ങൾക്കായി വിനിയോഗിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഇലക്ട്രോണിക് ക്ലസ്റ്റർ പദ്ധതി

1633 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളത്തിനായി കണ്ടെത്തി പിന്നീട് സർക്കാർ മിച്ചഭൂമിയാക്കിയ സ്ഥലത്ത് ഇലക്ട്രോണിക് ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ റവന്യൂ വകുപ്പ് എന്തെല്ലാം എതിർപ്പുകളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് വകുപ്പ് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സർക്കാർ ഭൂമി പാട്ടത്തിന് നല്കുന്നതിന് അനുമതി

1634 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡിന് സംസ്ഥാനത്ത് എവിടെയെങ്കിലും സർക്കാർ ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏത് നിരക്കിലാണ് പാട്ടം നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഭൂമിക്ക് പാട്ടകുടിശ്ശിക വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(ഇ) കോഴിക്കോട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി ഇന്ത്യൻ കോഫീ ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള മറ്റു തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## എക്സ്പ്ലോസിവ് റൂൾസ് 2008 ഭേദഗതി

1635 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്ലോസീവ് റൂൾസ് 2008 ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ 11.1.2024-ന് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ പല വ്യവസ്ഥകളും കേരളത്തിൽ വെടിക്കെട്ട്

നടത്തുന്നത് അസാധ്യമാക്കുന്ന തരത്തിലുള്ളതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് ചെറുപൂരങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സുരക്ഷിതമായി വെടിക്കെട്ട് നടത്താൻ സാധിക്കുന്ന തരത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമനിർമാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ജില്ലാ കളക്ടറേറ്റുകളിൽ വെടിക്കെട്ട് ലൈസൻസ് അനുവദിക്കുന്നതിന് ഏകജാലക സംവിധാനം (സിംഗിൾ വിൻഡോ സിസ്റ്റം) ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>റവന്യൂ വകുപ്പിലെ സോഫ്റ്റ് വെയർ തകരാർ</u>

1636 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ സോഫ്റ്റ് വെയർ തകരാറിൽ വലഞ്ഞ് ജനങ്ങൾ പ്രയാസം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുതായി നിർമ്മിച്ച വീടുകൾ ഉൾപ്പെടെ കെട്ടിട നമ്പർ കിട്ടാനുള്ള അപേക്ഷ നൽകിയിട്ടും ഒറ്റത്തവണ കെട്ടിട നികുതി ഒടുക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ജൂലൈ പകുതിയോടെ ഉണ്ടായ സാങ്കേതിക തകരാർ പരിഹരിക്കാത്തതിനാൽ താലൂക്ക് ഓഫീസിൽ എത്തുന്നവർക്ക് കൃത്യമായി മറുപടി നൽകാൻ അധികൃതർക്കാകുന്നില്ലെന്നത് ശരിയാണോ; ഒറ്റത്തവണ കെട്ടിടനികുതി ഒടുക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ഈ കാരണം കൊണ്ട് കെട്ടിക്കിടക്കുന്നതെന്ന് താലൂക്ക് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഒറ്റത്തവണ കെട്ടിട നികുതി അടയ്ക്കാനുള്ള കാത്തിരിപ്പിന് കാരണം സോഫ്റ്റ് വെയർ അപ്ഡേഷൻ പ്രവൃത്തി നടക്കുന്നതാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് എന്ന് പൂർത്തിയാകുമെന്ന് കൃത്യമായ ഉത്തരം നൽകാമോ?

## <u>ഉടുമ്പൻചോല മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ</u>

1637 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകളാണ് പ്രവർത്തിക്കുന്നത്; ഇതിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി ഉയർത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) രാജകുമാരി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിനുള്ള നടപടികൾ എത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) രാജകുമാരി വില്ലേജ് ഓഫിസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കാമോ?

## <u>രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി</u>

1638 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി ഗ്രാമപഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ (എൽ2/105/22) ഫയലിന്മേൽ വകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>പാലാ മിനി സിവിൽ സ്റ്റേഷൻ</u>

1639 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നെല്ലിയാനിയിൽ നിർമ്മാണം പൂർത്തീകരിച്ച മിനി സിവിൽ സ്റ്റേഷൻ നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിരവധി സർക്കാർ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയും ടൗണുകളിലെ സിവിൽ സ്റ്റേഷനുകൾ സ്ഥല പരിമിതികളാൽ വീർപ്പുമുട്ടുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സിവിൽ സ്റ്റേഷന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം</u>

1640 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ടുനൽകുന്നതിന് കോഴിക്കോട് കോർപ്പറേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>

1641 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുകയും വർഷവും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>കാട്ടാക്കട മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>

1642 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തുമ്മൽ, ഊരുട്ടമ്പലം, വിളപ്പിൽ, മലയിൻകീഴ്, വിളവൂർക്കൽ എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർനിർമ്മിച്ചതിന് ഓരോന്നിനും എത്ര രൂപ വീതമാണ് ചെലവായതെന്ന് വ്യക്തമാക്കാമോ; നിർമ്മിച്ച ഏജൻസി സംബന്ധിച്ചും ഓരോ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് വിവരങ്ങളും വിശദമാക്കാമോ;

(ബി) പള്ളിച്ചൽ വില്ലേജ് ഓഫീസിന് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

1643 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജ് ഓഫീസ്, മാറാക്കര വില്ലേജ് ഓഫീസ് എന്നിവയുടെ കെട്ടിട നിർമാണത്തിനായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കലക്ടറേറ്റും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശവും ആയത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) നടുവട്ടം, മാറാക്കര വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കാമോ; പ്രവൃത്തികൾ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

## കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷൻ

1644 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഓഫീസടക്കം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകൾക്ക് വേണ്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;വിശദാംശം ;

(ബി) ഇതിന് വേണ്ടി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ലഭ്യമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ ചേർന്ന യോഗങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ആയത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ;

(ഡി) ഏതെല്ലാം സ്ഥലങ്ങൾ ആയതിന് വേണ്ടി പരിശോധിച്ചിരുന്നുവെന്നും സ്ഥലം കണ്ടെത്തുന്നതിന് എന്ത് തീരുമാനമാണ് എടുത്തത് എന്നും വ്യക്തമാക്കുമോ;

(ഇ) കൊണ്ടോട്ടിയിൽ മിനി സിവിൽ സ്റ്റേഷന് സ്ഥലം യഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>ചവറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് അനുവദിയ്ക്കുന്നതുമായി ബന്ധപ്പെട്ട്</u>

1645 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) നിർമാണത്തിൽ ഇരിക്കുന്ന ചവറ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസ് അനുവദിയ്ക്കുന്നതിന് എത്ര ഓഫീസുകൾ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്; കുടുംബ കോടതിക്ക് ഓഫീസ് നൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ആകെ എത്ര ചതുരശ്ര അടിയുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്; നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പ്രകാരം എത്ര ചതുരശ്ര അടി ആവശ്യമുണ്ട്;

(ഡി) ടി അപേക്ഷകളിൽ തീരുമാനം എടുക്കാത്തതിനാൽ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>കോട്ടക്കൽ സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

1646 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ കേന്ദ്രീകരിച്ച് സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഭൂമി രജിസ്ട്രേഷൻ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിന് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറേറ്റും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) രജിസ്ട്രേഷൻ വകുപ്പിൽ നിന്നും മതിയായ ഭൂമി ലഭ്യമാക്കി കോട്ടക്കൽ സബ് ട്രഷറി ഉൾപ്പടെയുള്ള ഓഫീസുകൾ പ്രവർത്തിക്കുന്ന വിധം കോട്ടക്കൽ കേന്ദ്രീകരിച്ച് സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## <u>വില്ലേജ് ഓഫീസ് നവീകരണം</u>

1647 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

**ആലുവ വടക്കുംഭാഗം, കിഴക്കുംഭാഗം വില്ലേജുകളിലെ റവന്യൂ പുറമ്പോക്കുഭൂമി**

1648 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിലെ വടക്കുംഭാഗം, കിഴക്കുംഭാഗം വില്ലേജുകളിൽ റവന്യൂ പുറമ്പോക്കു ഭൂമിയുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വില്ലേജ് രേഖകൾ പ്രകാരം എതെല്ലാം സർവേ നമ്പറുകളിൽ എത്രവീതം റവന്യൂ പുറമ്പോക്ക് ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ?

**അയിലം സ്കൂളിന് ഭൂമി അനുവദിക്കാൻ നടപടി**

1649 **ശ്രീ വി ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ മുദാക്കൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അയിലം ഗവ. ഹയർ സെക്കൻഡറി സ്കൂളിന്റെ അധീനതയിലുണ്ടായിരുന്ന എത്ര സെന്റ് ഭൂമിയാണ് അയിലം പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്കൂളിനോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമി സ്കൂളിന് അനുവദിച്ചു കിട്ടുന്നതിനായി വകുപ്പ് മേധാവിയുടെ അർത്ഥനാപത്രം സഹിതം ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ച ഭൂമി കൈമാറ്റ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**ശ്രീമതി ധന്യാ അളകപ്പന്റെ പോക്കുവരവ് അപേക്ഷ**

1650 **ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ 37/7-1 സർവേ നമ്പറിൽപ്പെട്ട ഭൂമി അലൈൻമെന്റിൽ വന്ന മാറ്റം മൂലം പോക്കുവരവ് ചെയ്യാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ധന്യാ അളകപ്പൻ, പേരപ്പള്ളിൽ ഹൗസ്, പാണാവള്ളി എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണം**

1651 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണവും ചുറ്റുമതിൽ നിർമ്മാണവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് റവന്യൂ (എൽ) വകുപ്പിന്റെ ഫയൽ നമ്പർ എൽ 3/156/2024 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് തൃശ്ശൂർ ജില്ലാ കളക്ടറുടെ

കാര്യാലയത്തിൽനിന്നും സർക്കാരിലേക്ക് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് എപ്പോൾ ലഭ്യമായെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ടി പ്രവൃത്തി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

1652 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസായി നവീകരിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചത്; വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം നൽകാമോ; ഇതിൽ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം പ്രത്യേകമായി നൽകാമോ; വിശദമാക്കുമോ?

## ഹിൽമെൻ സെറ്റിൽമെന്റ്

1653 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട എത്ര ഹെക്ടർ ഭൂമിയാണ് ഉള്ളത്; ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിയുടെ ജില്ലയും താലൂക്കും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) അഗ്രി ( ഫോറസ്റ്റ് ജനറൽ ) വകുപ്പിന്റെ 24.7.1973-ലെ 250/1973 സർക്കാർ ഉത്തരവ് (കൈ ) നമ്പർ പ്രകാരം ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമി ഹിൽമെൻ, നോൺ ഹിൽമെൻ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ നടപടിക്രമങ്ങളും വിശദാംശങ്ങളും ലഭ്യമാക്കുമോ; ഹിൽമെൻ സെറ്റിൽമെന്റിൽ ഉൾപ്പെട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ?

## കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

1654 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിനായി ഓരോ വില്ലേജ് ഓഫീസിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സ്മാർട്ട് വില്ലേജ് ഓഫീസിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ നിന്നും ലഭ്യമാകുന്നത്;

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ ഇനി ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുവാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) കുന്നത്തുനാട് മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

1655 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത താലൂക്ക് രൂപീകരിക്കുന്നതിന് നിലവിൽ തടസങ്ങളുണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണത്തിന് ഭൂമി**

1656 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേറ്റുവ രാമുകാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണത്തിനായി ചലച്ചിത്ര വികസന കോർപ്പറേഷന് റവന്യൂ ഭൂമി അനുവദിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ചലച്ചിത്ര വികസന കോർപ്പറേഷന് ഭൂമി അനുവദിക്കുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

**എന്റെ ഭൂമി പോർട്ടൽ**

1657 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ എന്റെ ഭൂമി പോർട്ടൽ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

**മിച്ചഭൂമി പട്ടയം- കൈവശ സാധൂകരണം:**

1658 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കം വില്ലേജിൽ ചെറുകര മിച്ചഭൂമിയിൽ 27 പേരുടെ സാധൂകരണ അപേക്ഷ നിരസിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാമോ; സാധൂകരണം ആവശ്യമില്ലാത്തതിനെ തുടർന്ന് പോക്കുവരവ് ചെയ്യുന്നതിനായി വില്ലേജാഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ള 34 പേരുടെ അപേക്ഷയിൽ നടപടി എടുത്തിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കുമോ; ഇനിയും സാധൂകരണത്തിനായി അപേക്ഷ സമർപ്പിക്കാനുള്ള 37 ആളുകളുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? പ്രസ്തുത വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ നടുക്കുന്നിൻപുറം മിച്ചഭൂമിയിൽ 8 അപേക്ഷകരുടെ സാധൂകരണ അപേക്ഷ നിരസിച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാമോ; തീർപ്പാക്കാനുള്ള 18 കേസുകളിൽ സാധൂകരണ നടപടികൾക്കായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വ്യക്തികളുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ;

(സി) പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴ വില്ലേജിൽ ഉൾപ്പെട്ട റോസ് മലയിൽ 29/9/2023 ൽ നടത്തിയ അദാലത്തിൽ എത്ര പട്ടയ/പട്ടയ സാധൂകരണ അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ; ആയതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; അപേക്ഷകരുടെ മേൽവിലാസം ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ?

## ഡിജിറ്റൽ സർവ്വേ

1659 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സർവേ നമ്പർ പ്രകാരം ഭൂമി അളക്കുമ്പോൾ ഭൂവുടമയുടെ കൈവശമുള്ള ഭൂമി അളവിൽ കൂടുതലോ കുറവോ ആണെങ്കിൽ എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) അതിർത്തി തർക്കങ്ങൾ, തർക്കത്തിലുള്ള സ്ഥലങ്ങൾ എന്നിവ അളക്കുന്നതും തർക്കം പരിഹരിക്കുന്നതും എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) സർവേ പൂർത്തിയാക്കിയ ശേഷം ഭൂവുടമയ്ക്ക് അളവിൽ എന്തെങ്കിലും പ്രയാസങ്ങളുണ്ടെങ്കിൽ പരാതി നൽകാൻ സാധിക്കുമോ; അങ്ങനെയെങ്കിൽ ആർക്കാണ് പരാതി നൽകേണ്ടതെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമായി അറിയിക്കാമോ;

(ഡി) ഒരു ഡിജിറ്റൽ സർവേ ഔദ്യോഗികമായി പൂർത്തിയാക്കിയ ശേഷം അളക്കാത്ത സ്ഥലം ബാക്കിയുണ്ടെങ്കിൽ അത് അളക്കുന്നതിന് ഭൂവുടമയ്ക്ക് പിന്നീട് അവസരം നൽകുമോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം സർവ്വേ സംബന്ധിച്ച്

1660 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ തിരുവള്ളൂർ വില്ലേജിൽ സർവേ നടത്തിയതിൻപ്രകാരമുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ, ഭൂമിയുടെ വിസ്തൃതി സഹിതം അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## കുളത്തൂപ്പുഴയിലെ സർക്കാർ പുറമ്പോക്ക് ഭൂമി കൈമാറുന്നതിന് നടപടി

1661 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയോട് ചേർന്ന് ഉള്ള സർക്കാർ പുറമ്പോക്ക് സ്ഥലത്ത് നിന്നും കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള പത്തൊമ്പത് സെൻറ് സ്ഥലം കെ.എസ്.ഇ.ബി. ക്ക് കൈമാറുന്നതിന് ബഹു. ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ എടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ആരുടെ പരിഗണനയിൽ ആണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പുനലൂർ താലൂക്കിൽ കുളത്തൂപ്പുഴയിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ഭൂമിയിൽ നിന്നും കുളത്തൂപ്പുഴ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഭൂമി ആവശ്യപ്പെട്ടുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഡിജിറ്റൽ സർവ്വെയുടെ പൂർത്തീകരണം

1662 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവ്വെയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

## സ്വകാര്യ ഡിജിറ്റൽ സർവേയിംഗ് ഏജൻസികൾ

1663 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യമായി ഡിജിറ്റൽ സർവേയിംഗ് ജോലികൾ ചെയ്യുന്നതിന് വേതനം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജോലികൾ സ്വകാര്യമായി ചെയ്യുന്നതിന് അമിതമായ നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ഡിജിറ്റൽ സർവേ ഏജൻസികൾക്ക് പ്രസ്തുത ജോലിക്കുള്ള വേതന നിരക്ക് നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ ; വിശദവിവരം നൽകാമോ?

## ഡിജിറ്റൽ സർവേ

1664 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവേ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള വില്ലേജുകളിൽ ഡിജിറ്റൽ സർവേ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ;

(ബി) നോട്ടിഫൈ ചെയ്ത വില്ലേജുകളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന സർക്കാർ / സ്വകാര്യ ഭൂമിയുമായി തർക്കമുള്ള കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) നോട്ടിഫൈ ചെയ്ത വില്ലേജുകളിൽ ഡിജിറ്റൽ സർവേയിൽ കണ്ടെത്തുന്ന അധിക ഭൂമിക്കുള്ള കരം ഒടുക്കുന്നതിൽ ഉടമസ്ഥർക്ക് നിർദേശം നല്കിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഡിജിറ്റൽ റീ സർവ്വേ

1665 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്; ഇപ്പോൾ ഡിജിറ്റൽ റീസർവ്വേ നടന്നു കൊണ്ടിരിക്കുന്ന കണ്ണൂർ ജില്ലയിലെ വില്ലേജുകൾ ഏതൊക്കെയാണ്;

(ബി) ഡിജിറ്റൽ റീ സർവ്വേ പൂർത്തിയായ വില്ലേജുകളിൽ നിലവിലുള്ള സ്ഥലം കുറഞ്ഞവർക്കും കൂടിയവർക്കും ഏത് വിധത്തിലുള്ള പരിഹാര മാർഗ്ഗങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ഡിജിറ്റൽ റീസർവ്വേ നടപടികൾ

1666 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ നടപടികൾ എന്നാണ് ആരംഭിച്ചത് എന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിജിറ്റൽ റീസർവ്വേ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നടന്നുവരുന്ന ഡിജിറ്റൽ റീസർവ്വേ കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സർവ്വേ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഡിജിറ്റൽ റീസർവ്വേ സഹായകമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വേലി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകളിൽ നടപടി

1667 **ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റലിനായി ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീരുമാനമെടുക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭൂമി തരം മാറ്റാനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും പരിശീലനവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തരംമാറ്റൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>വടക്കേക്കളം പ്ലാന്റേഷൻ ഭൂമി</u>

1668 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ മിച്ച ഭൂമിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ തുടരുന്ന സി.ആർ.പി. (എൽ.ആർ.)44/2013 നമ്പർ കേസുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ പൂർത്തിയാക്കി പ്ലാന്റേഷൻ ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ?

## <u>ഭവനനിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തിക</u>

1669 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ, ആസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും മറ്റ് ഓഫീസുകളിലുമായി ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ഓരോ ഓഫീസുകളിലും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിലെ പുതിയ ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും ഇനി എത്ര പുതിയ ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കുമോ;

(ഡി) ഈ തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും അറിയിക്കുമോ;

(ഇ) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എം.എൻ.ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി

1670 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൻ.ലക്ഷം വീട് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ചേലേമ്പ്ര, പള്ളിക്കൽ, ഗ്രാമ പഞ്ചായത്തുകളിലെ എം.എൻ ലക്ഷം വീടുകളിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി പുനരുദ്ധാരണം നടത്തുന്നതിന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികളിലെ ഇത്തരം വീടുകൾ പുനരുദ്ധാരണം നടത്തുന്നതിന് ഭവന നിർമ്മാണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ ആനങ്ങാടി-കടലുണ്ടി നഗരം ഫിഷറീസ് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് മുഖേനേ നടപടി സ്വീകരിക്കുമോ;

(ഡി) എം.എൻ. ലക്ഷം വീട് കോളനിയിലെ ഭൂവുടമകൾക്ക് അവരുടെ ഭൂമി അതിർത്തി നിർണ്ണയിച്ച് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾ ഭൂരേഖാ വിഭാഗത്തിന് നൽകിയ അപേക്ഷ പരിഗണിച്ച് അതിർത്തി നിർണ്ണയിച്ച് നൽകുന്നത് ത്വരിതപ്പെടുത്തുമോ?

## ചങ്ങനാശ്ശേരി റവന്യൂ ടവർ നവീകരണം

1671 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരിയിലെ റവന്യൂ ടവർ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടവറിന്റെ നവീകരണത്തിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

1672 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കിയതും നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പേരിലുള്ള ആസ്തി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ഗസ്റ്റ് ഹൗസുകൾ, ഹോസ്റ്റലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ (സ്ഥലം,

സൗകര്യങ്ങൾ, വാടക, നിബന്ധനകൾ) ലഭ്യമാക്കാമോ;

(ഡി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ഗസ്റ്റ് ഹൗസുകൾ, ഹോസ്റ്റലുകൾ എന്നിവയിൽ ഏറ്റവും അവസാനം നടത്തിയ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**തളിപ്പറമ്പ് മണ്ഡലത്തിലെ ഫ്ലഡ് റോഡ് പദ്ധതി**

1673 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിൽ ഫ്ലഡ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾ നവീകരിച്ചിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ച് നൽകാമോ?

**ദുരന്ത നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

1674 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും ലഭ്യമാക്കാമോ?

**റവന്യൂ ഭൂമിയിലെ അപകടകരമായ മരങ്ങൾ**

1675 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമിയിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമാകാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്തനിവാരണ നിയമപ്രകാരം ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട തഹസിൽദാർമാർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) അതിന്മേൽ നാളിതുവരെ ഫണ്ട് അനുവദിക്കാത്തതിന്റെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തുന്ന അപകടകരമായ മരങ്ങൾ ഉടൻ വെട്ടിമാറ്റാൻ അടിയന്തരമായി ആവശ്യമായ ഫണ്ട് അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**വണ്ടൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

1676 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതു വരെ വണ്ടൂർ മണ്ഡലത്തിൽ കെട്ടിടങ്ങളുടെ പുനരുദ്ധാരണം, പുതിയ കെട്ടിടം നിർമ്മിക്കൽ, റോഡുകളുടെ പുനരുദ്ധാരണം എന്നിങ്ങനെ റവന്യൂ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ടി പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) 2016 മെയ് മാസം മുതൽ നാളിതു വരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷ കെടുതിയിൽ കൃഷിനാശവും കെട്ടിടനാശവും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ചവരുടെ എണ്ണവും അവർക്ക് ഓരോരുത്തർക്കും എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നും വർഷാടിസ്ഥാനത്തിൽ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2016 മെയ് മാസം മുതൽ നാളിതു വരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷ കെടുതിയിൽ കൃഷി നാശവും കെട്ടിടനാശവും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ച എത്ര പേർക്ക് എത്ര തുക വീതം നഷ്ടപരിഹാരം നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ഡി) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ കാലവർഷ കെടുതിയിൽ തകർന്ന റോഡുകൾ, പാലങ്ങൾ ഉൾപ്പെടെയുള്ള വിവിധ പ്രവൃത്തികൾക്ക് അനുവദിച്ച തുകയും പ്രവൃത്തിയുടെ പേരുൾപ്പെടെയുള്ള വിശദാംശവും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ടി പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**<u>പട്ടാമ്പി നിയോജക മണ്ഡലത്തിലെ പ്രളയ ഫണ്ട് പുരോഗതി വിവരം</u>**

1677 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ പട്ടാമ്പി നഗരസഭ, പട്ടാമ്പി ബ്ലോക്കിലെ ഓങ്ങല്ലൂർ, കുലുക്കല്ലൂർ, വിളയൂർ, കൊപ്പം, മുതുതല എന്നീ ഗ്രാമ പഞ്ചായത്തിലും വല്ലപ്പുഴ ബ്ലോക്കിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലും പ്രളയ ഫണ്ടിൽ നിന്നും എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് സഹിതം വിവരം ലഭ്യമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും റോഡുകൾക്ക് എത്ര രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ?

**<u>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ</u>**

1678 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 2020 മുതൽ 2025 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ

ഏതൊക്കെയാണ്; ആയതിന്റെ വിശദവിവരങ്ങൾ, ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലാ കളക്ടേറ്റിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പാറശാല മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി ലഭ്യമാക്കാൻ ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ പാറശാല, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും കളക്ടേറ്റിൽ ലഭിച്ച തീയതി, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

**<u>ഉരുൾപൊട്ടലിൽ സ്വർണ്ണം നഷ്ടപ്പെട്ടത് തിരികെ കിട്ടുന്നതിന് നടപടി</u>**

1679 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ 16.10.2021 ന് ഉണ്ടായ ഉരുൾപൊട്ടലിൽ മരിച്ചുപോയ സിനി, ഭർത്താവ്, മക്കൾ എന്നിവരുടെ കുടുംബത്തിന്റെ സ്വർണ്ണാഭരണങ്ങൾ കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും തിരികെ നൽകണമെന്ന സിനിയുടെ പിതാവ് ശ്രീ. സേവ്യർ ജോർജിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മട്ടന്നൂർ മണ്ഡലത്തിൽ പ്രകൃതിക്ഷോഭ ധനസഹായം അനുവദിക്കൽ</u>**

1680 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2025 ജൂലൈ മാസത്തിൽ ഉണ്ടായ ശക്തമായ കാറ്റിൽ വീടിനു മുകളിൽ മരം വീണ് മരണപ്പെട്ട എനിയാടൻ ചന്ദ്രന്റെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**<u>മണ്ണിടിച്ചിൽ മേഖലയിൽ നിന്നും മാറ്റിപ്പാർപ്പിക്കൽ</u>**

1681 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ, കുറുമ്പലങ്ങോട് വില്ലേജിൽ ഉൾപ്പെട്ട മുട്ടിയേൽ, ചെട്ടിയാം പാറ എന്നീ സ്ഥലങ്ങളിൽ 2018-19 കാലഘട്ടത്തിലുണ്ടായ ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലും മൂലം 10 കുടുംബങ്ങളെ അവിടെ നിന്നും മാറ്റി പാർപ്പിക്കണമെന്നാവശ്യപ്പെട്ട് ജില്ല കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവരിൽ എത്ര കുടുംബങ്ങളെ പ്രസ്തുത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇനിയും പ്രസ്തുത പ്രദേശത്ത് എത്ര കുടുംബങ്ങൾ ബാക്കിയുണ്ടെന്നും അവരെ മാറ്റി പാർപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പുനരധിവാസം എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ സുനാമി ഫ്ലാറ്റുകൾ

1682 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ സുനാമി ഫ്ലാറ്റുകൾ എവിടെയെല്ലാമാണെന്നും ഈ ഫ്ലാറ്റുകളിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സുനാമി ഫ്ലാറ്റുകൾ അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സുനാമി ബാധിതർക്ക് മാത്രമേ സുനാമി ഫ്ലാറ്റുകൾ അനുവദിക്കൂ എന്ന നിബന്ധന കാരണം അവരുടെ അഭാവത്തിൽ അർഹരായ മറ്റ് വിഭാഗക്കാർക്ക് ഇത് നൽകാൻ സാധിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തത വരുത്തുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് ഫീസിളവ്

1683 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഭൂമി രജിസ്ട്രേഷന് ഫീസിളവ് നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്നും ആയതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## പാലക്കാട് മണ്ണാർക്കാട് മൂപ്പിൽ നായരുടെ തണ്ടപ്പേരുള്ള ഭൂമി രജിസ്ട്രേഷൻ

1684 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ണാർക്കാട് മൂപ്പിൽ നായരുടെ തണ്ടപ്പേരുള്ള ഭൂമിയിൽ ഈ സർക്കാരിന്റെ കാലത്ത് അഗളി സബ് രജിസ്ട്രാർ ഓഫിസിൽ എത്ര ആധാരം രജിസ്റ്റർ ചെയ്തിരുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) മുൻ ആധാരം ഇല്ലാതെ എങ്ങനെയാണ് ഭൂമി രജിസ്റ്റർ ചെയ്തത് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) മൂപ്പിൽ നായരുടെ അവകാശികൾ എന്ന് അവകാശപ്പെടുന്ന വ്യക്തികൾ 21-10-2023 മുതൽ നാളിതുവരെ നടത്തിയ ഭൂമി രജിസ്ട്രേഷൻ വിവരങ്ങൾ, കൈമാറിയ വ്യക്തികൾ, ഭൂമി വാങ്ങിയ വ്യക്തികൾ, ആധാരം നമ്പർ, വിസ്തീർണ്ണം, രജിസ്ട്രേഷൻ നടന്ന തീയതി എന്നിവ ലഭ്യമാക്കാമോ;

(ഡി) അട്ടപ്പാടിയിൽ മണ്ണാർക്കാട് മൂപ്പിൽ നായർ ഏത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 575 ഏക്കർ ഭൂമി വിൽപ്പന നടത്തിയതെന്ന് രജിസ്ട്രേഷൻ വകുപ്പിലെ ഡെപ്യൂട്ടി ഐ.ജി (തൃശ്ശൂർ) റിപ്പോർട്ട് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ഏത് വർഷത്തിലെ ഏത് കോടതി ഉത്തരവിലാണ് മൂപ്പിൽ നായർക്ക് 575 ഏക്കർ

ഭൂമിയുണ്ടെന്ന് പ്രസ്താവിച്ചത് എന്ന് വ്യക്തമാക്കാമോ;

(എഫ്) മൂപ്പിൽ നായർക്ക് ഭൂമിയിൽ ഉടമസ്ഥതയുണ്ടെന്നുള്ള കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം

1685 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ അസ്സലാധാരം സ്കാൻ ചെയ്ത് സർവറിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ തികച്ചും അപ്രസക്തമായ ഫയലിംഗ് ഷീറ്റ് സംവിധാനം ഒഴിവാക്കാൻ ആരാണ് തടസ്സം നിൽക്കുന്നതെന്നും എന്താണ് തടസ്സത്തിന് കാരണമെന്നും വ്യക്തമാക്കാമോ;

(ബി) വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാത്തതിനാലും ഫയലിംഗ് ഷീറ്റ് സംവിധാനം ഒഴിവാക്കാത്തതിനാലും അസ്സലാധാരം ഫയലിംഗ് ഷീറ്റുമായി ഒത്തുനോക്കേണ്ടി വരുന്നതുമൂലവും പുറത്തെഴുത്ത് പകർത്തിയെഴുതേണ്ടി വരുന്നതുമൂലവും വകുപ്പിലെ ജീവനക്കാരുടെ വിഭവശേഷി അനാവശ്യമായി പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് നടപടി

1686 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം കൈമാറി നൽകിയെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സബ് രജിസ്ട്രാർ ഓഫീസ് നിർമ്മിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കാമോ; ആയതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വെള്ളറട സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

1687 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കം ചെന്നതും അസൗകര്യങ്ങൾ ഉള്ളതുമായ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പൂഞ്ഞാർ സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

1688 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

1689 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തം കെട്ടിടം

1690 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർ ഓഫീസുകളും സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സർക്കാർ കെട്ടിടങ്ങളിലല്ലാതെ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) എല്ലാ രജിസ്ട്രാർ ഓഫീസുകൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം

1691 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുമറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റ പ്രവൃത്തികൾ എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഉണ്ടായ ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) മ്യൂസിയം സജ്ജീകരണത്തിനായി ലഭ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം

നൽകാമോ;

(ഇ) ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## വലിയ തമ്പുരാൻ കോവിലകം ഏറ്റെടുക്കുന്നതിന് നടപടി

1692 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ വലിയ തമ്പുരാൻ കോവിലകം സർക്കാർ ഏറ്റെടുക്കുന്നതിനായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

## മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷിത പ്രവൃത്തികൾ

1693 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ സംരക്ഷിത പ്രവൃത്തികൾക്കായി അനുമതി ലഭ്യമായ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
12-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].